● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2023 ● മാർച്ച് - ഏപ്രിൽ ● പുസ്തകം: 06 ● ലക്കം: 02 ● RNI Regn No: KERMAL/2017/73545



# നോമ്പ്: സ്വയം നവീകരിക്കാൻ

**ഓരോ നോമ്പുകാലവും ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം സമഗ്രമായ ആത്മവിശകലനത്തിന് പ്രേരണയാകേണ്ടതുണ്ട്. ബാഹ്യമായ നോമ്പ് അനുഷ്ഠാനത്തിൽ മാത്രം ശ്രദ്ധിക്കാതെ ഓരോരുത്തരും സ്വയം നവീകരിക്കാൻ കൂടി സന്നദ്ധമാകുന്നതോടെ ദൈവവുമായുള്ള ബന്ധം ക്രമീകരിക്കാനും പുനർനിർവചിക്കാനും കഴിയും**



**കവർ സ്റ്റോറി**

ഡോ. ടോണി കോഴിമണ്ണിൽ
ഡീൻ ഓഫ് സ്റ്റഡീസ്,
പിഒസി, കൊച്ചി

കോവിഡ് കാലഘട്ടത്തിൽ നാം പരിചയപ്പെട്ട ഒരു പദമുണ്ട് – ക്വാറന്റിൻ. ജറീക്കോയ്ക്ക് സമീപമുള്ള ഒരു മലയുടെ പേര് ജബൽ ക്വാറന്റൽ (ക്വാറന്റൽ മല) എന്നാണ്. 360 മീറ്റർ ഉയരമുള്ള ഈ മലയിൽ വച്ചാണ് യേശുനാഥൻ പിശാചിനാൽ പരീക്ഷിക്കപ്പെട്ടതെന്നാണ് പാരമ്പര്യം. ക്വാറന്റേന എന്ന ലത്തീൻ പദത്തിൽ നിന്നാണ് അറബിച്ചുവയുള്ള ക്വാറന്റൽ എന്ന പദമുണ്ടായത്. നാൽപ്പത് എന്ന അർത്ഥം വരുന്ന യേശുവിന്റെ ഉപവാസ നാളുകളെ ഈ പദം സൂചിപ്പിക്കുന്നുണ്ട്. പിൽക്കാലത്ത് പകർച്ചവ്യാധികളിൽ നിന്നുള്ള ഒറ്റപ്പെടുത്തൽ എന്ന അർത്ഥത്തിൽ ഈ പദം ലോകമാകെ പ്രചാരത്തിലായി. കൊറോണക്കാലത്തെ ഒറ്റപ്പെടുത്തൽ നമ്മെ ഏകാന്തതയിലേക്കും നിശബ്ദതയിലേക്കും കൊണ്ടുപോയോ? യഥാർത്ഥത്തിൽ മതത്തിന്റെ ആന്തരികതയിലേക്ക് പിന്തിരിയാനുള്ള കാലമായിരുന്നില്ലേ അത്?

ഓരോ നോമ്പുകാലവും ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം സമഗ്രമായ ആത്മവിശകലനത്തിന് പ്രേരണയാകേണ്ടതുണ്ട്. നോമ്പ് അനുഷ്ഠാനത്തിന്റെ ബാഹ്യമായവയിൽ മാത്രം ശ്രദ്ധിക്കാതെ ഓരോരുത്തരും സ്വയം നവീകരിക്കാൻ സന്നദ്ധമാകുന്നതോടെ ദൈവവുമായുള്ള നമ്മുടെ ബന്ധം ക്രമീകരിക്കാനും പുനർനിർവചിക്കാനും നമുക്ക് കഴിയും. വേദപുസ്തകത്തിൽ ഈ സന്ദർഭത്തെ കൂടുതൽ വ്യക്തമാക്കാൻ കഴിയുന്ന ഒരു പ്രവാചകനുണ്ട് – ജെറമിയ. ബാബിലോണിയൻ പ്രവാസകാലഘട്ടത്തിൽ മതജീവിതത്തെ ആന്തരികമായി പ്രവാചകൻ വ്യാഖ്യാനിക്കുന്നത് നമുക്ക് വായിക്കാൻ കഴിയും. (ജെറെ. 31–33) ഏകാന്തതയിലും മൗനത്തിലുമായിരുന്നു യേശുനാഥന്റെ പ്രാർത്ഥനാവേളകൾ കൂടുതലും. മരുഭൂമിയിൽ, മലമുകളിൽ, ഒലിവ് തോട്ടത്തിൽ (മർക്കോ, 1–35,6–46,14–32, ലൂക്കാ 5–16,6–12,9–18,11–1) തുടങ്ങിയ സ്ഥലങ്ങളിലായിരുന്നുയേശു പ്രാർത്ഥിച്ചിരുന്നതെന്ന് സുവിശേഷകന്മാർ സാക്ഷ്യപ്പെടുത്തുന്നു.

നോമ്പുകാലത്തിന്റെ ഉള്ളറകൾ നമുക്ക് കാണിച്ചുതരുന്ന മറ്റൊരു പ്രവാചകനാണ് ജോയേൽ. "നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്. നിങ്ങൾ ദൈവമായ കർത്താവിലേക്ക് മടങ്ങുവിൻ" (ജോയേൽ 2–13) എന്ന വാക്യം തന്നെ നമ്മുടെ ആന്തരികമായ മാനസാന്തരത്തിലേക്കുള്ള ചൂണ്ടുപലകയാണ്.

## നോമ്പിന്റെ ഉദ്ദേശ്യവും ലക്ഷ്യവും

മതാനുഷ്ഠാനങ്ങളും ആചാരങ്ങളും വളരെയേറെ വാണിജ്യവത്കരിക്കപ്പെടുന്നുവെന്ന ആരോപണങ്ങളുടെ നിറംകെട്ട തോരണങ്ങൾ നമുക്ക് ചുറ്റുമുണ്ട്. പ്രായശ്ചിത്തംകൊണ്ടും തപശ്ചര്യംകൊണ്ടും ആത്മബലം നേടി ദേവന്മാരെ വരുതിയിലാക്കിയെന്ന് അഹങ്കരിക്കുന്ന ചമയപ്പൊലിമകളും ചിലപ്പോഴെങ്കിലും നമ്മുടെ കൺമുമ്പിലുണ്ട്. നല്ല മതാനുയായിയാണെന്നഹങ്കരിക്കുന്ന ഫരിസേയ വേഷങ്ങളുണ്ട് (ലൂക്കാ–19) നോമ്പിനെക്കുറിച്ചുള്ള ഈ വ്യാഖ്യാന നിർവചന വൈകല്യങ്ങൾക്കു മധ്യേ നോമ്പിന്റെ ക്രിസ്തീയ ഭാഷ്യത്തിന്റെ സാക്ഷികളാകാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. നോമ്പനുഷ്ഠാനത്തിന്റെ പൊള്ളത്തരം വരച്ചുകാട്ടിയ ഏശയ്യാ പ്രവാചകൻ ചില ഇടർച്ചകളെ ഓർമിപ്പിക്കുന്നുമുണ്ട്. സ്വന്തം സ്വാർത്ഥസുഖങ്ങൾ നേടുകയും, ഭൃത്യരെ പീഡിപ്പിക്കുകയും ചെയ്യുന്ന ഉപവാസശൈലിയെ പ്രവാചകൻ പരിഹസിക്കുന്നു. ഒരു ദിവസത്തേക്കോ, അൻപതുദിവസത്തേക്കോ ഒരുവനെ എളിമപ്പെടുത്തുന്നതല്ല ഉപവാസമെന്നും ഞാങ്ങണപോലെ തലകുനിക്കുന്നതും ചാക്കുടുത്ത് ചാരം വിതറി കിടക്കുന്നതുമല്ല ഉപവാസമെന്നും പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. തന്നെയും താൻ ജീവിക്കുന്ന സമൂഹത്തെയും വരിഞ്ഞു മുറുക്കിയിരിക്കുന്ന പാപനാശത്തിന്റെ കെട്ടുകൾ പൊട്ടിക്കാൻ നിനക്ക് കഴിയണം. വിശക്കുന്നവന്റെ മുൻപിലിരിക്കുന്ന ഒഴിഞ്ഞ പാത്രവും നിന്റെ മുമ്പിലുള്ള വിഭവസമൃദ്ധമായ പാത്രവും തമ്മിലുള്ള അതിർത്തിരേഖ ഇടിഞ്ഞുവീഴുമ്പോഴാണ് നിന്റെ ഉപവാസം പൂർണ്ണമാകുന്നതെന്ന് പ്രവാചകൻ വിളിച്ചുപറയുന്നു. സ്വന്തം ഹൃദയാങ്കണത്തിലേക്ക് അരികുവത്ക്കരിക്കപ്പെട്ടവരെ സ്നേഹപൂർവ്വം ചേർത്തുപിടിച്ച് ആനയിച്ചിരുത്താൻ കഴിയുന്നില്ലെങ്കിൽ നിന്റെ ഉപവാസം ദൈവതിരുമുമ്പിൽ പ്രീതികരമാകുന്നതെങ്ങനെയെന്ന് പ്രവാചകൻ ചോദിക്കുന്നു.

*(മൂന്നാം പേജിൽ തുടരും)*

**പേജ് 7: മെഡിക്കൽ പ്രവേശനത്തിന് നീറ്റ്**

## എഡിറ്റോറിയൽ

● പുസ്തകം: 6 ● ലക്കം: 2

# മാലിന്യം നിറഞ്ഞ് മാലിന്യസംസ്കരണം

കുറെ ദിവസങ്ങളായി അശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ചർച്ചയിലാണ് കേരളം. എങ്ങനെ ശാസ്ത്രീയമായി മാലിന്യസംസ്കരണം നടത്താം എന്ന പഠനങ്ങൾ പലതും നടന്നിട്ടുണ്ടെങ്കിലും ശാസ്ത്രീയമായ മോഡലുകൾ പലതും കണ്ടു ബോധിച്ചിട്ടുണ്ടെങ്കിലും അതൊക്കെ നടപ്പാക്കാൻ രാഷ്ട്രീയത്തിന്റെ മാലിന്യം നിറഞ്ഞ ശൈലികൾ തടസ്സമാവുകയാണ്. വ്യക്തി പ്രീണനത്തിന്റെയും സ്വജന പക്ഷപാതത്തിന്റെയും ഇടങ്ങളായി നമ്മുടെ ഭരണ സംവിധാനങ്ങൾ മാറിക്കഴിഞ്ഞാൽ നാടിന്റെ വികസനം എങ്ങനെ സാധ്യമാകും?

മാലിന്യസംസ്കരണത്തിന്റെ അശാസ്ത്രീയത പല വിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് വഴി തെളിക്കാം എന്നതിന്റെ പേരിലാണ് ഇപ്പോൾ നടക്കുന്ന കോലാഹലങ്ങൾ. എന്നാൽ പുക ഉയരും വരെ ഇതൊന്നും ആരുടേയും ശ്രദ്ധയിൽപ്പെടാതിരുന്ന കാര്യങ്ങൾ അല്ലല്ലോ? കൊച്ചി കോർപറേഷന് 100 കോടി രൂപ പിഴ ചുമത്തി എന്ന് പറയുമ്പോൾത്തന്നെ ഈ ഒരു വിഷയത്തിന്റെ സാമൂഹികാഘാതം എത്രയോ ഭീകരമാണ്. പല തവണ ഗ്രീൻ ട്രിബ്യൂണലും ഹൈക്കോടതിയും മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ് ബ്രഹ്മപുരം മാലിന്യ സംസ്കാരണ പ്ലാന്റിന്റെ പ്രവർത്തനത്തിലെ അപാകതയെക്കുറിച്ച്. പക്ഷേ, അതൊക്കെ ചെവിക്കൊള്ളാൻ അധികാരത്തിന്റെ ധാർഷ്ട്യം നമ്മുടെ ഭരണാധികാരികൾക്ക് തടസ്സവുകയാണ്.

ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് തങ്ങൾ എന്ന് നമ്മുടെ ഭരണാധികാരികൾ മറന്നു പോവുകയാണോ? നടപ്പിലാക്കുന്ന പദ്ധതികളുടെ വിജയകരമായ തുടർച്ചയും നടപ്പിലാക്കാൻ സാധിക്കാത്തവയെക്കുറിച്ചുള്ള ശരിയായ വിശകലനങ്ങളും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വ്യക്തിപരമായോ സംഘടനാപരമായോ നേട്ടം ലഭിക്കാത്ത ഒന്നിനും തങ്ങൾ കൂട്ട് നിൽക്കില്ല എന്നൊരു നെറികെട്ട രീതിയിലേക്കല്ലേ നമ്മുടെ നാട്ടിലെ രാഷ്ട്രീയം അധഃപതിക്കുന്നത്? അങ്ങനെയെങ്കിൽ ആദ്യം സംസ്കരിക്കപ്പെടേണ്ടത് ഇത്തരം മലിനത നിറഞ്ഞ രാഷ്ട്രീയ ശൈലികളാണ്. രാഷ്ട്രീയത്തിലെ ഇത്തരം മാലിന്യ നിലപാടുകളും ശൈലികളും തിരുത്തപ്പെട്ടാൽ മാത്രമേ നാടിന് വികസനം ഉണ്ടാകു. ഭരണ സംവിധാനങ്ങളിലെ ദുർഗന്ധം വമിക്കുന്ന മാലിന്യങ്ങൾ തുത്തെറിയപ്പെട്ടാൽ മാത്രമേ ഇവിടുത്തെ മാലിന്യ സംസ്കരണം പോലും വെടിപ്പാകൂ.

# ആത്മീയതയുടെ വസന്തം: നോമ്പുകാലം



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

ക്രൂശിതനായ ക്രിസ്തുവിന്റെ വിരിച്ചുവയ്ക്കപ്പെട്ട കരങ്ങളിൽ നോട്ടമുറപ്പിച്ച്, വലിയ സ്നേഹത്തോടെ അവിടുത്തെ തിരുരക്തത്തെപ്പറ്റി ധ്യാനിച്ച് വിശുദ്ധീകരിക്കപ്പെട്ട് പുതിയ വ്യക്തിയായിത്തീരാൻ ഓരോരുത്തരും പരിശ്രമിക്കുന്ന നോമ്പുകാലത്തിലൂടെ നാം കടന്നു പോവുകയാണ്. തിന്മയെ ഉപേക്ഷിച്ചു നന്മയിൽ വളരുവാൻ നമ്മെ ഓർമ്മപ്പെടുത്തുന്ന ആത്മീയതയുടെ വസന്തകാലമാണിത്. ദൈവത്തിന്റെ അനന്തമായ കരുണയെ ധ്യാനിച്ച് പാപബോധത്തിന്റെയും പശ്ചാത്താപത്തിന്റെയും നിമിഷങ്ങളായി ഈ ദിനങ്ങൾ മാറട്ടെ. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്ക് പ്രവേശിച്ച ഈശോയെ പോലെ നമ്മളും പാപത്തിന് മരിച്ച് നിത്യജീവനിലേക്ക് പ്രവേശിക്കാൻ സാധിക്കണമെങ്കിൽ നോമ്പുകാലത്തിന്റെ യഥാർത്ഥ ആത്മീയത നാം തിരിച്ചറിയണം.

'തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു' (യോഹ. 3:16). ദൈവം, യേശുക്രിസ്തുവിലൂടെ ലോകത്തെ തന്നോട് അനുരഞ്ജിപ്പിക്കുകയും മനുഷ്യവംശത്തെ പാപത്തിന്റെ ബന്ധനത്തിൽ നിന്ന് വീണ്ടെടുക്കുകയും ചെയ്തു. ഈശോയുടെ പീഢാസഹനവും മരണവുമെല്ലാം പിതാവായ ദൈവം മനുഷ്യകുലത്തെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് പഠിപ്പിച്ചു. പാപത്തിന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന മനുഷ്യനുവേണ്ടിയാണ് പുത്രനായ ഈശോ ഈ ഭൂമിയിലേക്ക് വന്നത്. മനുഷ്യമക്കൾക്ക് രക്ഷ സമ്മാനിക്കാൻ തന്റെ ഏകജാതനെവരെ അവിടുന്ന് മരണത്തിന് ഏൽപ്പിച്ചു കൊടുത്ത പിതാവിന്റെ സ്നേഹം ഉൾക്കൊണ്ട് വിശുദ്ധിയിൽ ജീവിക്കുവാൻ നമുക്ക് ഈ കാലയളവിൽ ശ്രമിക്കാം. തന്റെ പുത്രനെ നൽകാൻ തക്കവിധം ഈ ലോകത്തെ സ്നേഹിച്ച ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കാം.

കൃപയുടെ നിറവിന്റെ കാലമാണിത്. ദൈവത്തോടുകൂടെ ആയിരിക്കുമ്പോഴാണ് കൃപയുടെ അനുഭവം ലഭ്യമാകുന്നത്. ദൈവത്തിന്റെ സാന്നിധ്യത്തിൽ നമ്മളിലുള്ള അന്ധകാരം ദുരീകരിക്കുവാൻ സാധിക്കും. മനുഷ്യനെ അവന്റെ പഴയ ചെയ്തികളോടെ ഉരിഞ്ഞു കളഞ്ഞു പുതിയ മനുഷ്യനായിത്തീരാനുള്ള അനുഗ്രഹീത അവസരമാണിത്. ഒരു പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനമെന്ന് ഈ നോമ്പിന്റെ ദിനങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. (ഗലാ. 6 :15 )

പാപമേഖലകളെ ഉപേക്ഷിച്ച് വിശുദ്ധിയിലേക്കുള്ള വിളിയോട് മുഴുഹൃദയത്തോടെ പ്രതികരിക്കുവാനുള്ള സമയമാണിത്. 'നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം – അസൻമാർഗികത, അശുദ്ധി, മനക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധനയായ ദ്രവ്യാസക്തി ഇവയെല്ലാം നശിപ്പിക്കുവിൻ.... അമർഷം, ക്രോധം, ദുഷ്ടത, ദൈവദൂഷണം അശുദ്ധ ഭാഷണം തുടങ്ങിയവ വർജിക്കുവിൻ. പരസ്പരം കള്ളം പറയരുത്. പരസ്പരം കള്ളം പറയരുത്. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടെ നിഷ്കാസനം ചെയ്യുവിൻ' (കൊളോ: 3:5–9).

ക്രിസ്തുവിന്റെ പീഡാസഹനങ്ങളെ ധ്യാനിക്കുന്ന നോമ്പുകാലം പ്രത്യാശയുടെ ബാലപാഠങ്ങളും നമ്മെ ബോധ്യപ്പെടുത്തുന്നു. ഈശോയുടെ പീഢാസഹനവും മരണവും ഒരന്ത്യമായിരുന്നില്ല. മറിച്ച് ഉത്ഥിതനേകുന്ന പ്രത്യാശയുടെ ആരംഭമാണത്. ഈ ലോകത്തിലെ സഹനങ്ങൾക്കും വിലാപങ്ങൾക്കുമപ്പുറം ക്രിസ്തുവിന്റെ ഉയിർപ്പേകുന്ന പ്രത്യാശ നാം സ്വന്തമാക്കേണ്ടിയിരിക്കുന്നു.

പ്രകൃതി ദുരന്തങ്ങളും മഹാമാരിയും കാർഷികവിളകളുടെ വിലയിടിവും നാശവും നമ്മെ നിരാശപ്പെടുത്തുമ്പോൾ ഉത്ഥിതനായ ദൈവത്തിൽ നമുക്ക് പ്രത്യാശവയ്ക്കാം. നമ്മെ കീഴടക്കുന്ന പ്രതിസന്ധികളിലും പ്രതിബന്ധങ്ങളിലും ആർജ്ജവത്തോടെ ഉത്ഥിതനേകുന്ന പ്രതീക്ഷയിൽ ജീവിക്കാം. സഹനങ്ങളും ഞെരുക്കങ്ങളും ഈ ജീവിതയാത്രയിൽ പിന്നോട്ട് വലിക്കാതെ ഉൾക്കരുത്തോടെ ഉത്ഥിതനെ മുറുകെ പിടിച്ച് ജീവിതത്തോണി തുഴയാം; കാറ്റു കോളും തളർത്തുമ്പോൾ യുഗാന്ത്യം വരെ നമ്മോടു കൂടെയുണ്ടാകുമെന്ന് വാഗ്ദാനം ചെയ്ത നാഥൻ അമരത്തുണ്ടെന്ന പ്രത്യാശയോടെ ജീവിക്കാം.

# സത്യത്തിലേക്കുള്ള മടക്കയാത്ര



## അകം പുറം

കെ. എഫ്. ജോർജ്

നോമ്പുകാലം സത്യത്തിലെത്താനുള്ള സമയം – വിഭൂതി ബുധൻ സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ ലോകത്തെ ഓർമിപ്പിച്ചു. ഒരു കുറവുമില്ലാത്തവരായി ലോകത്തിനു മുമ്പിൽ പ്രത്യക്ഷപ്പെടാൻ അണിഞ്ഞിരിക്കുന്ന മുഖംമൂടികൾ അഴിച്ചു മാറ്റേണ്ട കാലമാണിത്.

അങ്ങനെ ഓരോരുത്തരും യഥാർത്ഥ സത്തയിലേക്ക് തിരിച്ചെത്തുമ്പോൾ അത് ദൈവത്തിലേക്കും സഹജീവികളിലേക്കുമുള്ള മടങ്ങിവരവു കൂടിയായിത്തീരുന്നു.

പൊടിയിൽ നിന്ന് ഉയിർകൊണ്ട്, പൊടിയായി മടങ്ങേണ്ടവരാണെന്ന സത്യം ഓർമിക്കുന്ന ദിവസം. ദൈവവുമായി രമ്യതപ്പെടുമ്പോൾ പരിശുദ്ധാത്മാവായ അഗ്നി ചാരത്തിൽ ജ്വലിച്ചുയരുന്നു. ദൈവത്തോടു കൂടിയാണെങ്കിൽ ചാരത്തിൽ നിന്ന് ഉയർത്തെണീക്കും. അല്ലെങ്കിൽ വെറും ചാരമായി ഒടുങ്ങും – മാർപാപ്പ സന്ദേശത്തിൽ ചൂണ്ടിക്കാട്ടുന്നു.

സത്യം – രണ്ടക്ഷരം മാത്രമുള്ള കുഞ്ഞു വാക്ക്. എന്നാൽ അതിലേക്ക് എത്താനും അതനുസരിച്ച് ജീവിക്കാനും അത്ര എളുപ്പമല്ല.

ഗാന്ധിജിക്ക് ജീവിതം തന്നെ സത്യാന്വേഷണമായിരുന്നു. അതിനായി ഏതു പരീക്ഷണത്തിനും മഹാത്മാവ് സന്നദ്ധനായി.

സത്യത്തിന്റെ പ്രവേശന കവാടം സ്വർണപ്പാത്രത്താൽ മൂടപ്പെട്ടിരിക്കുന്നു എന്ന് ഉപനിഷത്തിൽ പറയുന്നു. വിശ്വസാഹിത്യകാരൻ ടോൾസ്റ്റോയിയും സത്യത്തെ സ്വർണമായി വ്യാഖ്യാനിച്ചു. സ്വർണമല്ലാത്തതെല്ലാം കഴുകിക്കളയുമ്പോൾ തെളിഞ്ഞു വരുന്ന തനിത്തങ്കമാണ് അദ്ദേഹത്തിന് സത്യം. സത്യം ഒരാളെ സ്വതന്ത്രനാക്കുന്നു. പിന്നീട് അയാളെടുക്കുന്ന ഏതു ഭാരവും ലഘുവായി അനുഭവപ്പെടും.

മരണശിക്ഷ മുന്നിൽ കണ്ടു നിൽക്കുമ്പോൾ യേശു പറയുന്നു – 'ഞാൻ ഈ ലോകത്തിലേക്കു വന്നത് സത്യത്തിനു സാക്ഷ്യം നൽകാനാണ്. സത്യത്തിൽ നിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു.'

അപ്പോൾ പീലാത്തോസിന്റെ ചോദ്യം – 'എന്താണ് സത്യം?'

സത്യമെന്താണെന്ന് പീലാത്തോസിന് ഒട്ടും അറിയാത്തതല്ല. പീലാത്തോസ് നേരത്തെ ചോദിച്ച പല ചോദ്യങ്ങളും പ്രസ്താവനകളും അതിന് അടിവരയിടുന്നു. പക്ഷേ, മനഃസാക്ഷി മന്ത്രിക്കുന്ന സത്യവും റോമൻ ഗവർണറെന്ന അധികാര സ്ഥാനവും തട്ടിച്ചു നോക്കിയപ്പോൾ ഇപ്പോഴും ഭൂരിഭാഗം ഭരണാധികാരികളും ചെയ്യുന്നതു പോലെ കൈകഴുകി ഒഴിഞ്ഞു മാറി. നീതിമാനെന്നു സർട്ടിഫിക്കറ്റ് നൽകിയാണ് കുരിശുമരണത്തിന് വിട്ടുകൊടുക്കുന്നത്. അധികാരത്തിലുള്ളവർ ഇന്നും പ്രയോഗിക്കുന്ന രാഷ്ട്രീയ തന്ത്രം!

സത്യത്തിലെത്താൻ ആ പ്രയാണത്തിൽ ഉയരുന്ന പ്രലോഭനങ്ങളെയും പരീക്ഷണങ്ങളെയും മറികടക്കേണ്ടിയിരിക്കുന്നു. യേശു നേരിട്ട പരീക്ഷണങ്ങളിൽ മനുഷ്യജീവിതം ചെന്നുപെടുന്ന എല്ലാ പ്രലോഭനങ്ങളുടെയും സത്ത ഉൾച്ചേർന്നിരിക്കുന്നു.

കല്ലിനെ അപ്പമാക്കുക, തിന്മയുടെ വഴിയിലൂടെ കീർത്തിയും അധികാരവും കരസ്ഥമാക്കുക. ദേവാലയഗോപുര മുകളിൽ നിന്നു ചാടി അത്ഭുതം കാണിക്കുക – പ്രലോഭനങ്ങളുടെ സുന്ദര പ്രതീകങ്ങൾ ഇവിടെ നിരക്കുന്നു.

ആവശ്യമില്ലാത്ത എന്തെല്ലാം കാര്യങ്ങളാണ് നമ്മളെ ആകുലരാക്കുന്നത്? അനാവശ്യ തിരക്കുകൾ നമ്മെ നാമല്ലാതാക്കുന്നു. ബഹളങ്ങളിൽ നിന്ന് അകന്ന് മൗനിയാകാനുള്ള ക്ഷണമാണ് ആത്മീയത. ആ വഴി തെരഞ്ഞെടുത്തവർ മുനിയായി ഉയരുന്നു. ഏകാന്തതയിലാണ് നമ്മുടെ യാഥാർത്ഥ ദിശ വെളിപ്പെടുക.

അങ്ങനെ നേരിലേക്കുള്ള മടക്കയാത്ര തുടങ്ങുമ്പോൾ പ്രലോഭനങ്ങളും ശക്തമാകും. ഒന്നും കഴിക്കാതെ, മരുഭൂമിയിൽ നാൽപതുദിവസം ഒറ്റയ്ക്കു കഴിഞ്ഞപ്പോഴാണ് യേശുവിനെ പ്രലോഭകൻ സമീപിക്കുന്നതെന്ന് ഓർക്കാം.

ചുറ്റുമുള്ള എന്തിനെയും സ്വന്തം നേട്ടത്തിന് അനുകൂലമാക്കിയെടുക്കാൻ തത്രപ്പെടുന്നവർ കല്ലുകളെ അപ്പമാക്കാൻ ശ്രമിക്കുന്നവരാണ്. ആഡംബരവും ധൂർത്തും പാപമാണെന്ന് മറക്കുന്നു. അസാധാരണ ഉയർച്ചകൾക്കു പിന്നിൽ അധാർമികതയുടെ കരകൾ ഒളിഞ്ഞിരിക്കുന്നു.

മനുഷ്യന്റെ എല്ലാ വിശപ്പും മാറ്റാൻ ഭൗതികമായി ലഭിക്കുന്ന അപ്പത്തിന് ഒരിക്കലും കഴിയില്ല.

പരസ്യ ജീവിതകാലത്ത് 'അത്ഭുതം പ്രവർത്തിക്കൂ' എന്നത് യേശു നിരന്തരം കേട്ട അഭ്യർത്ഥനയാണ്. കുരിശിൽ കിടക്കുമ്പോൾ സ്വയം രക്ഷിക്കാൻ ഇവനു കഴിയുന്നില്ലല്ലോ എന്ന പരിഹാസവുമുണ്ടായി. അത്ഭുത പ്രവർത്തകർക്കാണ് ഇപ്പോഴും വലിയ ഡിമാന്റ്. എന്നാൽ യേശുവിന്റെ വഴി ഇതായിരുന്നില്ല.

സാധാരണ ജീവിതം തൃപ്തിയിൽ ജീവിക്കുമ്പോൾ ജീവിതത്തിന് അർത്ഥമുണ്ടാകുന്നു. എല്ലാ അനുഭവങ്ങളെയും എളിമയിൽ സ്വീകരിക്കുന്നവന് കുരിശനുഭവത്തിനിടയിലും ഉള്ളം നിറയുന്ന സംതൃപ്തി ഉണ്ടാകും.

സത്യത്തിലേക്കുള്ള മടക്കയാത്ര ആദിമ നിഷ്കളങ്കതയിലേക്കുള്ള തിരിച്ചുവരവാണ് – സ്രഷ്ടാവിനെ അറിഞ്ഞ് ആനന്ദം അനുഭവിക്കാനുള്ള തീർത്ഥയാത്ര.

# ദൈവാനുഭവത്തിലേക്ക് ആന്തരികതീർത്ഥാടനം

**ഭക്ഷണപാനീയങ്ങളും മത്സ്യമാംസാഹാരങ്ങളും നിയന്ത്രിക്കുന്നതിലൂടെ ശരീരവും ആത്മാവും ശുദ്ധീകരിക്കുന്നതായി ആരോഗ്യ ശാസ്ത്രം തന്നെ സമ്മതിച്ചിട്ടുള്ളതാണ്. എങ്കിലും നോമ്പ് ആത്മാവിനെ ശുദ്ധീകരിക്കുന്നുവെന്ന് സമ്മതിച്ചുതരാൻ പുതുതലമുറ സന്നദ്ധരായേക്കില്ല. ശരീരത്തിന്റെ മേദസ്സ് കുറയ്ക്കുന്നതിനല്ല നോമ്പ്; മനസിന്റെ അഹം ക്രമീകരിക്കാനും ശുദ്ധീകരിക്കാനുമാണ്**

*(ഒന്നാം പേജിൽ നിന്ന് തുടർച്ച)*

പൗരസ്ത്യ, പാശ്ചാത്യ ആദ്ധ്യാത്മിക പിതാക്കന്മാർ നോമ്പും ഉപവാസവും ഇന്ദ്രീയനിഗ്രഹവുമെല്ലാം ദൈവാനുഗ്രഹത്തിലേക്കുള്ള ആന്തരീക തീർത്ഥാടനമാണെന്ന് പഠിപ്പിക്കുന്നു. പൗരസ്ത്യ ധ്യാനോപാസകനായ ഡയനീഷ്യസിന്റെ പ്രബോധനങ്ങളിൽ ശുദ്ധീകരണം, പ്രകാശവത്ക്കരണം, പൂർണ്ണവത്ക്കരണം (purification, illumination, perfection) എന്നിങ്ങനെയുള്ള ത്രിതല ആത്മീയസമരത്തെ കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ഇതിൽ ശുദ്ധീകരണമെന്ന പ്രക്രിയ പൂർണ്ണമാകുന്നത് നോമ്പിലൂടെയും ഉപവാസത്തിലൂടെയുമാണെന്ന് ഡയനീഷ്യസ് പഠിപ്പിക്കുന്നു. ഭക്ഷണപാനീയങ്ങളും മത്സ്യമാംസാഹാരങ്ങളും നിയന്ത്രിക്കുന്നതിലൂടെ ശരീരവും ആത്മാവും ശുദ്ധീകരിക്കുന്നതായി ആരോഗ്യ ശാസ്ത്രം തന്നെ സമ്മതിച്ചിട്ടുള്ളതാണ്. എങ്കിലും നോമ്പ് ആത്മാവിനെ ശുദ്ധീകരിക്കുന്നുവെന്ന് സമ്മതിച്ചുതരാൻ പുതുതലമുറ സന്നദ്ധരായേക്കില്ല. ശരീരത്തിന്റെ മേദസ്സ് കുറയ്ക്കുന്നതിനല്ല നോമ്പ്. മനസിന്റെ അഹം ക്രമീകരിക്കാനും ശുദ്ധീകരിക്കാനുമാണ് നോമ്പ് ഉതകേണ്ടത്.

സുറിയാനി ആധ്യാത്മികപിതാക്കന്മാരാകട്ടെ, ദൈവസായൂജ്യത്തിന്റെ ഈ പടികളെ ശരീരത്തിന്റെ മാർഗ്ഗം, ജീവന്റെ മാർഗ്ഗം, ആത്മാവിന്റെ മാർഗ്ഗം എന്നീതലങ്ങളിലായാണ് വിവരിച്ചിട്ടുള്ളത്. നോമ്പും ഉപവാസവും ശരീരത്തിന്റെ ആസക്തികളെ ജയിക്കാൻ സഹായിക്കുമെന്ന് നിനവേയിലെ വിശുദ്ധ ഐസക്കിന്റെ പ്രബോധനമുണ്ട്. വിശുദ്ധൻ പറയുന്നു; “ധനവും വസ്തുക്കൾ സ്വരുക്കൂട്ടുവാനുമുള്ള ആസക്തി, ശരീരത്തിന്റെ അത്യാഗ്രഹങ്ങൾ വർദ്ധിപ്പിക്കലും അതിൽ നിന്ന് ഉദ്ഭൂതമാകുന്ന ജഡികവികാരങ്ങളും അസൂയയുടെ ഉറവിടമായ ബഹുമതികൾക്കും അംഗീകാരങ്ങൾക്കും വേണ്ടിയുള്ള ആഗ്രഹം. ഭരണനിർവഹണ മേഖലകളോടുള്ള അമിത താത്പര്യവും അഹങ്കാരവും, അധികാരത്തിന്റെ ഗർവ്വും, സുഭഗസൗന്ദര്യവും, ജനപ്രീതിയുമെല്ലാമാണവ” ഈ ആത്മീയ പ്രതിസന്ധി മറികടക്കാനായാൽ നമുക്ക് ജീവന്റെയും പരിശുദ്ധാത്മാവിന്റെയും മാർഗത്തിലേക്ക് പ്രവേശിക്കാൻ കഴിയുമെന്ന് ഐസക്ക് പിതാവ് പറയുന്നു.

## ആത്മീയ മരുയാത്രയുടെ കാലം

നിയമാവർത്തന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു; “ഇതാ ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും മരണവും തിന്മയും വച്ചിരിക്കുന്നു. ഏത് തെരഞ്ഞെടുക്കണം? ജീവനും മരണവും അനുഗ്രഹവും ശാപവും നിന്റെ മുമ്പിൽ വച്ചിരിക്കുന്നു.” (30–15, 16–19) ഓരോ ക്രിസ്തീയ വിശ്വാസിയും ആത്മീയ മരുയാത്രയിലേക്ക് പ്രവേശിക്കുന്ന നാളുകളാണ് നോമ്പുകാലം. ഒന്ന് സങ്കൽപ്പിക്കൂ: മരുഭൂമിയുടെ വിജനത, മണൽക്കാറ്റിന്റെ സീൽക്കാരം, ഒറ്റപ്പെടലിന്റെ ഗുഹാനുഭവം അങ്ങനെ മിശിഹാ തമ്പുരാന്റെ 40 ദിവസത്തെ ഉപവാസക്കാലം കഴിഞ്ഞാണ് പരീക്ഷകളെത്തുക, വിശന്നുപൊരിയുന്ന വയറിനു മുമ്പിൽ ഈ കല്ലുകൾ അപ്പമാക്കിക്കൂടെ എന്ന പിശാചിന്റെ ചോദ്യമുന അടിച്ചുപരത്തുന്ന മറുപടിവചനങ്ങൾ നമുക്ക് പരിചിതമാണ്. ദേവാലയഗോപുരം വിസ്മയാവതരണവേദിയാക്കിമാറ്റാനുള്ള ക്ഷണത്തോടും യേശുനാഥന്റെ പ്രതികരണം നമ്മുടെ ചിന്തകളിലുണ്ടാകണം. എല്ലാം തരാം നീ എന്നെ ആരാധിക്കൂ എന്ന പൈശാചിക ആഹ്വാനത്തെയും യേശുക്രിസ്തു കണക്കിനു പരിഹസിക്കുന്നു. സുഖസന്തോഷങ്ങളുടെ പട്ടുമെത്തയേക്കാൾ, പിതൃഹിതത്തിന്റെ ഗാഗുൽത്തായാത്രയുടെ സൂചന ഇവിടെ പിശാചിനെ വല്ലാതെ ഭയപ്പെടുത്തുന്നുണ്ട്, മുറിവേൽപ്പിക്കുന്നുണ്ട്. തന്റെ വാഗ്ദാനങ്ങളുടെ വാൾത്തലപ്പുകൾ കൊണ്ട് സ്വയം മുറിവേറ്റ് മടങ്ങുന്ന പിശാചിനപ്പുറം, ദൈവഹിതങ്ങളുടെ കൊടിയേറ്റം നമുക്ക് കാണാൻ കഴിയുന്നു.



ശരിതെറ്റുകൾ തെരഞ്ഞെടുക്കാനുള്ള ദൈവനിശ്ചയങ്ങളുടെ ശിലാലിഖിതങ്ങൾ മനുഷ്യഹൃദയങ്ങളിൽ കുറിച്ചിട്ടുണ്ടെന്ന് വിശുദ്ധ പൗലോസ് എഴുതിയിട്ടുണ്ട്. (റോമ 1–20:21)അറിവും അധ്യാപനവും പ്രയോഗവും അഭ്യസനവും വഴിതെറ്റുന്നിടത്ത് ജഡിക മനുഷ്യന്റെ ചമയം പൂർത്തീകരിക്കപ്പെടുന്നതായി റോമാക്കാർക്കുള്ള ലേഖനത്തിൽ അപ്പസ്തോലൻ വീണ്ടും വിവരിക്കുന്നു.(7–14:19)

## ആത്മീയ പുതുജന്മത്തിന്റെ ഒരുക്കം പോലെ നോമ്പ്

ജ്ഞാനസ്നാനം സ്വീകരിക്കുന്നവർക്കുള്ള ഒരുക്കകാലഘട്ടമായിട്ടാണ് നോമ്പ് കാലം അനുഷ്ഠിച്ച് തുടങ്ങിയതെന്ന് സഭാചരിത്രത്തിലുണ്ട്. പൗരാണിക കാലഘട്ടത്തിൽ മൂന്ന് വർഷം നീളുമായിരുന്ന ഈ ഒരുക്കകാലഘട്ടം. കുടുംബത്തിലെ ഒരാൾ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനായി കുടുംബം പൂർണ്ണമായിത്തന്നെ ഏറ്റെടുത്തിരുന്നു. സ്നാനാർത്ഥികൾ ദൈവവചന പ്രബോധന ശ്രവണത്തിനും അതുവഴി മാനസാന്തര മനോഭാവങ്ങളിലേക്കും വരുമ്പോൾ, മറ്റ് കുടുംബാംഗങ്ങൾ തങ്ങൾ മാമ്മോദീസയിലൂടെ കൈവരിച്ച പുതുജന്മത്തിന്റെ വളർച്ച കൂടുതൽ ത്വരിതപ്പെടുത്താനുള്ള നാളുകളായി ഈ കാലഘട്ടത്തെ കണ്ടിരുന്നു. സാത്താന്മാരേയും അവന്റെ ദൂതന്മാരേയും ഉപേക്ഷിക്കുന്നതോടൊപ്പം അബദ്ധ പ്രബോധനങ്ങളെ ഉപേക്ഷിക്കാനും പ്രാചീന സഭകൾ ജാഗ്രത പുലർത്തി.

കോവിഡിനുശേഷം ദൈവം എന്തിന് ഇതെല്ലാം അനുവദിച്ചുവെന്ന് സന്ദേഹ നാളുകളിൽപ്രാചീന സഭകൾ പുലർത്തിയ അബദ്ധ പ്രബോധനങ്ങളെക്കുറിച്ചുള്ള ജാഗ്രത നാം വീണ്ടെടുക്കേണ്ടതുണ്ട്. സത്യവിശ്വാസത്തിന് വിരുദ്ധമായ എല്ലാ പ്രബോധനങ്ങളെയും ഉപേക്ഷിക്കുന്നു എന്നതിന്റെ ഭാഗമായിക്കൂടി സ്നാനാർത്ഥികൾക്ക് പ്രബോധനശ്രവണകാലഘട്ടം (catehuminate) നിശ്ചയിച്ചിരുന്നതായി സഭാരേഖകളിലുണ്ട്.

നമ്മുടെ സത്യവിശ്വാസപ്രബോധ പരിശീലന കാലഘട്ടത്തോടുള്ള യഥാർത്ഥമായ പക്ഷം ചേരലാണ് നമുക്ക് ഇന്ന് ഏറെ ആവശ്യം. ആത്മീയമായ നിരക്ഷരതയിലേക്ക് ദൈവജനം വീണുപോകാതിരിക്കാൻ യഥാർത്ഥ സത്യാരാധനയുടെ മാർഗങ്ങളിലേക്കുള്ള വഴിവിളക്കുകൾ കൊളുത്തിവയ്ക്കാൻ സഭ ബാദ്ധ്യസ്ഥയാണ്. ദൈവാരാധനയും പരീക്ഷണങ്ങളെ നേരിടുന്നുണ്ട് വചനത്തെ മറച്ചുകൊണ്ടും വളച്ചുകൊണ്ടും അരങ്ങേറുന്ന നവകൂടാരക്കാഴ്ച്ചകളിൽ സത്യാരാധന പലപ്പോഴും ബഹിഷ്കൃതമാകുന്നു. നമ്മുടെ ലിറ്റർജിയിൽ ദൈവവചനത്തിന് പ്രഥമസ്ഥാനമുണ്ട്. വിശുദ്ധ കുർബാനയുടെ ആദ്യപകുതിയിൽ ഏറെയും വചന ലിറ്റർജിയാണ്. യാമപ്രാർത്ഥനകളും വചനശുശ്രൂഷകൾ തന്നെ. ലിറ്റർജിയിലെ വചനശ്രവണമെന്നത് കർത്തൃസാന്നിധ്യത്തിലുള്ള ശുശ്രൂഷയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ വചനത്താൽ ശുദ്ധീകരിക്കപ്പെട്ടാണ് നാം ബലിക്ക് അണയുന്നതെന്നത് ഗ്രഹിക്കേണ്ടതുണ്ട്.

*(നാലാം പേജിൽ തുടരും)*



# തപസ്സുകാല അനുതാപം; കൃപാവരങ്ങളുടെ ചൈതന്യം

**തപസ്സുകാല അനുതാപത്തിന്റെയും സിനഡാത്മക സഞ്ചാരത്തിന്റെയും ഏകലക്ഷ്യം വ്യക്തിപരവും സഭാപരവുമായ രൂപാന്തരീകരണമാണെന്ന് പാപ്പ പറയുന്നു. ഇവ രണ്ടിലും ഉൾച്ചേർന്നിരിക്കുന്നത് പരിവർത്തനത്തിന്റെ മാതൃകയും യേശുവിന്റെ രൂപാന്തരണവും തന്നെ**

*(മൂന്നാം പേജിൽ നിന്ന് തുടർച്ച)*

ഉത്തരാധുനികതയുടെ ഈ നാളുകളിൽ ദൈവജനമാകുന്ന സഭയുടെ സത്യപ്രഘോഷണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ വിജയിക്കണമെങ്കിൽ നമ്മുടെ പങ്കാളിത്തം അനിവാര്യമാണ്. ഉത്തമ പ്രബോധനങ്ങളുടെ വേദികൾ ചുരുങ്ങുകയും, പ്രാർത്ഥിക്കുന്നതെല്ലാം നേടിത്തരുമെന്ന വാഗ്ദാനങ്ങളുടെ സൂപ്പർമാർക്കറ്റ് ശൈലി വ്യാപകമാവുകയും ചെയ്യുമ്പോൾ നമ്മുടെ വിശ്വാസജീവിതം കൂടുതൽ പരീക്ഷണങ്ങൾക്ക് വിധേയമായേക്കാം. സഭാത്മകമായ സത്യപ്രബോധനം അനാകർഷകവും പിന്തിരിപ്പനുമാണെന്ന പ്രചാരണത്തെ തള്ളിക്കളഞ്ഞ് ദൈവാരാധനയുടെ ഹൃദയകൂടാരങ്ങളുടെ കൂടിവരവുകൾ ക്രിസ്തീയ സമൂഹങ്ങളിൽ സൃഷ്ടിക്കപ്പെടണം. കുടുംബത്തിലും നമ്മുടെ മക്കളുടെ കൈവശമുള്ള നവമാധ്യമങ്ങളിലും സത്യസ്നേഹ ധർമ്മാദികളുടെ സാന്നിധ്യമുണ്ടാകാനുള്ള പ്രവർത്തനം നമ്മുടെ കുടുംബങ്ങളിലും കലാലയങ്ങളിലും കൂടുതൽ ത്വരിതപ്പെടുത്തണം. കുടുംബ ഇടവക ലൈബ്രറികൾ, ക്രിസ്തീയബോധന പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം, ദൈവവചന-സഭാപ്രബോധന പാരായണ വേദികൾ തുടങ്ങി ദേവാലയകേന്ദ്രീകൃതമായ ദൈവസ്നേഹ കൂടാരങ്ങൾ കൂടുതലായി നമുക്ക് പണിതുയർത്താൻ കഴിയണം.



## പാപ്പയുടെ നോമ്പുകാല സന്ദേശം

ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാല സന്ദേശത്തിൽ ആധുനിക മനുഷ്യന്റെ വിഹ്വലത കാണാം. പാപ്പ എഴുതുന്നു. "ആരാധന ക്രമത്തിലെ ഈ കാലഘട്ടത്തിൽ കർത്താവ് നമ്മെ തന്നോടൊപ്പം വേറൊരു സ്ഥലത്തേക്ക് മാറ്റി നിറുത്തുന്നു. നമ്മുടെ സാധാരണയുള്ള ചുമതലകൾ നാം സാധാരണയായി ആയിരിക്കുന്നിടത്തു തന്നെ നിലകൊള്ളാനും നാം പലപ്പോഴും ആവർത്തിച്ചു ചെയ്യുന്നതും വിരസത ഉളവാക്കുന്നതുമായ ദൈനംദിന പ്രവൃത്തികൾ നിർവഹിക്കാനും നിർബന്ധിക്കുമ്പോൾ യേശുവിനോടൊത്ത് ഒരു ഉയർന്ന മലയിലേക്ക് കയറിപ്പോകാനും അങ്ങനെ ദൈവത്തിന്റെ വിശുദ്ധ ജനമെന്ന നിലയ്ക്ക് സവിശേഷമായ ഒരു ആധ്യാത്മിക അച്ചടക്കത്തിന്റെ അനുഭവത്തിൽ ജീവിക്കാനുമായി തപസ്സുകാലം നമ്മെ ക്ഷണിക്കുന്നു."

തപസ്സുകാല അനുതാപത്തിന്റെയും സിനഡാത്മക സഞ്ചാരത്തിന്റെയും ഏകലക്ഷ്യം വ്യക്തിപരവും സഭാപരവുമായ രൂപാന്തരീകരണമാണെന്ന് പാപ്പ പറയുന്നു. ഇവ രണ്ടിലും ഉൾച്ചേർന്നിരിക്കുന്നതും പരിവർത്തനത്തിന്റെ മാതൃകയും യേശുവിന്റെ രൂപാന്തരണവും തന്നെ. ഇതിനായി പാപ്പ രണ്ട് പാതകൾ നിർദേശിക്കുന്നുണ്ട്. "ഇവനെ ശ്രവിക്കുവിൻ" (മത്തായി 17-5) എന്ന വചനമാണ് ആദ്യം. വിശുദ്ധ ലിഖിതങ്ങൾക്കു പുറമേ, നമ്മുടെ സഹോദരീസഹോദരന്മാരെയും നാം ശ്രവിക്കണം. ഈ പരസ്പര ശ്രവണം ചില ഘട്ടങ്ങളിലെ ആദ്യ ലക്ഷ്യമായിട്ടാണ് പാപ്പ അടയാളപ്പെടുത്തുന്നത്.

ദൈവത്തോടൊപ്പമായിരിക്കുന്നതും ധ്യാനിക്കുന്നതും അതിൽത്തന്നെ ഒരു ലക്ഷ്യമായി കരുതരുത്. കൂട്ടായ്മയുടേതായ ശക്തമായ അനുഭവങ്ങൾ ലഭ്യമായാൽ തന്നെയും അതൊരു ലക്ഷ്യസ്ഥാന പ്രാപ്തിയായി ക്രൈസ്തവർ കാണരുത്. നമുക്ക് അനുഭവവേദ്യമായ കൃപാവരങ്ങളിലൂടെ അടിവാരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയണം. നമ്മുടെ സമൂഹങ്ങളിൽ സാധാരണ ജീവിതത്തിലെ സിനഡാത്മകതയുടെ ശിൽപ്പികളാകാൻ ദൈവം നമ്മെ ശക്തരാക്കട്ടെയെന്ന് പാപ്പ പ്രത്യാശിക്കുന്നു.

പാത്മോസ് ദ്വീപിൽ കൊടുംചൂടിൽ പാറപൊട്ടിച്ചുകൊണ്ടിരിക്കവേയാണ് യോഹന്നാൻ ശ്ലീഹാ സ്വർഗീയ ജറുസലെം സ്വപ്നം കണ്ടത്. അതിരൂക്ഷമായ നേത്രരോഗത്താൽ വലഞ്ഞനാളുകളിലാണ് വിശുദ്ധ ഫ്രാൻസിസ് അസീസി സൂര്യകീർത്തനം രചിച്ചത്. മനുഷ്യനേത്രങ്ങൾക്ക് ദൃശ്യമായ സഹനത്തിന്റെ ഉൾക്കാമ്പുകളിലുള്ള ദൈവിക സ്നേഹത്തിന്റെ തേൻതുള്ളികൾ രുചിച്ചറിയാനുള്ള നൊമ്പരനാളുകളാണ് നോമ്പ്. ദൈവത്തോടൊപ്പം ദൈവരാജ്യ നിർമ്മിതിക്കായുള്ള മരുഭൂ അനുഭവമാണ് ഉപവാസം. മുന്നിൽ മാനുഷികമായ കണ്ണുകളിൽ തെളിയുന്ന തീച്ചൂളകൾക്കപ്പുറത്തേക്ക് കണ്ണുകളുയർത്താൻ നമുക്ക് കഴിയുന്നുണ്ടോ? ആ മനഃസാന്നിധ്യമാണ് ദൈവത്തോടൊപ്പമുള്ള വാസം അഥവാ ഉപവാസം. ഒരിക്കലും മറക്കരുതാത്ത ക്രിസ്തീയ എഞ്ചുവടിയുടെ പ്രഥമ അക്ഷരസംഖ്യാ സംഗമങ്ങളിൽ നമ്മുടെ വിശ്വാസത്തിന്റെ ഉണർത്തുപാട്ടുകൾ ഉള്ളിലുയരട്ടെ.

പൗരസ്ത്യ ക്രിസ്തീയ ആധ്യാത്മികതയുടെ മഹാഗുരുവായ മാർ അപ്രേമിന്റെ നോമ്പുകാല പ്രാർത്ഥന ഭക്തിപൂർവം നമുക്ക് ഏറ്റു ചൊല്ലാം:

*എന്റെ ജീവിതത്തിന്റെ ഉടയവനും നാഥനുമായ ദൈവമേ, എന്നിൽ നിന്ന് മന്ദതയുടെ അരൂപിയും ദുർബലഹൃദയവും അധികാരാസക്തിയും അലസഭാഷണവും എടുത്തു മാറ്റണമേ പകരം എന്റെ നാഥനും രാജാവുമായവനേ നിന്റെ ദാസനു ശുദ്ധതയുടെ അരൂപിയും എളിമയും ക്ഷമയും നൽകേണമേ സ്വന്തം തെറ്റുകൾ തിരിച്ചറിയാനും എന്റെ സഹോദരനെ വിധിക്കാതിരിക്കാനും എന്നെ അനുഗ്രഹിക്കണമേ എന്തുകൊണ്ടെന്നാൽ നീ യുഗങ്ങളോളം വാഴ്ത്തപ്പെട്ടവനാകുന്നു.*

*ആമ്മേൻ*

പാവനസ്മരണയ്ക്ക്
2-ാം ചരമവാർഷികം 16-03-2023
41-ാം ചരമദിനം 31-03-2023


ജോസഫ് മുണ്ടപ്ലാക്കൽ തോട്ടുമുക്കം
മറിയം ജോസഫ് മുണ്ടപ്ലാക്കൽ തോട്ടുമുക്കം
സ്നേഹസ്മരണകളോടെ, കുടുംബാംഗങ്ങൾ

5th Death Anniversary

P.M VARGHESE (Retd.AGM.SBI)
PURAYIDATHIL, Paropady
(1935 - 2018)
YEARS WILL COME AND GO, BUT YOU WILL BE ALWAYS IN OUR HEART AS A ROLE MODEL
Nygel & family , Tessy Thomas & family

വേർപാടിന്റെ 5 വർഷങ്ങൾ
04-04-2023 24-03-2023

ജോസഫ് തെങ്ങുംപിള്ളിൽ കൂടരഞ്ഞി
അന്നക്കുട്ടി തെങ്ങുംപിള്ളിൽ വയലിൽ കുടുംബാംഗം ആനക്കാംപൊയിൽ
എന്നെന്നും സ്നേഹം മാത്രം ഞങ്ങൾക്ക് നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ചാച്ചന്റെയും അമ്മച്ചിയുടെയും ഓർമകൾക്ക് മുന്നിൽ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# നൊമ്പരപ്പൂക്കൾക്കുമുണ്ട് സുഗന്ധം

**മനുഷ്യവ്യക്തിയെ കേന്ദ്രമാക്കാതെയുള്ള ഏതൊരു വിശ്വാസതീർത്ഥാടനവും കടൽപ്പാല യാത്രയ്ക്ക് തുല്യമാണ്. മനുഷ്യനെ ആധാരമാക്കിയുള്ള രാഷ്ട്രീയ ദൈവശാസ്ത്രത്തെക്കുറിച്ച് നമ്മുടെ കൂട്ടായ്മകളിൽ ബോധവത്കരണം നടത്തണം.**



ആന്റണി ചടയംമുറി

തീവണ്ടി വരാൻ അര മണിക്കൂർ കൂടിയുണ്ട്. ഇതിനിടെ മറുവശത്തുള്ള പാളങ്ങളിലൂടെ ഒരു ചരക്ക് തീവണ്ടി ചീറിപ്പാഞ്ഞുപോയി, ഇരുമ്പ് ബാർ കൊണ്ട് അടിവശം കെട്ടിയിട്ട റെയിൽവേസ്റ്റേഷനിലെ ഒരു ഇരുമ്പ് സീറ്റിൽ ഇരിക്കുകയായിരുന്നു ഞാൻ. അപ്പോഴാണ് ഒരു സീറ്റ് അകലെ ഒരു വൃദ്ധയെ ഞാൻ കണ്ടത്. അവരുടെ കാൽനഖങ്ങളിൽ ചായം പൂശിയിട്ടുണ്ട്. കൈയ്യിലെ തള്ളവിരലിലുമുണ്ട് ഏതോ ഒരു നിറം. ഒറ്റ നോട്ടത്തിൽ ആ സ്ത്രീ മലയാളിയല്ലെന്ന് തിരിച്ചറിയാം. കൈത്തണ്ടയിൽ ഏതോ ദേവന്റെ ചിത്രം  പച്ചകുത്തിയതും ഞാൻ ശ്രദ്ധിച്ചു. ആ വൃദ്ധയോടൊപ്പം ആരുമില്ലെന്ന് എനിക്ക് മനസിലായി. അവരുടെ കണ്ണുകളിൽ പ്രത്യാശയോ നിരാശയോ ഇല്ല. ഒരു തരം മരവിപ്പിന്റെ മാറാലപോലെ എന്തോ ഒരു ഭാവം ആ കുഴിഞ്ഞ കണ്ണുകളിൽ പറ്റിനിൽപ്പുണ്ട്. ഞാൻ പതിയെ ആ വൃദ്ധയെ സമീപിച്ചു. എന്റെ ചോദ്യങ്ങൾക്കൊന്നും അവർ മറുപടി പറഞ്ഞില്ല. മറവിരോഗം ബാധിച്ചതിന്റെ ലക്ഷണങ്ങൾ ഞാൻ അവരിൽ കണ്ടു. ഞാൻ എഴുന്നേറ്റ് തൊട്ടടുത്തുള്ള പോലീസ് എയ്ഡ് പോസ്റ്റിൽ വിവരമറിയിച്ചു. ഒരു വനിതാ കോൺസ്റ്റബിൾ വന്ന് അവരെ കൂട്ടിക്കൊണ്ടുപോകുന്നത് ഞാൻ കണ്ടു. റെയിൽവേസ്റ്റേഷൻ, ബീച്ചുകൾ, സർക്കാർ ആശുപത്രികൾ, സിനിമാ തീയറ്ററുകൾ, മാളുകൾ, ബസ് സ്റ്റാൻഡുകൾ, തിരക്കേറിയ ഉൽസവപ്പറമ്പുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ആരുമറിയാതെ വൃദ്ധജനങ്ങളെ ഉപേക്ഷിക്കുന്ന ഒരു പ്രവണത ഇന്ന് വ്യാപിക്കുകയാണ്. കുടുംബബന്ധങ്ങളും മാനവീയ മൂല്യങ്ങളും കുത്തിയൊലിച്ചുപോയ ഈ സമകാലിക സമൂഹത്തിൽ ക്രൈസ്തവരായ നാം എന്തു ചെയ്യണം?.

## രാഷ്ട്രീയ ദൈവശാസ്ത്രം എന്ന പുതിയപദം

തീർത്തും ലളിതമായ ആ രംഗവർണ്ണനയിൽ നിന്ന് നമുക്ക് പിൻവാങ്ങാം. എന്നിട്ട് രാഷ്ട്രീയ ദൈവശാസ്ത്രം എന്നൊരു പുതിയ പദം പരിചയപ്പെടാം.

ഒന്നാമതായി നാം മനസിലാക്കേണ്ടത് ലോകം ഒരു വസ്തുവല്ല എന്നതാണ്. മനുഷ്യനിൽ നിന്നും വേറിട്ട് ലോകത്തെ നമുക്ക് കാണാനാവില്ല. ഈ രണ്ട് കണ്ടെത്തലുകളിൽ നിന്ന് ദൈവശാസ്ത്രത്തിന് ചില കർത്തവ്യബോധങ്ങളും ബോധ്യങ്ങളും ഉദിക്കുന്നു. അതായത് അറിവ് മാത്രമല്ല അനുഭവം കൂടി ഉൾച്ചേർത്തുകൊണ്ടാണ് നമ്മൾ ദൈവമനുഷ്യബന്ധത്തിന്റെ പുതിയ പടവുകൾ നിർമ്മിക്കുന്നതെന്ന് ചുരുക്കം.

ഫ്രാൻസിസ് പാപ്പ പറഞ്ഞതെന്താണ്? നാം ഭൂമിയിലെ പൊടിയാണെന്ന കാര്യം മനുഷ്യൻ മറന്നുവെന്നല്ലേ? നമ്മുടെ ശരീരം മണ്ണിലെ ഘടകങ്ങൾ കൊണ്ട് മെനഞ്ഞതാണ്, നാം ശ്വസിക്കുന്നത് ഈ പ്രപഞ്ചത്തിലെ വായുവാണ്, ഭൂമിയിലെ ജലമാണ് നമുക്ക് ഊർജ്ജം പകർന്നുതരുന്നത്.



കുടുംബബന്ധങ്ങളുടെ പൊൻനൂലിഴകൾ ചെന്നെത്തുന്നത് മനുഷ്യഹൃദയങ്ങളിലാണ്. നമ്മുടെ പ്രപഞ്ചം മലിനമാകുന്നതുപോലെ മനുഷ്യ ഹൃദയങ്ങളും മലിനമായാലോ? മനുഷ്യനെ തിരസ്കരിച്ച് ഭൗതിക-ഭൗമിക സാങ്കേതികവാദത്തിന്റെ വാൾത്തലപ്പുകളാണ് നമുക്ക് ചുറ്റും ദുരിതങ്ങളുടെ കുരുതിച്ചോരയൊഴുക്കിയത്. അതുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ ഒരിക്കൽ പറഞ്ഞത്– ദരിദ്രനും ഭൂമിയും വിലപിക്കുന്നു എന്ന്!

എന്താണ് നമ്മുടെ നാടിന്റെ ഇപ്പോഴത്തെ അവസ്ഥ? പാവപ്പെട്ടവർ കൂടുതൽ ദരിദ്രരായി മാറുന്നു, സമ്പന്നർ കൂടുതൽ പണക്കൊഴുപ്പാർജ്ജിക്കുന്നു. എയ്ഡ്സ് രോഗികൾക്ക്, സാധുരോഗികൾക്ക്, കിടപ്പുരോഗികളുടെ, കൂട്ടിരിപ്പുകാർക്ക്, അംഗപരിമിതർക്ക്, വരുമാനമില്ലാത്ത വിധവകൾക്ക്, വൃദ്ധജനങ്ങൾക്ക് തുടങ്ങി ദുർബലർക്ക് വരെ ഭരണകൂടം നൽകി വരുന്ന സൗജന്യങ്ങൾ നിലയ്ക്കുകയോ, കുടിശികയാവുകയോ ചെയ്ത സാമ്പത്തിക പ്രതിസന്ധിയിലാണ് ഇന്ന് നാം. ഇവിടെ നാം രാഷ്ട്രീയ ദൈവശാസ്ത്രത്തെ ലോകത്തിന് പരിചയപ്പെടുത്തിയ യൊഹാൻ ബാപ്റ്റിസ്റ്റ് മെറ്റ്സ് (1928–2019) എന്ന ജർമ്മൻ വൈദിക പ്രതിഭയുടെ വാക്കുകൾ ഓർമ്മിക്കുന്നു. അദ്ദേഹം എഴുതി; സകലത്തിനും ഉച്ചത്തിലുള്ള ചിലപ്പോൾ തീവ്രനിശബ്ദമായ ഒരു വിലാപമുണ്ട്. അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവത്തിങ്കലേക്ക് ഉയരുന്ന ഒരു വിലാപം. അവർ അവിടെ ചോദ്യങ്ങളുടെ ഭാഷയും ഉത്തരമില്ലായ്മയും കണ്ടെത്തി ഒടുവിൽ വിലാപങ്ങൾ പ്രാർത്ഥനയായി രൂപാന്തരപ്പെടുന്നു!

## ഈശോയില്ലേ കൂടെ, എനിക്ക് നോവില്ല സാറേ

എല്ലാ മാസാദ്യവെള്ളിയാഴ്ച്ചയും സാധാരണക്കാരായ ഒരു പറ്റം മനുഷ്യർ ഒരു വീട്ടിൽ വച്ച് നടത്തിവന്ന യേശുവിന്റെ പീഢാനുഭവപ്രാർത്ഥനയിൽ ഒരിക്കൽ ഞാനും പങ്കെടുക്കുകയുണ്ടായി. പ്രാർത്ഥന കഴിഞ്ഞപ്പോൾ ഞാൻ ദരിദ്രയും വിജാതീയയുമായ ഒരു വീട്ടമ്മയെ പരിചയപ്പെട്ടു. അവരുടെ കണ്ണ് ആരുടേയോ അടിയേറ്റപോലെ ചുവന്നിരിക്കുന്നു. പ്രായവും ദാരിദ്ര്യവും ചുളിവുകൾ വീഴ്ത്തിയ കവിളിലും അടിയേറ്റ പാടുണ്ട്. ഞാൻ ചോദ്യഭാവത്തിൽ അവരെ നോക്കി. അപ്പോൾ അവർ  പറഞ്ഞു: “പ്രാർത്ഥനയ്ക്ക് പോയെന്നറിഞ്ഞാൽ എന്റെ ഭർത്താവ് എന്നെ പൊതിരെ തല്ലും. ഈശോയുടെ പേരിൽ കിട്ടുന്ന തല്ലല്ലേ എനിക്ക് നോവത്തില്ല സാറേ” എന്റെ മനസിൽ ആരോ നൊമ്പരങ്ങളുടെ കനലുകൾ കോരിയിട്ടതുപോലെ തോന്നി.

നാം അനുഭവിക്കുന്ന യാതനകളുടെ വഴിയിലൂടെ ദൈവത്തിലേക്ക് നിരങ്ങിനീങ്ങുമ്പോൾ, നമ്മുടെ മുറിവുകളിൽ ചോരകിനിഞ്ഞാലും വേദനയറിയില്ല. ‘സഹിക്കുന്നത് ലാഭം സുഖിക്കുന്നത് നഷ്ടം’ എന്ന ബോർഡ് എഴുതിവച്ച് മുപ്പതിലേറെ വർഷങ്ങൾ കട്ടിലിൽ കിടക്കേണ്ടിവന്ന ഒരു സമർപ്പിതയെ ഞാൻ തൃശൂരിനടുത്തുള്ള മരത്താക്കര എഫ്.സി.സി മഠത്തിൽ വച്ച് പരിചയപ്പെട്ടത് ഓർമ്മയിൽ വന്നു.

## കത്തോലിക്കരിലുമുണ്ടോ ബൂർഷ്വകൾ?

പീഡിതനായ ക്രിസ്തു, കുരിശ്, കാൽവരി എന്നീ പദങ്ങൾ ഉപേക്ഷിച്ച ക്രൈസ്തവർ നമുക്ക് ചുറ്റുമുണ്ട്. അവരെ യോഹന്നാൻ ബാപ്റ്റിസ്റ്റ് മെറ്റ്സ് വിശേഷിപ്പിച്ചത് ബൂർഷ്വകളായ ക്രൈസ്തവർ എന്നായിരുന്നു. ഒരു ദുരന്തമുണ്ടാകുമ്പോൾ, അത് എന്റെ കുടുംബത്തിലോ, എന്റെ നാട്ടിലോ സംഭവിച്ചതല്ലല്ലോ എന്ന് മനസിൽ പറയരുത് യഥാർത്ഥ ക്രൈസ്തവർ. പകരം ആ ദുരിതബാധിതരുടെ മുഖം മനസിൽ കൊണ്ടുവരികയും, ആ ഓർമ്മ നമ്മെ ആ നൊമ്പരപ്പെടുന്നവരുമായുള്ള    ഐക്യദാർഢ്യത്തിലേക്ക് നയിക്കുകയും വേണം. അപ്പോഴാണ് ഒരു ക്രിസ്ത്യാനിയുടെ ഹൃദയ കൺപീലികൾ നിറയുന്നതും അവന്റെ അധരങ്ങളിൽ ദൈവത്തിന് പ്രീതികരമായ പ്രാർത്ഥന ഉയരുന്നതും.

## സഹനത്തിനുമുണ്ട് സാർവ്വജനീനഭാവം!

ചരിത്രത്തിലേക്ക് തിരികെ നടക്കുമ്പോൾ, ഫ്രഞ്ച് വിപ്ലവത്തിന് ശേഷം ക്രിസ്തുമതത്തിൽ രൂപപ്പെട്ട ഒരു മധ്യവർഗ്ഗമതമുണ്ട്. മധ്യവർഗപൗരനും. മനുഷ്യവ്യക്തിയെ കേന്ദ്രമാക്കാതെയുള്ള ഏതൊരു വിശ്വാസതീർത്ഥാടനവും കടൽപ്പാല യാത്രയ്ക്ക് തുല്യമാണ്. മനുഷ്യനെ ആധാരമാക്കിയുള്ള രാഷ്ട്രീയ ദൈവശാസ്ത്രത്തെക്കുറിച്ച് നമ്മുടെ കൂട്ടായ്മകളിൽ ബോധവത്കരണം നടത്തണം. മനുഷ്യനെ തുല്യതയോടെ പരിഗണിക്കാൻ ദൈവത്തോട് ബന്ധപ്പെട്ട മനുഷ്യന് മാത്രമേ കഴിയൂ. ഈ മഹനീയ ദൗത്യത്തിനായുള്ള വിളി ക്രൈസ്തവർ തിരിച്ചറിഞ്ഞ എത്രയോ കൂട്ടായ്മകൾ നമുക്ക് ചുറ്റുമുണ്ട്. ഇവിടെ വിശ്വാസം ആർജ്ജിച്ചെടുക്കുക ഒരു കാര്യമല്ല. മറിച്ച് അത് അവരുടെ ജീവിതത്തിന്റെയും നിലനിൽപ്പിന്റെയും കാരണം തന്നെയായി പരിണമിക്കുന്നു. അങ്ങനെയുള്ള നിമിഷങ്ങളിൽ ദൈവതിരുമുമ്പിൽ മുറ്റുമനുഷ്യരോടുമുള്ള തന്റെ ഉത്തരവാദിത്വം ഒരു ക്രൈസ്തവൻ തിരിച്ചറിയുന്നു. അതവന്റെ ഹൃദയം തൊടുന്ന പ്രാർത്ഥനയായി രൂപാന്തരപ്പെടുന്നു. ക്രിസ്തുവിന്റെ സഹനത്തിന്റെ വെളിച്ചത്തിൽ ഈ ഭൂമിയിൽ കണ്ണീർപൊഴിക്കുന്ന ഓരോ മനുഷ്യനെക്കുറിച്ചും നാം ധ്യാനിക്കുമ്പോഴും ഓർമ്മിക്കുമ്പോഴും അതിനൊരു സാർവജനീനഭാവം കൈവരുന്നു. ശബ്ദമില്ലാത്തവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ശബ്ദമാകാൻ ഓരോ വിശ്വാസിക്കും ഉത്തരവാദിത്വമുണ്ടെന്ന നേർക്കാഴ്ച്ചയിലാണ് രാഷ്ട്രീയ ദൈവശാസ്ത്രത്തിന്റെ ചിന്ത തുള്ളിത്തുളുമ്പുന്ന പീലികൾ വിടരുകയെന്നത് നമുക്ക് മറക്കാതിരിക്കാം.



# ദീപ്ത സ്മരണയായി മെൽവിനച്ചൻ

**ജോഷിമഠിലെ ദുരിത മേഖലയിൽ സഹായമെത്തിച്ച് മടങ്ങുന്നതിനിടെ വാഹനാപകടത്തിൽ മരിച്ച ചക്കിട്ടപാറ ഇടവകാംഗവും ബിജ്നോർ രൂപതാ വൈദികനുമായ ഫാ. മെൽവിൻ പള്ളിത്താഴത്തിനെ അനുസ്മരിക്കുന്നു**



ബെന്നി തോണക്കര
(സൺഡേ സ്കൂൾ അധ്യാപകൻ, ചക്കിട്ടപാറ)

ദാരിദ്ര്യത്തിലും ദുഖത്തിലും അവഗണനയുടെ കാണാക്കയങ്ങളിലും പെട്ട് വേദനിക്കുന്നവർക്ക് കൈത്താങ്ങായി നിന്ന പ്രീയപ്പെട്ട ഫാ. മെൽബിൻ പള്ളിത്താഴത്ത് യുവത്വത്തിന്റെ പ്രസരിപ്പിൽ ത്തന്നെ യാത്രയായി. ഇടവകക്കാരുടെയും നാട്ടുകാരുടെയും ഓർമ്മകളുടെ പുസ്തകം തുറക്കുമ്പോൾ അതിൽ തെളിഞ്ഞു നിൽക്കുന്ന ഏറ്റവും തെളിച്ചമുള്ള മുഖം മെൽവിനച്ചന്റെ തന്നെ ആയിരിക്കും.

ചക്കിട്ടപാറ ഇടവകാംഗമായ പള്ളിത്താഴത്ത് ബാബുസാറിന്റെയും കാതറിൻ ടീച്ചറിന്റെയും മൂന്ന് മക്കളിൽ ഇളയവനായിരുന്നു ഫാ. മെൽവിൻ. ഷാൽവിൻ സഹോദരനും ഷാലറ്റ് സഹോദരിയുമാണ്.

കൊച്ചു മെൽവിന്റെ രണ്ടാം വീടായിരുന്നു പള്ളിയും സൺഡേ സ്കൂളുമെല്ലാം ....

കൊച്ചു മെൽവിനിൽ തുടങ്ങി സനേഹ ദീപമായി കത്തിയെരിഞ്ഞ ഫാ. മെൽവിൻ എന്ന വിശുദ്ധൻ വരെയുള്ള ജീവിതത്തിൽ സനേഹത്തിന്റെയും കാരുണ്യത്തിന്റെയും ജ്വലിക്കുന്ന ഓർമകളാണ് ഈ ജീവിത യാത്രയിൽ അച്ചൻ സമ്മാനിച്ചത്.....


ബിജ്നോർ രൂപതയ്ക്ക് വേണ്ടി 2015–ൽ വൈദികനായ അച്ചന്റെ പ്രവർത്തനമേഖലകൾ അധികവും കേരളത്തിന് പുറത്ത് തന്നെ ആയിരുന്നു. രൂപതയുടെ പ്രസ്സിന്റെയും സ്കൂളിന്റെയും ചുമതലവഹിച്ചിരുന്ന അച്ചൻ തിരക്കിനിടയിലും ജോഷിമഠിൽ ദുരിതമനുഭവിക്കുന്നവർക്ക് രൂപതയുടെ സഹായമെത്തിക്കാൻ സമയം കണ്ടെത്തുകയായിരുന്നു. മടക്കയാത്രയിൽ അദ്ദേഹത്തോടൊപ്പം സുഹൃത്തായ വൈദികനും ആ വൈദികന്റെ സഹോദരനുമുണ്ടായിരുന്നു. കുത്തനെയുള്ള മലനിരകൾ ഇറങ്ങിയുള്ള യാത്ര മഞ്ഞ് പെയ്തു കൊണ്ടിരിക്കുന്നത് കൊണ്ട് തന്നെ അപകടം നിറഞ്ഞതായിരുന്നു

വണ്ടിതെന്നി മാറുന്നു എന്നറിഞ്ഞ അച്ചൻ കൂടെ ഉള്ളവരോട് ഇറങ്ങി വണ്ടിക്ക് കട്ടവയ്ക്കാൻ പറയുകയായിരുന്നു. കട്ടയിലൊന്നും നിൽക്കാതെ കൂടെയുള്ളവരുടെ കൺമുൻപിൽ വച്ചു തന്നെ വണ്ടിതെന്നിമാറി 900 മീറ്റർ താഴ്ചയുള്ള കൊക്കയിലേയ്ക്ക് പതിച്ചു.

ഒപ്പമുണ്ടായിരുന്ന വൈദീകനും സഹോദരനും എന്ത് ചെയ്യണമെന്നറിയാതെ നിലവിളിച്ചു. അവരുടെ നിലവിളി ആരുടെയും ചെവികളിലെത്തിയില്ല. കയ്യിലുണ്ടായിരുന്ന മൊബൈലിൽ റെയ്ഞ്ച് കിട്ടാതെ വന്നപ്പോൾ 2 കിലോമീറ്റർ മുൻപോട്ട് ഓടി റെയ്ഞ്ചുള്ളിടത്തെത്തി ബിഷപ്പ് ഹൗസിൽ വിവരം അറിയിക്കുകയായിരുന്നു. ഒപ്പമുണ്ടായിരുന്നവർ ഇറങ്ങിയില്ലായിരുന്നെങ്കിൽ അവർ സഞ്ചരിച്ച വാഹനവും ആളുകളും എവിടെ പോയി എന്നത് ഇന്നും പുറം ലോകം അറിയില്ലായിരുന്നു.

കൊച്ചു മെൽവിന്റെ സൺഡേ സ്ക്കൂൾ കാല ഓർമ്മകൾ ഒരിക്കലും മറക്കാൻ കഴിയില്ല.

മിഷൻ പിരിവിന് വീട് വീടാന്തരം കയറി ഇറങ്ങി ഉൽപ്പന്നങ്ങളും പണവും ശേഖരിക്കാൻ പോവുമ്പോൾ മെൽവിൻ കാണിച്ചിരുന്ന തീക്ഷണത 32 വർഷത്തെ മതബോധന പ്രവർത്തനങ്ങളിൽ മറ്റാരിലും ഞാൻ കണ്ടിട്ടില്ല.



ഫാ. മെൽവിൻ പള്ളിത്താഴത്ത്

പരിവിന് ചെന്നപ്പോൾ അടയ്ക്ക പറിച്ചതില്ല വേണമെങ്കിൽ കയറി പറിച്ചോ എന്ന വീട്ടുകാരന്റെ വാക്ക് കേട്ട് ഒരു തോർത്ത് കൊണ്ട് തളപ്പ് ഉണ്ടാക്കി കവുങ്ങിൽ കയറിയ മെൽവിൻ ഇറങ്ങി വരുന്നതു വരെ ഞങ്ങളുടെ ചങ്കിൽ തീയായിരുന്നു.

ഇത്തരം സാഹസങ്ങൾ ഇനി ആവർത്തിക്കരുതെന്ന് ഓർമ്മപ്പെടുത്തിയെങ്കിലും അടുത്ത വർഷത്തെ മിഷൻ സൺഡേ യാത്രയിൽ ആ നിൽക്കുന്ന കോഴി പ്പൂവനെ വേണമെങ്കിൽ പിടിച്ചോ എന്ന് തമാശ രൂപത്തിൽ പറഞ്ഞ ചേട്ടന്റെ വാക്ക് കേട്ട് അയൽക്കാരന്റെ കോഴിയെ ഓടിച്ചിട്ടു പിടിച്ചു കൊണ്ട് വന്ന മെൽവിനോട് തരില്ല എന്ന് പറയാൻ വിഷമം തോന്നിയ ചേട്ടൻ അയൽക്കാരിൽ നിന്ന് വില കൊടുത്ത് കോഴിയേ വാങ്ങി തന്നതും സൺഡേ സക്കൂളിന്റെ നേതൃത്വത്തിൽ നിർദ്ധനകുടുബത്തിന് വീട് ഉണ്ടാക്കികൊടുക്കാൻ ഇറങ്ങിത്തിരിച്ചപ്പോൾ വണ്ടി കയറാത്ത സ്ഥലത്തേയ്ക്ക് സാധനങ്ങൾ എല്ലാവരും ചേർന്ന് തലച്ചുമടായി കൊണ്ടുപോവുമ്പോൾ സ്പീഡ് കൂടി വീണ് മെൽവിന്റെ കയ്യൊടിഞ്ഞതും ഇന്നും ഓർമ്മയിലുണ്ട്.

എല്ലാം പാവപ്പെട്ടവർക്കായ് മാറ്റി വച്ചതായിരുന്നു ആ ജീവിതം. തുടക്കം മുതൽ അവസാനം വരെ. ആ വിശുദ്ധ ജീവിതത്തിനു മുമ്പിൽ സ്മരണാഞ്ജലികൾ.

## എല്ലാവരുടെയും സുഹൃത്ത്

ഫാ. ജോസഫ് ജോസ് (ബിജ്നോർ രൂപത)

ഫാ. മെൽവിന്റെ പെട്ടെന്നുള്ള വിയോഗം ബിജ്നോർ രൂപതാ കുടുംബത്തെ അതീവ ദുഃഖത്തിലാക്കി. അച്ചൻ പോയി എന്ന് ഞങ്ങൾക്ക് ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല. ഒരുമിച്ചു സംസാരിച്ചതും ചിരിച്ചതും ഇന്നലെ കഴിഞ്ഞതു പോലെ തോന്നുന്നു.

ഫാ. മെൽവിൻ ദയാലുവും സൗമ്യനും ഉദാരമനസ്കനുമായിരുന്നു. ദുരിതമനുഭവിക്കുന്ന ഏതൊരാൾക്കും കൈത്താങ്ങാകാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു. മെൽവിനച്ചൻ മികച്ച ശ്രോതാവും എല്ലാവരുടെയും സുഹൃത്തുമായിരുന്നു. സുഹൃത്തുക്കൾക്ക് ഭരമേല്പിച്ച ഉത്തരവാദിത്തങ്ങൾക്കു വേണ്ടി അധിക മൈൽ പോകാൻ എപ്പോഴും തയ്യാറായിരുന്നു അദ്ദേഹം. സന്തോഷവും കർത്താവിനോടുള്ള ഭക്തിയും നിറഞ്ഞ ജീവിതമായിരുന്നു മെൽവിനച്ചന്റേത്.

വർഷങ്ങളോളം ബിജ്നോർ രൂപതാ സമൂഹത്തിന്റെ പ്രിയപ്പെട്ട അംഗമായിരുന്നു ഫാ. മെൽവിൻ. ആവശ്യമുള്ളവർക്ക് ചെവി നൽകാനും മാർഗനിർദേശവും ആശ്വാസവും നൽകാനും അദ്ദേഹം എപ്പോഴും ഉണ്ടായിരുന്നു. ഒരു ചിരി പങ്കിടാനോ പ്രോത്സാഹജനകമായ വാക്ക് നൽകാനോ എപ്പോഴും തയ്യാറുള്ള മികച്ച സുഹൃത്ത് കൂടിയായിരുന്നു അദ്ദേഹം. ചുറ്റുമുള്ള എല്ലാവർക്കും സന്തോഷം നൽകാനുള്ള അസാമാന്യമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. നല്ല വായനക്കാരനും കഴിവുള്ള പ്രഭാഷകനും ആവേശഭരിതനായ കായികതാരവുമായിരുന്നു ഫാ. മെൽവിൻ. തന്റെ ജോലിയിൽ അതിയായ അഭിനിവേശം ഉള്ള ഒരു പ്രതിഭാധനനായ പുരോഹിതൻ കൂടിയായിരുന്നു അദ്ദേഹം. ഫാ. മെൽവിൻ നമ്മോടൊപ്പമില്ലെങ്കിലും അദ്ദേഹം അനേകരെ പ്രചോദിപ്പിച്ചു, അദ്ദേഹത്തിന്റെ ഉത്സാഹവും ദയയും ആഴത്തിലുള്ള വിശ്വാസവും എന്നും ഓർമ്മിക്കപ്പെടും. തന്റെ ആവശ്യങ്ങളെക്കാൾ എപ്പോഴും മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന നേതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മരണം നമ്മുടെ ജീവിതത്തിൽ ഒരിക്കലും നികത്താനാവാത്ത ശൂന്യത സൃഷ്ടിച്ചു. അവൻ പോയിരിക്കാം, പക്ഷേ അവന്റെ ആത്മാവും ഓർമ്മകളും നമ്മുടെ ഹൃദയത്തിൽ എന്നേക്കും ജീവിക്കും.

പ്രിയ സുഹൃത്തേ, സമാധാനത്തിൽ വിശ്രമിക്കുക. അവൻ ഇപ്പോൾ നമ്മുടെ കർത്താവിന്റെ സ്നേഹനിർഭരമായ കരങ്ങളിലാണെന്ന അറിവിൽ നമുക്കെല്ലാവർക്കും ആശ്വാസം കണ്ടെത്താം.

### 3–ാം ചരമവാർഷികം

29-03-2023



**റോസ ഫിലിപ്പോസ്**

ചക്കുംമൂട്ടിൽ, പുല്ലൂരാംപാറ

സ്നേഹം നിറഞ്ഞ ഓർമ്മകളോടെ, കുടുംബാംഗങ്ങൾ

### ആദരാഞ്ജലികൾ



**മേരി തോമസ്**

കട്ടക്കയം, പൂതംപാറ

ജനനം: 12–05–1932 മരണം: 16–03–2023

പ്രാർത്ഥനയോടെ മലബാർ വിഷൻ ടീം

### ഒന്നാം ചരമ വാർഷികം

(10–03–2023)



**സി.എം. ജോസഫ്**

(Rtd. Principal, St Joseph's HSS, Kodencherry)

ചക്കാലയിൽ, കണ്ണോത്ത്

# മെഡിക്കൽ പ്രവേശനത്തിന് നീറ്റ്

**രാജ്യത്തെ മെഡിക്കൽ യു.ജി (എം.ബി.ബി.എസ്) പ്രവേശനം പൂർണമായും നീറ്റ് റാങ്ക് പട്ടികയെ അടിസ്ഥാനമാക്കിയായിരിക്കും. ഓൾ ഇന്ത്യാ ക്വാട്ടാ, സംസ്ഥാന ക്വാട്ടാ, കേന്ദ്ര സർവകലാശാലകൾ, എയിംസ്, ജിപ്മർ, സ്വകാര്യ സർവകലാശാലകൾ ഉൾപ്പെടെ മുഴുവൻ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുമുള്ള ഏക പ്രവേശന പരീക്ഷയാണ് നീറ്റ്.**



വിദ്യാധനം
പ്രഫ. ചാർലി കട്ടക്കയം

രാജ്യത്തെ മെഡിക്കൽ, ഡെന്റൽ, മറ്റ് അനുബന്ധ ബിരുദ കോഴ്സുകളിലേക്കുള്ള ദേശീയ പ്രവേശന പരീക്ഷയായ നാഷണൽ എലിജിബിലിറ്റി കം എൻട്രസ് ടെസ്റ്റ് (നീറ്റ്, യു.ജി) 2023 ഓൺലൈൻ അപേക്ഷ സമർപ്പണം ആരംഭിച്ചു. 2023 ഏപ്രിൽ ആറ് വരെ ഓൺലൈനായി അപേക്ഷ സമർപ്പണം www.neet.nta.nic.in എന്ന വെബ് സൈറ്റ് വഴി നടത്താം. ഒരു അപേക്ഷ മാത്രമേ ഒരു വിദ്യാർത്ഥിക്ക് സമർപ്പിക്കാൻ പറ്റൂ. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് വെബ്സൈറ്റിലെ ഇൻഫർമേഷൻ ബുള്ളറ്റിൻ പൂർണ്ണമായും വായിച്ച് മനസിലാക്കുന്നത് നല്ലതാണ്. പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പിന്നീട് ഡൗൺലോഡ് ചെയ്ത് എടുക്കണം.

## അപേക്ഷാ ഫീസ്

എല്ലാ കാറ്റഗറിക്കാരുടെയും അപേക്ഷാ ഫീസിൽ ഈ വർഷം മാറ്റം ഉണ്ട്. ഫീസ് നിരക്ക് ജനറൽ വിഭാഗം:1700 രൂപ, ഇ.ഡബ്ല്യൂ. എസ്/ ഒ.ബി.സി: 1600 രൂപ, എസ്.സി/ എസ്.ടി/ ഭിന്നശേഷി: 1000 രൂപ

## അപേക്ഷാ യോഗ്യത

- അപേക്ഷകർ 2006 ഡിസംബർ 31 ന് മുൻപ് ജനിച്ചവരായിരിക്കണം. ഉയർന്ന പ്രായപരിധിയില്ല.
- 2023 ലെ 12–ാം ക്ലാസ് പരീക്ഷാഫലം കാത്തിരിക്കുന്നവർ അപേക്ഷിക്കാൻ യോഗ്യരാണ്.
- ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ ബയോടെക്നോളജി എന്നിവ മെയിൻ വിഷയങ്ങളായി പഠിച്ച് 12–ാം ക്ലാസ് വിജയിച്ചിരിക്കണം. അഡീഷണൽ വിഷയമായി ബയോളജി പഠിച്ച് 12–ാം ക്ലാസ് വിജയിച്ചവർക്കും അപേക്ഷിക്കാം.
- 12–ാം ക്ലാസിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ ബയോടെക്നോളജി എന്നിവയ്ക്ക് ഒന്നിച്ച് 50 ശതമാനം മാർക്ക് ലഭിച്ചിരിക്കണം. എസ്.സി/ എസ്.ടി, ഒ.ബി.സി, ഭിന്നശേഷിക്കാർ എന്നിവർക്ക് ഇത് 40 ശതമാനം മതി.

## സിലബസ്

പരീക്ഷയുടെ സിലബസ് വിശദമായി വെബ് സൈറ്റിലെ ഇൻഫർമേഷൻ ഭാഗത്ത് അനുബന്ധമായി കൊടുത്തിട്ടുണ്ട്. പഠനഭാരം കുറയ്ക്കാൻ ഹയർസെക്കണ്ടറി സിലബസിൽ നിന്നും വിവിധ പഠന ബോർഡുകൾ ഒഴിവാക്കിയ ഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾക്ക് നാല് വിഷയങ്ങൾക്കും 'ബി' പാർട്ടിലെ 15 ചോദ്യങ്ങളിൽ പത്ത് എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

## പരീക്ഷാ രീതി



2023 മെയ് ഏഴിന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5.20 വരെയാണ്. 200 മിനിട്ട് ദൈർഘ്യമുള്ള പരീക്ഷ. ഒന്നരവരെ മാത്രമേ പരീക്ഷാകേന്ദ്രങ്ങളിൽ പ്രവേശനമുണ്ടാകൂ. ഒരു ചോദ്യത്തിന് നാല് മാർക്ക് എന്ന രീതിയിൽ 720 മാർക്കിന്റെ 200 ചോദ്യങ്ങൾ. ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങളിൽ നിന്നായിരിക്കും ചോദ്യങ്ങൾ. ഓരോ വിഷയങ്ങളിൽ നിന്നും രണ്ട് വിഭാഗങ്ങളായി ചോദ്യങ്ങൾ ഉണ്ടായിരിക്കും. 'എ' വിഭാഗത്തൽ നിന്ന് 35 ചോദ്യങ്ങളും 'ബി' വിഭാഗത്തിൽ നിന്ന് 15 ചോദ്യങ്ങളുമുണ്ടാകും. 15 ൽ 10 എണ്ണം തെരഞ്ഞെടുത്ത് ഉത്തരമെഴുതാം. പത്തിൽ കൂടുതൽ ഉത്തരമെഴുതിയാൽ ആദ്യ 10 ഉത്തരങ്ങളായിരിക്കും പരിഗണിക്കുക. മൾട്ടിപ്പിൾ ചോയിസ് മാതൃകയിലായിരിക്കും ചോദ്യങ്ങൾ. തെറ്റായ ഓരോ ഉത്തരങ്ങൾക്കും ഒരു മാർക്ക് വീതം മൈനസ് ഉണ്ടാകും. ചോദ്യപേപ്പർ ഏതു ഭാഷയിലാണ് വേണ്ടതെന്ന് അപേക്ഷയിൽ നൽകണം. മലയാളം ഉൾപ്പെടെ 13 ഭാഷകളിൽ ചോദ്യപേപ്പറുകൾ ഉണ്ടാകും. ഇംഗ്ലീഷ് ഒഴികെയുള്ള ഭാഷ മിഡിയമായി നൽകിയാൽ ആ ഭാഷയ്ക്ക് പുറമേ ഇംഗ്ലീഷ് വേർഷനും ആ ചോദ്യപേപ്പറിൽ ഉണ്ടാകും.

## കേരള അഡ്മിഷൻ

കേരളത്തിൽ സർക്കാർ/ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളജുകളിലെ മുഴുവൻ എം.ബി.ബി.എസ്/ ബി.ഡി.എസ് സീറ്റുകളിലേക്കും (അഖിലേന്ത്യാ ക്വാട്ട ഒഴികെ) പ്രവേശന കമ്മീഷ്ണർ ആയിരിക്കും അലോട്ട്മെന്റ് നടത്തുക. നീറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാകുന്ന സംസ്ഥാന റാങ്ക് പട്ടികയിൽ നിന്നായിരിക്കും ഈ സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ്. കേരളത്തിൽ പ്രവേശനം ആഗ്രഹിക്കുന്നവർ നീറ്റ് പരീക്ഷ എഴുതി സംസ്ഥാന പ്രവേശന കമ്മീഷണർക്ക് പ്രത്യേകം അപേക്ഷ സമർപ്പിക്കണം. ഇതിനായുള്ള വിജ്ഞാപനം KEAM 2023 പ്രവേശന കമ്മീഷണർ പുറപ്പെടുവിക്കും.

## മെഡിക്കൽ അനുബന്ധ കോഴ്സുകൾ

മെഡിക്കൽ, ഡെന്റൽ സീറ്റുകൾക്ക് പുറമേ, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ബിരുദ കോഴ്സുകളിലേക്കും, ബി.എസ്.സി അഗ്രികൾച്ചറൽ ഫോറസ്ട്രി, വെറ്റിനറി, ഫിഷറീസ്, ബി.എസ്.സി കോ–ഓപ്പറേഷൻ ആന്റ് ബാങ്കിങ്, ക്ലൈമറ്റ് ചെയ്ഞ്ച് ആന്റ് എൻവിയോൺമെന്റൽ സയൻസ് കോഴ്സുകളിലേക്കും നീറ്റ് അടിസ്ഥാനപ്പെടുത്തിയുള്ള കേരളറാങ്ക് പട്ടികയിൽ നിന്നുമായിരിക്കും അഡ്മിഷൻ നടത്തുക.

## പരീക്ഷാനടത്തിപ്പ്



പരീക്ഷാനടത്തിപ്പ് പൂർണ്ണമായും വീഡിയോയിൽ പകർത്തും. വസ്ത്രധാരണത്തിൽ പ്രത്യേകം ശ്രദ്ധിക്കാനുണ്ട്. വലിയ ബട്ടണുകൾ, നീണ്ട അയഞ്ഞ വസ്ത്രങ്ങൾ എന്നിവ പാടില്ല. ഷൂസ്, കട്ടിയുള്ള ചെരുപ്പുകൾ എന്നിവ അനുവദിക്കില്ല. വിശ്വാസപരമായ വസ്ത്രങ്ങൾ / സാമഗ്രികൾ ധരിക്കുന്നവർ പരിശോധനയ്ക്കായി റിപ്പോർട്ടിങ് സമയത്തിന്റെ രണ്ട് മണിക്കൂർ മുൻപ് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തണം. പേപ്പർ കഷണങ്ങൾ, പെൻസിൽ, പേന, സ്കെയിൽ, ബോക്സ്, റൈറ്റിങ് പാഡ്, പെൻഡ്രൈവ്, ഇറേസർ, കാൽകുലേറ്റർ, ഫോൺ, ഇയർഫോൺ, കൂളിങ് ഗ്ലാസ്, പേജർ, ഹെൽത്ത് ബാൻഡ്, വാലറ്റ്, ഹാൻഡ് ബാഗ്, തൊപ്പി, ബെൽറ്റ്, വാച്ച്, ബ്രേസ്ലെറ്റ്, ആഭരണങ്ങൾ, ലോഹ സാമഗ്രികൾ, ആഹാര പദാർത്ഥങ്ങൾ, തുടങ്ങിയവ പരീക്ഷാ കേന്ദ്രങ്ങളിൽ അനുവദനീയമല്ല.

**FORM IV**

Statement about ownership and other particulars about Malabar Vision.

| | |
|---|---|
| 1. Place of publication : | PMOC, MARIKKUNNU P.O, CALICUT KERALA - 673012 |
| 2. Periodicity of its publication : | MONTHLY |
| 3. Printer's Name : | BENNY ALEX |
| Nationality : | INDIAN |
| Address : | KARAKKATTU (H), CHAPPANTHOTTAM (P.O), KAVILUMPARA (VIA), CALICUT, KERALA - 673513 |
| 4. Publisher's Name : | BENNY ALEX |
| Nationality : | INDIAN |
| Address : | KARAKKATTU (H), CHAPPANTHOTTAM (P.O), KAVILUMPARA (VIA), CALICUT, KERALA - 673513 |
| 5. Editor's Name : | FR MANOJ KOLLAMPARAMBIL |
| Nationality : | INDIAN |
| Address : | KOLLAMPARAMBIL (H), PULLURAMPARA (P.O), PIN - 673 603 |

I, BENNY ALEX, hereby declare that the particulars given above are true to the best of my knowledge and belief.

sd/-
Signature of Publisher

Date: 14- 03- 2023






# വൈദികരുടെ സ്ഥലംമാറ്റം

താമരശേരി രൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം (2023 ജനുവരി 18 മുതൽ പ്രാബല്യത്തിൽ). പേരിനൊപ്പം ചേർത്തിരിക്കുന്നത് ചുമതലയേൽക്കുന്ന ഇടവക/ഡിപ്പാർട്ട്മെന്റ്/ സ്ഥാപനം: ●ഫാ. കരിന്തോളിൽ ജോർജ്ജ് (അസി. വികാരി, പുല്ലൂരാംപാറ) ●ഫാ. ജോസഫ് പന്തലാടിക്കൽ (അസി. വികാരി, തിരുവമ്പാടി) ●ഫാ. ജോസഫ് വിലങ്ങുപാറ (അസി. വികാരി, കോടഞ്ചേരി) ●ഫാ. ജേക്കബ് കോയിപ്പുറത്ത് (അസി. വികാരി, കൂരാച്ചുണ്ട്) ●ഫാ. സെബാസ്റ്റ്യൻ മറ്റപ്പിള്ളിൽ (അസി. വികാരി, കോടഞ്ചേരി) ●ഫാ. തോമസ് പുലയൻപറമ്പിൽ (അസി. വികാരി, താമരശ്ശേരി) ●ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ (അസി.വികാരി, പാറോപ്പടി) ●ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ (അസി. വികാരി, കൂടരഞ്ഞി) ●ഫാ. മാത്യു വൈപ്പുകാട്ടിൽ ആർസിജെ (അസി. വികാരി, തോട്ടുമുക്കം) ●ഫാ. ദേവസ്യ കുന്നൂർ ഒഎഫ്എം കപ്പൂച്ചിൻ (അസി. വികാരി, തിരുവമ്പാടി) ●ഫാ. ജോൺ നടംകണ്ടത്തിൽ ഒ.എഫ്.എം (അസി. വികാരി, ചക്കിട്ടപ്പാറ)● ഫാ. അബ്രഹാം സ്രാമ്പിക്കൽ (ആക്ടിങ് വികാരി, തെഞ്ഞിപ്പാലം) ●ഫാ. ജോർജ്ജ് നരിവേലിൽ (അസി. ഡയറക്ടർ, സ്റ്റാർട്ട്) ●ഫാ. ജോർജ്ജ് പുരയിടത്തിൽ (ബിഷപ്പ് സെക്രട്ടറി & അസി. ഡയറക്ടർ സിഒഡി, കെസിവൈഎം) ●ഫാ. ഡൊമിനിക്ക് കുഴിവേലിൽ (അസി. ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ-അഡീഷണൽ)●ഫാ. അഗസ്റ്റിൻ തുറവക്കൽ (അസി. ഡയറക്ടർ, ബഥാനിയ) ●ഫാ. പീറ്റർ പൂതർമണ്ണിൽ (പാസ്റ്ററൽ മിനിസ്ട്രി, രാമനാഥപുരം)

## നേട്ടം




സാഹിത്യ-പത്രപ്രവർത്തന മേഖലയിലെ സമഗ്രസംഭാവനയ്ക്കുള്ള അഖില കേരള കലാ സാഹിത്യ സാംസ്കാരിക രംഗത്തിന്റെ അക്ഷരം പുരസ്കാരം നേടിയ കെ. എഫ്. ജോർജ്. പാറോപ്പടി ഇടവകാംഗവും മലബാർ വിഷൻ എഡിറ്റോറിയൽ അംഗവുമാണ്.



●കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് രസതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഡോ. മെറിൻ ഷെല്ലി. കണ്ണോത്ത് ഇടവക കുറുവാച്ചിറ ഷെല്ലി-ഗ്രേസി ദമ്പതികളുടെ മകളും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് കെമസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമാണ്. ഭർത്താവ് അരുൺ അഗസ്റ്റിൻ അയ്യങ്കനാൽ. (അസോസിയേറ്റ് പ്രൊഫസർ ക്രൈസ്റ്റ് കോളജ് ഓഫ് എൻജിനീയറിംങ്, ഇരിങ്ങാലക്കുട.)

## പുസ്തക പരിചയം



### മൗനം വാചാലം

അധ്യാപകനും എഴുത്തുകാരനുമായ വറുഗീസ് തോട്ടയ്ക്കാടിന്റെ 34 കവിതകളുടെ സമാഹാരം. കണ്ണീരുകൊണ്ട് കടൽ നിർമിക്കാനല്ല, മർത്യ വിഷാദത്തിന്റെ അടക്കിയ തേങ്ങൽകൊണ്ട് കനം വച്ച അന്തരീക്ഷം സൃഷ്ടിക്കാനാണ് കവി മുതിരുന്നതെന്ന് കവിതകളുടെ പഠനത്തിൽ പ്രഫ. എം. തോമസ് മാത്യു.
വില: 100 രൂപ. പ്രസാധനം ആത്മാ ബുക്സ്, കോഴിക്കോട്.
കോപ്പികൾക്ക്: 9746077500

## ആൽഫയിൽ പിഎസ്‌സി പരിശീലനം

**തിരുവമ്പാടി:** യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, സബ് ഇൻസ്പെക്ടർ, എൽ.ജി.എസ്, പത്താം ക്ലാസ് മുഖ്യപരീക്ഷ എന്നിവയ്ക്കായുള്ള പിഎസ്‌സി പരിശീലന ക്ലാസുകൾ (ഓൺലൈൻ/ ഓഫ്‌ലൈൻ) തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു. 100 മണിക്കൂർ പരിശീലനം, ചിട്ടയായ പരീക്ഷ പരിശീലനം, മുൻകാല പരീക്ഷ ചോദ്യപേപ്പറുകളുടെ വിശകലനം. പരിചയ സമ്പന്നരായ അധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു.
വിവരങ്ങൾക്ക്: 0495-2962180

## കെസിവൈഎം രൂപതാ സമിതിക്ക് പുതിയ ഭാരവാഹികൾ

**താമരശേരി:** കെ.സി.വൈ.എം – എസ്.എം.വൈ.എം. താമരശേരി രൂപതാ വാർഷിക സെനറ്റ് സമ്മേളനം രൂപതാ ചാൻസലർ ഫാ. ബെന്നി മുണ്ടനാട്ട് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര മുഖ്യപ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ ആമുഖ പ്രഭാഷണം നടത്തി. രൂപതാ ആനിമേറ്റർ സിസ്റ്റർ ഷാർലെറ്റ് റോസ് സി.എം.സി, രൂപതാ സെക്രട്ടറി ആഷ്‌ലി തെരേസാ മാത്യു എന്നിവർ പ്രസംഗിച്ചു. റിച്ചാർഡ് ജോൺ റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ജോജോ കപ്പൂച്ചിൻ ക്ലാസുകൾ നയിച്ചു.

രൂപതാ സമിതിയുടെ പുതിയ ഭാരവാഹികളായി അഭിലാഷ് കുടിപ്പാറ (പ്രസിഡന്റ്), വിപിൻ രാജു, ആഷ്‌ലി തെരേസാ മാത്യു (വൈസ് പ്രസിഡന്റുമാർ), ജസ്റ്റിൻ സൈമൺ (ജനറൽ സെക്രട്ടറി), അലോണ പൂകമല, മെൽട്ടോ മാത്യു (സെക്രട്ടറിമാർ), ആൽബിൻ ജോസ് (ട്രഷറർ), റിച്ചാർഡ് ജോൺ, അലീന മാത്യു (സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ), അബ്രാഹം തടത്തിൽ, അലീന സോജൻ (സംസ്ഥാന സെനറ്റ് അംഗങ്ങൾ), വിശാഖ് തോമസ്, ദിയാ തോമസ് (എസ്.എം.വൈ.എം. കൗൺസിലർമാർ), സിസ്റ്റർ റൊസീൻ എസ്.എ.ബി.എസ് (രൂപതാ ആനിമേറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.



അഭിലാഷ് കുടിപ്പാറ (പ്രസിഡന്റ്)



ജസ്റ്റിൻ സൈമൺ (സെക്രട്ടറി)

## ആൽഫയിൽ ജർമൻ ഭാഷാ പരിശീലനം

**തിരുവമ്പാടി:** ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ഏപ്രിൽ 10ന് ആരംഭിക്കുന്ന ജർമൻ ഭാഷാ പരിശീലനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ (A1,A2,B1,B2) ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷ പരിശീലനത്തിൽ പ്രമുഖരായ സൺറൈസ് താലന്ത് ഭാഷാ സ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം നടക്കുന്നത്. ജർമനിയിൽ വിവിധ ജോലി സാധ്യതകൾ അനുസരിച്ചുള്ള പ്ലേസ്മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ്ടുവോ, അടിസ്ഥാന യോഗ്യതയോ ഉള്ളവർക്കാണ് ജർമൻ ഭാഷ പഠിക്കാനുള്ള അവസരം ഉള്ളത്.
വിവരങ്ങൾക്ക്: 0495-2962180, 7907028758, 9946865818



## HCC പരീക്ഷ രൂപതാതല വിജയികൾ





HCC I പരീക്ഷയിൽ ഒന്നാം റാങ്ക്: സാന്ദ്ര മരിയ സാജു മരോട്ടിക്കൽ (വള്ളിയാട്), രണ്ടാം റാങ്ക്: നേഹ മരിയ പുല്ലാട്ട് (കല്ലുരുട്ടി), മൂന്നാം റാങ്ക്: ഡീന ആന്റണി കണ്ണമ്പള്ളി (ചീരട്ടാമല)





HCC II പരീക്ഷയിൽ ഒന്നാം റാങ്ക്: കീർത്തന റോയ് മുള്ളൂർ (കൂടരഞ്ഞി), രണ്ടാം റാങ്ക്: ലിസ് മേരി വിൻസെന്റ് പഴൂർ (കൂടരഞ്ഞി), മൂന്നാം റാങ്ക്: ലെന ഷാജി കമുകുംതോട്ടത്തിൽ (കുളിരാമുട്ടി)

1-ാം ചരമവാർഷികം
26-01-2023

ലില്ലി ജോസഫ്
കോനാട്ട്, പൂഴിത്തോട്
ജനനം: 21-08-1955 മരണം: 26-01-2022
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

04-ാം ചരമവാർഷികം
(19.04.2023)

ചാക്കോച്ചൻ അവണൂർ
ഞാൻ നിങ്ങളിൽ നിന്ന് അകന്ന് പോയാലും എന്റെ സ്നേഹം എന്നും നിങ്ങളോട് കൂടെ നിലനിൽക്കും
സ്നേഹാഞ്ജലിയോടെ കുടുംബാംഗങ്ങൾ

1-ാം ചരമവാർഷികം
27-03-2023

പി.ജെ തോമസ്
പേഴുംകാട്ടിൽ, തിരുവമ്പാടി
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## ബഥാനിയ ശുശ്രൂഷകൾ

**2023 മാർച്ച്**


- **17 (വെള്ളി):** ഏകദിന കൺവെൻഷൻ
- **18 (ശനി):** ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ
- **24 (വെള്ളി):** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (24-27)

**2023 ഏപ്രിൽ**

- **02 (ഞായർ):** ജീവിത വിശുദ്ധീകരണ ധ്യാനം (2-5)
- **14 (വെള്ളി):** ഏകദിന കൺവെൻഷൻ
- **15 (ശനി):** ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ, നാലു മുതൽ ഏഴുവരെ ക്ലാസുകളിലെ കുട്ടികൾക്ക് ധ്യാനം (15-18) നയിക്കുന്നത് ജോർദിയ ടീം തൃശൂർ
- **21 (വെള്ളി):** ഏകദിന കൺവെൻഷൻ
- **23 (ഞായർ):** എട്ടു മുതൽ 11 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ധ്യാനം (23-26) നയിക്കുന്നത് സസ്നേഹം ടീം- കറുകുറ്റി
- **28 (വെള്ളി):** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (28-1)

## മലബാർ മേഖല മാർ മങ്കുഴിക്കരി മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെന്റ്

**താമരശ്ശേരി:** രൂപതയുടെ ആദ്യ മെത്രാനായ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ സ്മരണാർത്ഥം കെസിവൈഎം എസ് എം വൈഎം സംഘടിപ്പിക്കുന്ന വോളിബോൾ ടൂർണമെന്റ് ഏപ്രിൽ 15, 16 തീയതികളിൽ വെറ്റിലപ്പാറയിൽ നടക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 ടീമുകൾക്കാണ് മത്സരിക്കാൻ അവസരം. ഇടവകകളുടെ പേരിൽ ആയിരിക്കണം ടീം കളിക്കേണ്ടത്. ജാതി-മതഭേദമന്യേ ടീം അംഗങ്ങളിൽ മൂന്നുപേരെ പുറത്തുനിന്നും ഉൾപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: ജസ്റ്റിൻ സൈമൺ: 97474 52574



## ആൽഫ അക്കാദമിയിൽ വെക്കേഷൻ ക്ലാസുകൾ


**തിരുവമ്പാടി:** യുപി, ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായുള്ള വെക്കേഷൻ ക്ലാസുകൾ (ഇംഗ്ലീഷ്, കണക്ക്, ഹിന്ദി) ഏപ്രിൽ മൂന്നാം തിയതി ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 04952252180, 7907028758, 9946865818

# അഭിനന്ദനങ്ങൾ, ആശംസകൾ

**സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ ചാൻസലറായി ഫാ. അബ്രാഹം കാവിൽപുരയിടത്തിലും രാഷ്ട്ര ദീപിക ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായി ഫാ. ബെന്നി (ജോർജ്) മുണ്ടനാട്ടും നിയമിതരായി**



സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ ചാൻസലറായി നിയമിതനായ ഫാ. അബ്രാഹം കാവിൽപുരയിടത്തിൽ.വാളൂക്ക് ഇടവകാംഗമായ ഫാ. അബ്രഹാം 2000 ഡിസംബർ 26ന് പൗരോഹിത്യം സ്വീകരിച്ചു. തിരുവമ്പാടി, അശോകപുരം ഇടവകകളിൽ അസി. വികാരിയായി. ഈസ്റ്റ് ഹിൽ, കുണ്ടുതോട്, തിരൂർ ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. എ.കെ.സി.സി ഡയറക്ടറായും എപ്പാർക്കിയൽ ജഡ്ജായും രൂപതാ പിആർഒ ആയും പ്രവർത്തിച്ചു. 2013 മുതൽ 2019 വരെ താമരശ്ശേരി രൂപതയുടെ ചാൻസലറായിരുന്നു.



രാഷ്ട്ര ദീപിക ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായി നിയമിതനായ താമരശ്ശേരി രൂപതാ ചാൻസലർ കൂടിയായ ഫാ. ബെന്നി (ജോർജ്) മുണ്ടനാട്ട്.

കൂരാച്ചുണ്ട് ഇടവകാംഗമായ ഫാ. ബെന്നി 1996 ഡിസംബർ 26ന് പൗരോഹിത്യം സ്വീകരിച്ചു. പുല്ലൂരാംപാറയിൽ അസി വികാരിയായും പൊയിലോംചാൽ, തെയ്യപ്പാറ ഇടവകകളിൽ വികാരിയായും പ്രവർത്തിച്ചു. എപ്പാർക്കിയൽ ജഡ്ജ്, മതബോധന ഡയറക്ടർ, ദീപിക കോഴിക്കോട് യൂണിറ്റ് റെസിഡന്റ് മാനേജർ, ബഥാനിയ ധ്യാനകേന്ദ്രം ഡയറക്ടർ എന്നീ പദവികൾ വഹിച്ചു.

## നവാഭിഷിക്തൻ



**ഫാ. ജോസഫ് കൊട്ടാരത്തിൽ**

പശുക്കടവ് ഇടവക കൊട്ടാരത്തിൽ ജോസഫ് -അന്നമ്മ ദമ്പതികളുടെ മകൻ. 2023 ജനുവരി 21 ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

2009 ജൂൺ 19 ന് രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. പരിശീലന കാലയളവിൽ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളജിൽ നിന്ന് രസതന്ത്രത്തിൽ ബിരുദം കരസ്ഥമാക്കി. ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര പഠനത്തിന് ശേഷം നെതർലൻഡിലെ റോർമണ്ട് രൂപതയിലെ റോൾടുക് മേജർ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി. സഹോദരങ്ങൾ - സിന്ധു, സിജി, സിസ്റ്റർ അഞ്ജിത മരിയ

# ഫീദെസ് ഫാമിലി ക്വിസ് - 2023

**താമരശ്ശേരി:** 2023 താമരശ്ശേരി രൂപത കലണ്ടറും വിശുദ്ധ കുർബാന പുസ്തകവും അടിസ്ഥാനമാക്കി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ ഫീദെസ് ഫാമിലി ക്വിസ് -2023 സംഘടിപ്പിക്കുന്നു. രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരു കുടുംബത്തിലെ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം. ഇടവക തലം, രൂപതാ തലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്.

2023ലെ താമരശ്ശേരി രൂപത കലണ്ടർ (60%), വിശുദ്ധ കുർബാന പുസ്തകം- റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠന വിഷയങ്ങൾ.

ഒന്നാംഘട്ട മത്സരം ഓൺലൈനാണ്. കലണ്ടറിൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്യുമ്പോൾ ലഭിക്കുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ അയയ്ക്കണം. സംശയങ്ങൾക്ക് 8921835701 എന്ന വാട്സ്പ്പ് നമ്പറിൽ ബന്ധപ്പെടാം. ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 30 ഞായറാഴ്ച.

പ്രായഭേദമെന്യേ ഒരു കുടുംബത്തിലെ ആർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് രൂപതാതല രണ്ടാംഘട്ട മത്സരത്തിന് യോഗ്യത നേടുന്നത്. രണ്ടാംഘട്ട മത്സരം 2023 ജൂൺ 10 ശനിയാഴ്ച നടക്കും. ഒന്നാം സമ്മാനം: 15,000 രൂപ, രണ്ടാം സമ്മാനം: 10000 രൂപ, മൂന്നാം സമ്മാനം: 5000 രൂപ, കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും.

# വിശുദ്ധിയിലേക്ക് ക്ഷണവുമായി ഹോളി കാരവൻ

**താമരശ്ശേരി:** രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന ഹോളി കാരവൻ തിരുശേഷിപ്പ് പ്രയാണം ആരംഭിച്ചു. മാർച്ച് ഒന്നിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ ആശീർവാദത്തോടുകൂടി രൂപതാ ഭവനിൽ നിന്നും അരംഭിച്ച യാത്രയ്ക്ക് വിലങ്ങാട് സെന്റ് ജോർജ് ഫൊറോന ദേവാലയത്തിൽ സ്വീകരണം നൽകി. വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര ദിവ്യബലി അർപ്പിച്ച് പ്രയാണം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. വാഴ്ത്തപ്പെട്ട കാർലോ അകിറ്റ്സ്, വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വിശുദ്ധ ലൂയി മാർട്ടിൻ- സെലി ഗെരിൻ ദമ്പതികൾ, വിശുദ്ധ പോൾ ആറാമൻ മാർപാപ്പ, വിശുദ്ധ അൽഫോൻസാമ്മ, വിശുദ്ധ മറിയം ത്രേസ്യ, വിശുദ്ധ ചാവറയച്ചൻ, വിശുദ്ധ എവുപ്രാസ്യാമ്മ, വിശുദ്ധ ദേവസഹായം പിള്ള, വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ, വാഴ്ത്തപ്പെട്ട റാണി മരിയ എന്നിവരുടെ തിരുശേഷിപ്പുകൾ ആണ് സംവഹിക്കുന്നത്. 'നമുക്ക് വിശുദ്ധരായ യുവജനങ്ങൾ വേണം, നമുക്ക് വിശുദ്ധരായി യുവജനങ്ങളെ വളർത്തുന്ന വിശുദ്ധരായ മാതാപിതാക്കൾ വേണം, ദിവ്യകാരുണ്യ ഭക്തിയിലൂടെ വിശുദ്ധനായി തീരുന്ന ദൈവജനം വേണം' എന്നീ മൂന്ന് ലക്ഷ്യങ്ങളോടെയാണ് തിരുശേഷിപ്പ് പ്രയാണം സംഘടിപ്പിക്കുന്നത്.

6 -ാം ചരമ വാർഷികം
(25 - 03 - 2023)



വി.ഡി പൗലോസ്
വെള്ളപ്ലാക്കൽ, വേനപ്പാറ
മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക് തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാക്കണമേ.
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

സ്വർഗത്തിൽ ആറാം പിറന്നാൾ
(19-04-2023)



സാവിയോ വിനു
കാലായിൽ, ചക്കിട്ടപാറ
ജനനം: 02-04-2009 മരണം: 19-04-2017
തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്
(സങ്കീർത്തനം: 116-15)
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

ഒന്നാം ചരമ വാർഷികം
(05-04-2023)



ഏലിയാമ്മ തോമസ്
പുതിയവീട്ടിൽ, കുണ്ടുതോട്
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# ഗലീല തടാകവും പരിസര പ്രദേശങ്ങളും

**ഗലീല തടാകവും പരിസര പ്രദേശങ്ങളും യേശുവിന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്നു. തിബേരിയാസ്, കഫർണാം, മഗ്ദനലന, അഷ്ടസൗഭാഗ്യങ്ങളുടെ മല, പരമാധികാരത്തിന്റെ പള്ളി തുടങ്ങി രക്ഷാകര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒട്ടേറെ കേന്ദ്രങ്ങൾ ഇവിടെയാണ്**



**തീർത്ഥാടനം**

**ഫാ. ജോസഫ് കാപ്പിൽ**

ഗലീലാ പ്രദേശത്തോട് യാത്ര പറയുന്നതിന് മുമ്പ് ഇനിയും നാം സന്ദർശിക്കേണ്ട തീർത്ഥാടന കേന്ദ്രങ്ങളായ പരമാധികാരത്തിന്റെ പള്ളി, താബ്ഗാ,അഷ്ടസൗഭാഗ്യങ്ങളുടെ മല, മഗ്ദല, തിബേരിയാസ്, കൊറോസിൻ, ബെദ്സെയ്ദ എന്നിവയാണ് ഈ ലക്കത്തിൽ നാം കാണുക. തടാകത്തിന്റെ വടക്കേതീരത്തെ ഏറ്റവും പ്രധാനപ്പെട്ട പട്ടണമായിരുന്നു കഫർണാം. (കഫർണാമിനെ പറ്റി നാം ദീർഘമായി കണ്ടുകഴിഞ്ഞതാണ്) ഈ പട്ടണത്തിന്റെ പ്രവേശനകവാടത്തിന്റെ ബോർഡിൽ എഴുതിയിരിക്കുന്നതിപ്രകാരമാണ് "Cupharnaum, the Town of Jesus"

**പരമാധികാരത്തിന്റെ പള്ളി:** കഫർണാമിൽ നിന്നും ഏകദേശം ഒന്നരകിലോമീറ്റർ പടിഞ്ഞാറ് ഭാഗത്ത് തടാകതീരത്ത് തന്നെയുള്ള പള്ളിയാണിത്. ഇവിടെ നടന്ന പ്രധാന രക്ഷാകര സംഭവം, വി. യോഹന്നാൻ 21/1–14 ൽ വിവരിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ്, ആശയറ്റ് പഴയജീവിത രീതിയിലേക്ക് മടങ്ങി, മീൻ പിടിത്തത്തിന് ഇറങ്ങിയ അപ്പസ്തോലന്മാർക്ക്, കടൽ തീരത്ത് പ്രത്യക്ഷപ്പെടുന്നതും, അത്ഭുതകരമായ മീൻപിടിത്തവും, അപ്പസ്തോലന്മാർക്കായി ഈശോ ഒരുക്കിയ പ്രാതൽ, അവരോടൊരുമിച്ചിരുന്ന് കഴിച്ചതും, അതിനുശേഷം പത്രോസിന് താൻ സ്ഥാപിക്കുവാൻ പോകുന്ന സഭയുടെ പരമാധികാരം നൽകിയതുമായ സംഭവം നടന്ന പുണ്യസ്ഥലമാണിത്. ഈശോ മൂന്ന് പ്രാവശ്യം പത്രോസിനെകൊണ്ട്, തന്നെ സ്നേഹിക്കുന്നു എന്ന് ഏറ്റുപറയിപ്പിച്ച്, "എന്റെ കുഞ്ഞാടുകളെ നീ മേയ്ക്കുക" എന്ന് പറഞ്ഞ് പത്രോസിന് സഭയുടെ മേൽപരമാധികാരം നൽകുകയാണ്. അവിടെ പണിതുയർത്തിയിരിക്കുന്ന ഒരു കൊച്ചു ദേവാലയത്തെ പരമാധികാരത്തിന്റെ പള്ളിയെന്ന് വിളിക്കുന്നു. ഇതിനുള്ളിൽ കാണുന്ന പാറമേൽ ഈശോ തന്നെ ഭക്ഷണം ഒരുക്കി. "വന്ന് പ്രാതൽ കഴിക്കുവിൻ"എന്ന് പറഞ്ഞ്, അവരെയെല്ലാം ഒരുമിച്ചുകൂട്ടി ഭക്ഷണം കഴിച്ചു. ആ പാറമേൽ ഇന്ന് എഴുതി സൂക്ഷിച്ചിരിക്കുന്ന ഫലകത്തിന്മേൽ "മെൻസാക്രിസ്തി" എന്ന് എഴുതിയിരിക്കുന്നു. അതായത് "ക്രിസ്തുവിന്റെ ഭക്ഷണമേശ" എന്നാണിതിനർത്ഥം. ആറാം പൗലോസ് മാർപാപ്പ വിശുദ്ധ നാട് സന്ദർശിച്ചപ്പോൾ ഈ പാറമേൽ സ്യാഷ്ടാംഗം പ്രണമിച്ച് പ്രാർത്ഥിക്കുകയും ചുംബിക്കുകയും ചെയ്തു. ഒരു മാർപാപ്പയെ സംബന്ധിച്ച് ഈ സ്ഥാനം ഏറ്റവും പ്രധാനപ്പെട്ടതാണ്. കാരണം പത്രോസിന്റെ പിൻഗാമിയായിട്ടാണല്ലോ മാർപാപ്പ സഭയുടെ പരമാധികാരം കയ്യാളുന്നത്.

ഈ പാറമേൽ തീർത്ഥാടകരായി എത്തുന്നവർ സ്രാഷ്ടാംഗം പ്രണമിച്ച് ചുംബിക്കുന്നു. ഈ പള്ളിക്കുള്ളിലും, പുറത്ത് പല സ്ഥാനങ്ങളിലുമായി വി. കുർബാനയർപ്പിക്കുാവനുള്ള സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്.


കർത്താവ്, അധികാരത്തിന്റെയും ഇടയന്റെയും ചിഹ്നമായി വടി പത്രാസിനെ ഏൽപിക്കുന്നു. ഹൃദയസ്പർശിയായ ഒരു പ്രതിമയും പള്ളിയുടെ മുൻഭാഗത്ത് സ്ഥാപിച്ചിരിക്കുന്നു. ഇവിടെനിന്ന് തടാകത്തിലേക്ക് ഇറങ്ങിച്ചെന്ന് തടാകത്തിലെ വെള്ളത്തിൽ കാലുറപ്പിച്ച് നിൽക്കാനും വെള്ളം കോരിയെടുക്കാനും സാധിക്കും.



അഷ്ടസൗഭാഗ്യങ്ങളുടെ പള്ളി



അപ്പം വച്ച് വർധിപ്പിച്ച പാറ



അപ്പം വർധിപ്പിച്ച പള്ളി

**താബ്ഗാ:** പരമാധികാരത്തിന്റെ പള്ളിയോട് ചേർന്ന് കിടക്കുന്ന അടുത്ത പുണ്യസ്ഥാനമാണ് താബ്ഗാ. തടാകതീരത്തു സ്ഥിതിചെയ്യുന്ന ഈ സ്ഥാനത്തുവെച്ചാണ് കർത്താവ്, അഞ്ചപ്പവും രണ്ട് മീനും വർദ്ധിപ്പിച്ച്. സ്ത്രീകളും കുട്ടികളും ഒഴികെ, അയ്യായിരത്തോളം പുരുഷൻമാർക്ക് നൽകിയത്. പുരുഷന്മാരോടൊരുമിച്ച് സ്ത്രീകളും കുട്ടികളുംകൂടി ചേരുമ്പോൾ എത്ര ആയിരമെന്നത് നമുക്ക് ഊഹിച്ചെടുക്കാവുന്നതാണ്. (മത്താ 14/1321) മർക്കോ. 6/3044, ലൂക്കാ 9/1017, യോഹ.6/113) നാല് സുവിശേഷകന്മാരും ഈ സംഭവം വിവരിക്കുന്നുണ്ട്. ഈ സ്ഥാനത്തിന് താബ്ഗാ എന്നാണ് പേര്. 7 നീരുറവകളാണ് ഇവിടെനിന്ന് പൊട്ടിപുറപ്പെട്ട് വെള്ളം തടാകത്തിലേക്ക് ഓഴുകുന്നത്. ഈ സ്ഥാനത്ത് ബെനഡിക്റ്റൻ സന്യാസിമാരുടെ ഒരു ദേവാലയം പണിചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ പ്രധാന അൾത്താരയുടെ ചുവട്ടിലായി, ഈശോ അപ്പം വെച്ച് ആശീർവദിച്ച പാറയുടെ ഭാഗവും കാണാം. ഒപ്പം, നിലത്ത് രണ്ട് മത്സ്യങ്ങളും ഒരു അപ്പകുട്ടയുടേതുമായ ഒരു മൊസയിക്ക് ചിത്രവും സ്ഥാപിച്ചിരിക്കുന്നു. താബ്ഗാ എന്ന പദം 7 നീരുറവകൾ എന്ന ഗ്രീക്ക് പദം ലോപിച്ചുണ്ടായതാണ്.

## അഷ്ടസൗഭാഗ്യങ്ങളുടെ മല

പരമാധികാര പള്ളിയുടെയും, താബ്ഗായുടെയും വടക്ക് ഭാഗത്ത് ഉയർന്നുനിൽക്കുന്ന മലയാണ്, അഷ്ടസൗഭാഗ്യങ്ങളുടെ മല. ഈശോ വലിയ ജനക്കൂട്ടത്തെ കണ്ടപ്പോൾ മലയിലേക്ക് കയറി. ജനമെല്ലാം അവിടേക്ക് ചെന്നു. മലമുകളിലിരുന്ന്, ഈശോ നൽകിയ അഷ്ടസൗഭാഗ്യങ്ങൾകൊണ്ടാരംഭിക്കുന്ന ദീർഘമായ പ്രബോധനം വി. മത്തായി 5,6,7 അധ്യായങ്ങളിൽ നാം വായിക്കുന്നു. ഈ രക്ഷാകര സംഭവത്തിന്റെ ഓർമ്മയ്ക്കായി, ആ സ്ഥാനത്ത് പണിതുയർത്തിയിരിക്കുന്ന ദൈവാലയമാണ് അഷ്ടസൗഭാഗ്യങ്ങളുടെ ദേവാലയം. അഷ്ടസൗഭാഗ്യങ്ങളുടെ ഓർമ്മ നിലനിർത്തത്തക്കവിധത്തിൽ 8 അഷ്ടസൗഭാഗ്യങ്ങളുള്ള ഈ ദൈവാലയം, ഗലീലാ തടാകത്തിന് അഭിമുഖമായി നിൽക്കുന്ന കാഴ്ച ഏറ്റവും ഹൃദയഹാരിയാണ്. ദൈവാലയത്തിന്റെ ചുറ്റുവട്ടവും മനോഹരമായ പൂന്തോട്ടങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. അവിടെയൊക്കെ ദിവ്യബലി അർപ്പിക്കുവാനും, കൂട്ടം കൂട്ടമായിരുന്ന് പ്രാർത്ഥിക്കുവാനും സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ സ്ഥലവും ദൈവാലയവുമെല്ലാം പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിന്റെ ഫ്രാൻസിസ്ക്കൻ മിഷ്നറിമാരാണ് സംരക്ഷിക്കുന്നത്. വലിയൊരു ദൈവാനുഭവം ഈ സ്ഥലത്തുനിന്ന് ആർക്കും സ്വന്തമാക്കാൻ കഴിയും.



അഷ്ട സൗഭാഗ്യങ്ങളുടെ മലയും പള്ളിയും

## മഗ്ദലനപട്ടണം

ഇനിയും തടാക തീരത്തുകൂടെ നടന്നു നീങ്ങുമ്പോൾ, തടാകത്തിന്റെ വടക്ക് പടിഞ്ഞാറെ തീരത്ത് നാശത്തിന്റെ പ്രതീകമായി, തകർന്നടിഞ്ഞ് കിടക്കുന്ന ഒരു പട്ടണാവശിഷ്ടങ്ങൾ കാണാൻ കഴിയും. അതായിരുന്നു മഗ്ദലന പട്ടണം. യേശുവിന്റെ ശിഷ്യകളിൽ ഒരുവളായ മറിയത്തിന്റെ സ്വദേശപട്ടണമാണിത്. മഗ്ദലയിൽ നിന്നുള്ളവൾ എന്ന അർത്ഥത്തിലാണ് മറിയത്തിന് മഗ്ദലനമറിയം എന്ന പേര് ലഭിച്ചത്. യേശുവിനെ അനുഗമിച്ച സ്ത്രീകളെപ്പറ്റി ലൂക്കാസുവിശേഷകൻ പറയുന്നത് ഇപ്രകാരമാണ്. ഏഴ് ദുഷ്ടാത്മാക്കൾ വിട്ടുപോയവളും, "മഗ്ദലന എന്നുവിളിക്കപ്പെടുന്നവളുമായ മറിയവും അവരോടൊപ്പമുണ്ടായിരുന്നു" ഈശോയിൽ നിന്ന് രക്ഷ സ്വീകരിച്ച മഗ്ദലനമറിയം, ജീവിതാന്ത്യം വരെ ധീരമായിത്തന്നെ യേശുവിനെ പിന്തുടർന്നു. ഈശോയുടെ കാൽവരിയിലെ കുരിശിലെ ബലിയുടെ സമയത്ത് അവൾ കുരിശിൻ ചുവട്ടിലുണ്ടായിരുന്നു. യേശുവിന്റെ ഉത്ഥാനത്തിന്റെ ആദ്യ സാക്ഷിയായിത്തീരാനുള്ള ഭാഗ്യം അവൾക്ക് ലഭിക്കുകയും ചെയ്തു.

മഗ്ദല മുതൽ തടാകത്തിന്റെ വടക്ക് പടിഞ്ഞാറെ തീരം മുഴുവനും– ഏതാണ് 6 കി.മീറ്റർ നീളത്തിലും 3 കി. മീറ്റർ വീതിയിലും കിടക്കുന്ന മനോഹരമായ സമതല പ്രദേശമാണ്. വളരെയേറെ ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് ധാരാളം ഒലീവ്, മാവ്, മുന്തിരി, വാഴത്തോട്ടങ്ങളാൽ സമൃദ്ധമാണ്.

## തിബേരിയാസ് പട്ടണം

ഗലീലാതടാകത്തിന്റെ പടിഞ്ഞാറെ തീരത്ത് മഹാനായ ഹേറോദേസിന്റെ മകനായ ഹെറോദേസ് അന്തിപ്പാസ് പണികഴിപ്പിച്ച പട്ടണമാണ് തിബേരിയാസ്. റോമൻ ചക്രവർത്തിയായിരുന്ന തിബേരിയൂസ് സീസറിന്റെ ബഹുമാനാർത്ഥമാണ് തിബേരിയാസ് എന്ന് ഈ പട്ടണത്തിന് പേര് നൽകിയത്. ഇന്ന് ധാരാളം ടൂറിസ്റ്റുകളും വിനോദയാത്രക്കാരും തങ്ങളുടെ അവധിക്കാലം ചിലവഴിക്കുന്ന ഒരു വലിയ ആധുനിക നഗരമാണിത്. പട്ടണവാസികൾ മുഴുവനും യഹൂദരാണ്. ഗലീലാതടാകത്തിന് അഭിമുഖമായി പത്ത് മുതൽ ഇരുപത് നിലകൾ വരെ ഉയർത്തി പണിതിരിക്കുന്ന ഹോട്ടൽ മുറികളിലിരുന്നാൽ ഗലീലാ തടാകം മുഴുവന്റേയും അതിന്റെ ചുറ്റുമുള്ള മനോഹരമായ തീരപ്രദേശങ്ങളും നോക്കിക്കണ്ട് ആസ്വദിക്കാം. ഇവിടെയെല്ലാം ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഒക്കെ ലഭിക്കുന്ന ഒരു പ്രത്യേക വിഭവമാണ് "പത്രോസിന്റെ മീൻ" (St.Peters Fish) ഗലീലാ തടാകം സന്ദർശിക്കുന്ന ആരും പത്രോസിന്റെ മീൻ ഒരിക്കലെങ്കിലും കഴിക്കാതെ മടങ്ങാറില്ല. "ബാർബൂത്ത"എന്ന പേരിലറിയപ്പെടുന്ന ഈ മത്സ്യം ഗലീലാതടാകത്തിൽ സമൃദ്ധമായി വളരുന്നു. യേശുവിനും ശിഷ്യന്മാർക്കും വേണ്ടി ദേവാലയ നികുതി കൊടുക്കാൻ പത്രോസ് ചൂണ്ടയിട്ടപ്പോൾ ലഭിച്ച മത്സ്യം ഈ വർഗത്തിൽപ്പെട്ടതായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു.(മത്താ.17/24–27) അങ്ങനെയാണ് ഈ മത്സ്യത്തിന് "പത്രോസിന്റെ മീൻ" എന്ന പേര് ലഭിച്ചത്. ഈ മത്സ്യം പൊരിച്ച്, അലങ്കരിച്ച്, മുറിക്കാതെ പ്ലേറ്റിനുള്ളിൽ നിറുത്തിയും കിടത്തിയും ഒക്കെ തീർത്ഥാടകരുടെയും ടൂറിസ്റ്റുകളുടെയും ഭക്ഷണമേശയിൽ നിരത്തി ഹോട്ടലുകാർ കൊള്ളലാഭം ഉണ്ടാക്കുന്നു. പൊരിച്ച ഒരു പത്രോസിന്റെ മീൻ ലഭിക്കണമെങ്കിൽ ഏകദേശം 750 മുതൽ 1000 രൂപവരെ കൊടുക്കണം. ഈ മത്സ്യത്തിന് ഏകദേശം 1 അടിയോ. 1 കാൽ അടിയോ നീളവും 6 അടി വീതിയും ഉണ്ടാകും. ഇത് കഴിച്ച് തീർക്കാൻ തന്നെ സമയമെടുക്കും.

## ബദ്സൈദാ കൊറാസീൻ

ബദ്സൈദാ ഒരു പഴയ മുക്കുവരുടെ പട്ടണമായിരുന്നു. തടാകത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്തിരുന്ന ഈ പട്ടണം പത്രോസ്, അന്ത്രയോസ്, ഫിലിപ്പ് എന്നിവരുടെ ഒരു സ്ഥലമായി കണക്കാക്കപ്പെടുന്നു. ( യോഹ 1/40) ഈശോ പറയുന്ന കൊറാസിൻ ഗലീലയിലെ തടാകതീരത്തിന്റെ വടക്ക് ഭാഗത്തെ വലിയൊരു യഹൂദ പാർപ്പിട സ്ഥലമായിരുന്നു. ഇവിടെയും ഈശോ സുവിശേഷം പ്രസംഗിച്ചു. എന്നാൽ ഈ രണ്ടു പട്ടണങ്ങളും ഈശോയുടെ പഠനങ്ങളെ തിരസ്ക്കരിക്കുകയാണുണ്ടായത്. അതിനാൽ ഇവ രണ്ടിനേയും ഈശോ ശപിക്കുന്നതായി മത്തായി 11/12ൽ നാം വായിക്കുന്നു. "കൊറാസീൻ നിനക്ക് ദുരിതം..ബെദ്സെയ്ദ നിനക്ക് ദുരിതം...വിധി ദിവസത്തിൽ ടയറിനും, സീദോനും നിങ്ങളെക്കാൾ ആശ്വാസമുണ്ടാകുമെന്ന് ഞാൻ നിങ്ങളോടുപറയുന്നു."

അടുത്ത ലക്കത്തിൽ പുണ്യ നദിയായ ജോർദാൻ, ദൈവത്തെ സ്തുതിച്ച് മഹത്വപ്പെടുത്തുവാനെന്നോണം ഉയർന്നു നിൽക്കുന്ന ഹെർമോത്ത്, കാർമ്മൽ, താബോർ മലകളെപ്പറ്റി ചിന്തിക്കാം. തുടർന്ന് ഗലീലാ പ്രദേശത്തോട് വിടചൊല്ലി പാലസ്തീനായുടെ മദ്ധ്യഭാഗമായ സമറിയായിലേക്ക് പ്രവേശിക്കും.

ഫ്രാൻസിസ് പാപ്പയുടെ ഹംഗറി സന്ദർശനത്തിന്റെ മുന്നോടിയായി പുറത്തിറക്കിയ ലോഗോ

## ഫ്രാൻസിസ് പാപ്പയുടെ ഹംഗറി സന്ദർശനം ഏപ്രിൽ 28 മുതൽ

ഫ്രാൻസിസ് മാർപാപ്പ ഏപ്രിൽ 28 മുതൽ 30 വരെ ഹംഗറി സന്ദർശിക്കും. ക്രിസ്തീയ മൂല്യങ്ങൾക്ക് സുപ്രധാന സ്ഥാനം നൽകുന്ന രാജ്യമാണ് ഹംഗറി. പീഡിത ക്രൈസ്തവരെ സഹായിക്കുന്നതിൽ മുൻനിരയിലുള്ള രാജ്യവുമാണ് അത്.

ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽ 2021 സെപ്തംബറിൽ നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിൽ മാർപാപ്പ സംബന്ധിച്ചെങ്കിലും ഏതാനും മണിക്കൂർ മാത്രമാണ് മാർപാപ്പയ്ക്ക് അവിടെ ചെലവഴിക്കാനായത്. ഇപ്രാവശ്യത്തെ യാത്രയിൽ അഭയാർത്ഥികളെയും പാവപ്പെട്ടവരെയും പാപ്പ സന്ദർശിക്കുന്നുണ്ട്. പാപ്പയുടെ 41-ാമത്തെ അന്താരാഷ്ട്ര യാത്രയാണിത്.

പരമ്പരാഗത വിവാഹ- കുടുംബ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുകയും പ്രോ-ലൈഫ് നിലപാടുകൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന യൂറോപ്യൻ രാജ്യമാണ് ഹംഗറി. യുദ്ധക്കെടുതികൾ മൂലം പലായനം ചെയ്യുന്ന ഉക്രേനിയൻ ജനതയ്ക്ക് ഹംഗേറിയൻ ഭരണകൂടം സംരക്ഷണം നൽകുന്നുണ്ട്. ഇക്കാര്യത്തിൽ ഹംഗേറിയൻ പ്രധാനമന്ത്രിയായ വിക്ടർ ഓർബനിനെ മാർപാപ്പ നേരിട്ട് നന്ദി അറിയിച്ചിരുന്നു. ഹംഗറിയിലെ ജനസംഖ്യയുടെ പകുതിയിൽ അധികവും അതായത് 54 ശതമാനവും ക്രിസ്തീയ വിശ്വാസികളാണ്. ഇതിൽ 38ശതമാനവും കത്തോലിക്കാ സഭാംഗങ്ങളാണ്.

# ഭയം മുന്നറിയിപ്പു നൽകുന്ന അമ്മയെപ്പോലെ: ഫ്രാൻസിസ് പാപ്പ



ഭയത്തെ മുന്നറിയിപ്പ് നൽകുന്ന അമ്മയുമായി ഉപമിക്കാമെന്ന് ഫ്രാൻസിസ് മാർപാപ്പ അഭിപ്രായപ്പെട്ടു. എന്നാൽ അമിതമായ ഭയം ക്രിസ്തീയ മനോഭാവമല്ല. അമിതഭയം നമ്മെ തളർത്തിക്കളയും അതിനാൽ നമ്മെ കീഴ്പ്പെടുത്താൻ ഭയത്തെ അനുവദിക്കരുത് - പാപ്പ ഉദ്ബോധിപ്പിച്ചു. ഇറ്റലിയിലെ പ്രമുഖ മനഃശാസ്ത്രജ്ഞൻ സാൽവൊ നൊയേയ്ക്ക് നൽകിയ അഭിമുഖത്തിലാണ് അമിത ഭയത്തിൽനിന്ന് അകന്നു നിൽക്കേണ്ടതിന്റെ പ്രസക്തി പാപ്പ പങ്കുവെച്ചത്.

തീരുമാനങ്ങൾ എടുക്കുമ്പോഴെല്ലാം 'ഇത് ഇങ്ങനെ ചെയ്താലോ' എന്ന ചോദ്യം താൻ സ്വയം ചോദിക്കാറുണ്ടെന്ന് പറഞ്ഞ പാപ്പ തെറ്റു പറ്റുമോ എന്ന ചെറിയ ഭയമാണിതിന് കാരണമെന്ന് ചൂണ്ടിക്കാണിക്കുന്നു. ഇവിടെ ശ്രദ്ധയോടെ തീരുമാനങ്ങൾ കൈക്കൊള്ളാൻ ഭയം തന്നെ സഹായിക്കുമെന്ന് പറയുന്ന പാപ്പ അതേ സമയം ഭയം തന്നെ കീഴ്പ്പെടുത്തുന്നില്ലെന്നും വ്യക്തമാക്കുന്നുണ്ട്.

ഭയം മുന്നറിയിപ്പേകുന്ന അമ്മയെപ്പോലെയാണ്. എന്നാൽ അമിതഭയം നമ്മെ മുറിവേൽപ്പിക്കുകയും ദുർബലപ്പെടുത്തുകയും തളർത്തുകയും ചെയ്യുന്നു. ഭയം കീഴ്പ്പെടുത്തിയാൽ ഒരുവൻ ചലനരഹിതനായി എന്തുചെയ്യണമെന്നറിയാതെ അവസ്ഥയിലെത്തുന്നു. ജനങ്ങളുടെ കൂടെയായിരിക്കുക എന്നതാണ് ഭയത്തിനുള്ള മറുമരുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## "സമ്പത്തോ ജോലിയോ അല്ല, ദൈവവുമായുള്ള ബന്ധമാണ് പ്രധാനം"

സമ്പത്തോ തൊഴിലോ അല്ല, ദൈവവുമായുള്ള നമ്മുടെ ബന്ധമാണ് പരമപ്രധാനമെന്ന് മാർപാപ്പ ഉദ്ബോധിപ്പിച്ചു. മെക്സിക്കോയിൽ നിന്നുള്ള സംരംഭകരുടെ സംഘത്തെ വത്തിക്കാനിൽ സ്വീകരിച്ച് അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിജയത്തേക്കാൾ പ്രധാനപ്പെട്ടത് ആത്മീയ മൂലധനമാണെന്ന് മാർപാപ്പ അവരെ ഓർമിപ്പിച്ചു.

ഇന്ന് ലോകമെമ്പാടുമുള്ള പല സമൂഹങ്ങളിലും കുടുംബബോധം നഷ്ടപ്പെടുന്നതിലുള്ള ഖേദം പാപ്പ പങ്കുവെച്ചു. ക്ഷമ, സ്നേഹം, സംവാദം എന്നിവയിലൂടെ കുടുംബത്തിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടും. പരസ്പരം സഹായിക്കാൻ അഭിപ്രായങ്ങൾ പങ്കിടുന്നതും പരസ്പരം ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതും പ്രധാനപ്പെട്ടതാണ്. മറ്റെന്തിനേക്കാൾ ഉപരി പൊതുനന്മയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്. ഞാൻ, വിജയം, അധികാരം, പണം, എന്ന കേവലം ലൗകികമായ യുക്തിയുടെ മുകളിൽ 'ഞങ്ങൾ' എന്ന യുക്തി കുടുംബത്തിൽ സ്ഥാപിക്കാൻ നമുക്ക് കഴിയണമെന്ന് പാപ്പ ഓർമിപ്പിച്ചു.

ദൈവവുമായുള്ള നമ്മുടെ ബന്ധം ആഴപ്പെടുത്തണം. അതോടൊപ്പം ദൈവത്തിന്റെ സൃഷ്ടിയെ നാം പരിപാലിക്കണം. ആവശ്യമുള്ള അനേകരിലേക്ക് ദൃഷ്ടി തുറക്കാൻ നമ്മെ സഹായിക്കാൻ ഈശോയ്ക്ക് കഴിയും. മാർപാപ്പ കൂട്ടിച്ചേർത്തു.

## യുക്രെയ്ൻ പ്രസിഡന്റ് വൈദികർക്ക് പട്ടാള മെഡലുകൾ സമ്മാനിച്ചു

യുദ്ധമുഖത്ത് അജപാലന ശുശ്രൂഷ ചെയ്ത 3 വൈദികർക്ക് യുക്രെയ്ൻ പ്രസിഡന്റ് വ്ളാഡിമർ സെലൻസ്കി പട്ടാളമെഡലുകൾ സമ്മാനിച്ചു. യുക്രെയിനിലെ ഉന്നത സൈനിക ബഹുമതികളാണ് ഇവ. കൈവ്പെച്ചെർസ്ക് ആശ്രമദേവാലയത്തിലെ യോഗത്തിൽ നേരിട്ടെത്തിയാണ് യുക്രെയ്ൻ പ്രസിഡന്റ് ഉന്നത സൈനിക ബഹുമതികൾ വൈദികർക്ക് നൽകിയത്. ഫാ. റോസ്റ്റിസ്ലാവ് വൈസോചൻ, ഫാ. യൂറി ലെസിഷൻ, ഫാ. യൂറി ലോഗാസ എന്നീ മൂന്ന് യുക്രേനിയൻ ഗ്രീക്ക് കത്തോലിക്കാ വൈദികർക്കാണ് ബഹുമതി ലഭിച്ചത്. മിലിട്ടറി ചാപ്ലയിൻമാർ എന്നാണ് അവർ അറിയപ്പെടുന്നത്.

യുക്രെയ്നിലെ സൈനികരും അവരുടെ പ്രിയപ്പെട്ടവരും അവരോട് ചേർന്ന് നിൽക്കുന്നവരും വൈദികരിൽ വിശ്വസിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നുവെന്ന് പ്രസിഡന്റ് സെലൻസ്കി പറഞ്ഞു. ശത്രുക്കൾ ഇല്ലെങ്കിൽപോലും സഭാസേനാംഗങ്ങൾക്കൊപ്പം നിൽക്കേണ്ട വ്യക്തികളാണ് മിലിട്ടറി ചാപ്ലയിന്മാർ. 'ഞങ്ങൾക്ക് നിങ്ങളുണ്ട് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം' എന്ന് വൈദികരെ അഭിസംബോധന ചെയ്ത് പ്രസിഡന്റ് പറഞ്ഞു. രാജ്യത്തിനുവേണ്ടി പോരാടുന്നവർക്ക് താങ്ങാവുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് പ്രസിഡന്റിന് നന്ദി അർപ്പിച്ചുകൊണ്ട് വൈദികർ വ്യക്തമാക്കി.

## പേപ്പൽ സന്ദർശനം: 71 തടവുകാർക്ക് മാപ്പ് നൽകി സൗത്ത് സുഡാൻ

ഫ്രാൻസിസ് മാർപാപ്പ നടത്തിയ പേപ്പൽ സന്ദർശനത്തിന്റെ ഫലമായി 71 തടവുകാർക്ക് മാപ്പ് നൽകി സൗത്ത് സുഡാൻ പ്രസിഡന്റ്. പ്രത്യേക ഉത്തരവിലൂടെയാണ് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട 36 തടവുകാർക്കും മറ്റു 35 തടവുകാർക്കും മാപ്പ് നൽകിയത്. ക്രിസ്തുമസിന് മുന്നോടിയായി തടവുകാർക്ക് മാപ്പ് നൽകണമെന്നാവശ്യപ്പെട്ട് ഫ്രാൻസിസ് മാർപാപ്പ രാഷ്ട്രതലവന്മാർക്ക് കത്ത് അയച്ചിരുന്നു.

തയ്യാറാക്കിയത്: ഫാ. ജോസഫ് കളത്തിൽ


# വിശുദ്ധനാട് തീർത്ഥയാത്ര

കർത്താവ് ജനിച്ചു ജീവിച്ച അനുഗൃഹീത നാട്ടിലൂടെ ഒരു പുണ്യയാത്ര.



● ജോർദ്ദാൻ ● ഇസ്രായേൽ ● പാലസ്തീൻ ● ഈജിപ്ത്

ജെറുസലേം, നെബോ പർവതം, നസ്രത്ത്, മംഗളവാർത്താ ദേവാലയം, കാന, കഫർണാം, ബത്‌ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, സെഹിയോൻ മാളിക, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻതോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്, ഈജിപ്ത്, പിരമിഡ്. നൈൽ നദിയിലും ഗലീലി തടാകത്തിലും ബോട്ട് യാത്ര, ചാവുകടലിൽ കുളി, ഗത്സമൻ തോട്ടത്തിൽ ആരാധന, കാനായിൽ വിവാഹ വാഗ്ദാന നവീകരണം, ഗാഗുൽത്തായിലേക്ക് കുരിശിന്റെ വഴി.

2023 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ പുറപ്പെടുന്നു.

യാത്രയുടെ ചിത്രങ്ങൾ പെൻഡ്രൈവിൽ നൽകുന്നു എല്ലാ ഗ്രൂപ്പുകളിലും വൈദികരുടെ നേതൃത്വം പരിചയ സമ്പന്നരായ ടൂർ ഗൈഡുകളുടെ സേവനം

Sama Travel
Great Journeys Begin Here

Contact : Fr. Sai Parankulangara: 9544 28 50 18

എല്ലാ യാത്രകളുടെയും ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

# യൂറോപ്പ്- മരിയൻ തീർത്ഥയാത്ര

● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● ഇറ്റലി ● പോർച്ചുഗൽ ● ജർമ്മനി ● ഫ്രാൻസ് ● സ്പെയ്ൻ





കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ഫാത്തിമ

16 ദിവസത്തെ പ്രോഗ്രാം കോഴിക്കോട് നിന്ന് പുറപ്പെടുന്നു. ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

2023 ഒക്ടോബർ ആദ്യവാരം പുറപ്പെടുന്നു

# ഗോവ തീർത്ഥയാത്ര

2023 മേയ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പുറപ്പെടുന്നു





വി. ജോസഫ് വാസിന്റെ ജന്മഗൃഹം, വാഴ്ത്തപ്പെട്ട ആഞ്ചലോയുടെ കബറിടം-ദേവാലയം, മിരാമർ ബീച്ച്, ഡോണപോള ബീച്ച്, കളംഗട്ട് ബീച്ച് , ബോട്ടു യാത്ര, ബോം ജീസസ് കത്തീഡ്രൽ, വി. ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം, ക്രിസ്ത്യൻ മ്യൂസിയം, സെന്റ് അഗസ്റ്റീനിയൻ ചർച്ച്, ഓൾഡ് ഗോവ ചർച്ച്, അഹൂദ ഫോർട്ട്, കോൾവ ബീച്ച്.

യാത്രയടക്കം മൂന്ന് രാത്രി 2 പകൽ കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര

ഗോവ യാത്രയ്ക്ക് ട്രെയ്ൻ ടിക്കറ്റ് ബുക്ക് ചെയ്യേണ്ടതിനാൽ 3 മാസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# അകത്തോലിക്കർക്ക് കുഞ്ഞുങ്ങളുടെ തലതൊടാമോ?



ചോദ്യം ഉത്തരം

റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

**?** അകത്തോലിക്കാസഭയിൽ അംഗമല്ലാത്ത ഒരു വ്യക്തിക്കു കത്തോലിക്കരുടെ മാമോദീസ കർമത്തിൽ തലതൊടുന്നവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കുമോ? എന്റെ കുടുംബത്തിൽ കുഞ്ഞിന്റെ അമ്മയുടെ വീട്ടുകാർ ഓർത്തഡോക്സ് സഭയിലെ അംഗങ്ങളാണ്. അവരെക്കൊണ്ടു കുഞ്ഞിന്റെ തലതൊടണമെന്നു ഞങ്ങൾക്കും അത് ചെയ്യുന്നതിനു അവർക്കും ആഗ്രഹമുണ്ട്. സഭാനിയമം അതിന് അനുവദിക്കുന്നുണ്ടോ?

● **ബെന്നി തോമസ് കോലഞ്ചേരി**

ഈ വിഷയം മറ്റൊരു തലത്തിൽനിന്നു നേരത്തെ വിശകലനം ചെയ്തിട്ടുണ്ടെങ്കിലും അടുത്തകാലത്തായി മിശ്രവിവാഹങ്ങളുടെ എണ്ണം വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഈ ചോദ്യം പല രൂപത്തിൽ ഉന്നയിക്കപ്പെടുന്നതിനാൽ ബെന്നിയുടെ ചോദ്യം ഇത്തവണ എടുക്കാമെന്ന് വച്ചു. ചോദ്യത്തിലേക്ക് നേരിട്ടു കടക്കുന്നതിനുമുൻപ് തലതൊടുന്നവരുടെ ഉത്തരവാദിത്വം എന്തെന്നും തലതൊടുന്നവർക്കു ഉണ്ടാകേണ്ട യോഗ്യതകൾ ഏവയെന്നും സഭാനിയമങ്ങളുടെ അടിസ്ഥാനത്തിൽ മനസിലാക്കുന്നത് ആവശ്യമാണ്.

സഭയുടെ അതിപുരാതനമായ പാരമ്പര്യമനുസരിച്ചു മാമോദീസ സ്വീകരിക്കുമ്പോൾ തലതൊടുന്നവർ ഉണ്ടായിരിക്കേണ്ടതാണ് (CCEO c. 684§1). മാമോദീസ സ്വീകരിക്കുന്ന വ്യക്തിയെ സഭയുടെ മുമ്പിൽ സമർപ്പിക്കുക, പുതിയതായി വിശ്വാസം സ്വീകരിച്ചവരെ സഭാജീവിതത്തിലേക്കു നയിക്കുകയും വിശ്വാസത്തിൽ പരിശീലിപ്പിക്കുകയും ചെയ്യുക എന്നിവയാണ് തലതൊടുന്ന വ്യക്തികളുടെ ഉത്തരവാദിത്തങ്ങൾ (CCEO c. 684 §2).

തലതൊടുന്നവർ ആരായിരിക്കണം എന്നതിനുള്ള ഉത്തരം അവർ നിർവഹിക്കേണ്ട ഉത്തരവാദിത്തങ്ങളുമായി ബന്ധപ്പെടുത്തിയാണു സഭ നൽകുന്നത്. പൗരസ്ത്യ നിയമസംഹിതയും ലത്തീൻ കാനൻ നിയമവും തലതൊടുന്ന വ്യക്തിക്കു ഉണ്ടായിരിക്കേണ്ട യോഗ്യതകളെ എടുത്തുപറയുന്നുണ്ട് (CCEO c. 685, CIC c. 874). i) മാമോദീസയും സ്ഥൈര്യലേപനവും വി. കുർബാനയും സ്വീകരിച്ച വ്യക്തിയായിരിക്കണം. ii) കത്തോലിക്കാ സഭാംഗമായിരിക്കണം. iii) തലതൊടുന്നവരെ തിരുസഭ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സന്നദ്ധത ഉണ്ടായിരിക്കണം. iv) മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയോ, അയാളുടെ മാതാപിതാക്കളോ, മാതാപിതാക്കളില്ലെങ്കിൽ അവരുടെ സ്ഥാനത്ത് നിൽക്കുന്നവരോ, അങ്ങനെയാരുമില്ലെങ്കിൽ കാർമികനോ തലതൊടുന്നവരെ ഈ ഉത്തരവാദിത്വം ഏൽപ്പിക്കണം. v) തലതൊടുന്നവർ മാതാപിതാക്കളോ ജീവിതപങ്കാളിയോ ആകാൻ പാടില്ല. vi) സഭയിൽനിന്നു പുറത്താക്കപ്പെട്ടവരോ സഭാപരമായ ശിക്ഷയിൽ ഉൾപ്പെട്ടവരോ ആയിരിക്കരുത്. vii) തലതൊടുന്ന വ്യക്തികൾക്കു വ്യക്തിസഭകൾ നിശ്ചയിക്കുന്ന പ്രായം ഉണ്ടായിരിക്കണം. (സീറോമലബാർസഭയിൽ തലതൊടുന്ന വ്യക്തികൾക്കു 18 വയസ്സ് പൂർത്തിയായിരിക്കണം: Particular Law Art. 132§1. ലത്തീൻ സഭാനിയമപ്രകാരം 16 വയസ്സ് പൂർത്തിയായാൽ മതിയാകുന്നതാണ്: CIC c. 874).

മാമോദിസ സ്വീകരിക്കുന്ന വ്യക്തിയുടെ വിശ്വാസവളർച്ചയെ പരിപോഷിപ്പിക്കാൻ കടമയുള്ളവരാണ് തലതൊടുന്നവർ. അതിനാൽത്തന്നെ സഭാജീവിതം നയിക്കുന്നവരും കൂദാശകൾ സ്വീകരിക്കുന്നവരും ഉതപ്പില്ലാത്ത ജീവിതം നയിക്കുന്നവരുമാകണം തലതൊടുന്നവർ. ഇത് ഉറപ്പുവരുത്തുന്നതിനാണ്, തലതൊടുന്നവർ മാമോദീസ നടക്കുന്ന ഇടവകയ്ക്കു പുറത്തുനിന്നുള്ളവരാണെങ്കിൽ തങ്ങളുടെ വികാരിയച്ചന്റെ കത്തു കൊണ്ടുവരണമെന്ന് സീറോമലബാർസഭയുടെ പ്രത്യേക നിയമം (Art. 132 §2) അനുശാസിക്കുന്നത്. പൗരസ്ത്യ നിയമമനുസരിച്ച് മാമ്മോദീസ വഴി ഉണ്ടാകുന്ന ആദ്ധ്യാത്മിക ബന്ധം രക്തബന്ധം പോലെ പ്രധാനപ്പെട്ടതാണ്. അതിനാൽ "മാമോദിസയിൽ തലതൊടുന്ന വ്യക്തിക്കു മാമ്മോദീസ സ്വീകരിക്കുന്ന ആളുമായും അയാളുടെ മാതാപിതാക്കളുമായും ആത്മീയബന്ധം ഉണ്ടാകുന്നതുകൊണ്ട് അവർ തമ്മിലുള്ള വിവാഹത്തിന് ഈ ബന്ധം തടസ്സമാണ്" (CCE-O c. 811 §1).

ഇത്രയും പറഞ്ഞതിനുശേഷം ചോദ്യത്തിന്റെ ഉത്തരം പറയുന്നതിനുമുൻപ് ഒരു കാര്യം കൂടി വ്യകതമാക്കേണ്ടതുണ്ട്. മാമോദീസായിൽ ഒരു കുഞ്ഞിന്റെ തലതൊടുന്നതിനു എത്ര വ്യക്തികൾ ഉണ്ടായിരിക്കണം എന്നതിന്റെ ഉത്തരം വളരെ പ്രധാനപ്പെട്ടതാണ്. തലതൊടുന്നവർ രണ്ടുപേർ ആയിരിക്കണമെന്നു നിയമം പറയുന്നില്ല. നിയമം പറയുന്നത് ഒരാളെങ്കിലും ഉണ്ടായിരിക്കണം (CCEO c. 684) എന്നാണ്. അതിനർത്ഥം ഒന്നോ, രണ്ടോ, അതിൽ കൂടുതലോ ആകാം എന്നതാണ്. ഒരാളാണ് തലതൊടുന്നതെങ്കിൽ അതു പുരുഷനോ സ്ത്രീയോ ആകാം എന്നത് നിയമത്തിൽനിന്ന് അനുമാനിക്കാവുന്നതാണ്. ലത്തീൻ നിയമത്തിൽ രണ്ടു വ്യക്തികൾ തലതൊടുന്നുണ്ടെങ്കിൽ ഒരു പുരുഷനും ഒരു സ്ത്രീയുമായിരിക്കണമെന്ന് (CIC c. 873) പറയുമ്പോൾ അത്തരത്തിലുള്ള നിബന്ധനകളൊന്നും പൗരസ്ത്യ നിയമം മുന്നോട്ടുവയ്ക്കുന്നില്ല. ഇക്കാര്യത്തിൽ ഓരോ പ്രദേശത്തും നിലനിൽക്കുന്ന ആചാരമനുസരിച്ചു തീരുമാനിക്കാവുന്നതാണ്. നമ്മുടെ പതിവനുസരിച്ച് ഒരു സ്ത്രീയും ഒരു പുരുഷനുമാണ് തലതൊടുന്നവരായി നിശ്ചയിക്കപ്പെടുന്നത്.



ഇനി ചോദ്യത്തിന് നേരിട്ടുള്ള ഉത്തരത്തിലേക്കു വരാം. അകത്തോലിക്കനായ ഒരു വ്യക്തിക്ക് ഒരു കത്തോലിക്കാ വ്യക്തിയുടെ മാമോദീസയിൽ തലതൊടാൻ നിയമം അനുവദിക്കുന്നുണ്ടോ? ഉപാധികളോടെ അനുവദിക്കുന്നുണ്ട് എന്നതാണ് ഉത്തരം. ഈ വിഷയത്തിൽ പൗരസ്ത്യ കാനൻ നിയമവും ലത്തീൻ കാനൻ നിയമവും തമ്മിൽ അല്പം വ്യത്യാസമുണ്ട്.

CCEO c. 685 §3 പ്രകാരം i) അകത്തോലിക്കനായ വ്യക്തിയെ തലതൊടുന്നതിനായി തിരഞ്ഞെടുക്കുന്നതിന് കുഞ്ഞിന്റെ മാതാപിതാക്കൾക്ക് ന്യായീകരിക്കാവുന്ന കാരണങ്ങൾ ഉണ്ടായിരിക്കണം (ബന്ധം, കുടുംബ സുഹൃത്ത് തുടങ്ങിയവ). ii) പൗരസ്ത്യ അകത്തോലിക്കാസഭകളിൽപെട്ടവർക്കു മാത്രമേ തലതൊടുവാൻ സാധിക്കുകയുള്ളൂ. iii) ഇങ്ങനെയുള്ള സഭയിൽപെട്ട വ്യക്തി തനിയെ തലതൊടുവാൻ നിയമം അനുവദിക്കുന്നില്ല. iv) മറ്റൊരു കത്തോലിക്കാ വിശ്വാസിയുടെകൂടെ മാത്രമേ പൗരസ്ത്യസഭാവിഭാഗത്തിൽപ്പെട്ട അകത്തോലിക്കരെ തലതൊട്ടപ്പനോ തലതൊട്ടമ്മയോ ആയി ചുമതലപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

ഈ കാനൻ പ്രകാരം പൗരസ്ത്യ കത്തോലിക്കാസഭയിലെ ഒരു കുഞ്ഞിന്റെ മാമോദീസയിൽ തലതൊടുന്ന ദൗത്യം ഏറ്റെടുക്കാൻ ഭാരതത്തിൽ യാക്കോബായ സഭ, ഓർത്തഡോക്സ് സഭ, കിഴക്കിന്റെ സഭകൾ (ദി അസീറിയൻ ചർച് ഓഫ് ദി ഈസ്റ്റ്), മാർത്തോമാസഭ, മലബാർ സ്വതന്ത്ര സുറിയാനിസഭ എന്നീ പൗരസ്ത്യ അകത്തോലിക്കാസഭകളിൽപെട്ടവരെ മാത്രമേ സഭാനിയമം അനുവദിക്കുന്നുള്ളൂ. സ്വാഭാവികമായും ഈ സഭകളിൽനിന്നുള്ളവർ തലതൊടുന്നതിനായി വരുമ്പോൾ അവരുടെ വികാരിയുടെ കത്തു കൊണ്ടുവരേണ്ടതാണ്.

ലത്തീൻ കാനൻ നിയമം (c. 872 §2) പ്രകാരം ഏതു അകത്തോലിക്കാ സഭാസമൂഹത്തിൽപെട്ട വ്യക്തിക്കും മാമോദിസയിൽ പങ്കെടുക്കാം. അകത്തോലിക്കാ പൗരസ്ത്യസഭാംഗം ആയിരിക്കണമെന്നില്ല. അകത്തോലിക്കനായ വ്യക്തിയെ ഇപ്രകാരം നിയോഗിക്കുന്നതിനു പ്രത്യേക കാരണം കാണിക്കേണ്ട ആവശ്യം ഇല്ല. ഒരു കത്തോലിക്കാ വ്യക്തി കൂടെ ഉണ്ടായിരിക്കണം എന്നതു നിർബന്ധമാണ്. എന്നാൽ അകത്തോലിക്കാ വ്യക്തിയുടെ ദൗത്യം ഒരു സാക്ഷി എന്ന നിലയിൽ മാത്രമായിരിക്കും, തല തൊടുന്ന വ്യക്തി എന്ന നിലയിൽ ആയിരിക്കില്ല.

മാമോദീസായിലൂടെ ലഭിക്കുന്ന ദൈവകൃപയെ വളർത്താനും വർധിപ്പിക്കാനും മാമോദീസ സ്വീകരിക്കുന്ന വ്യക്തിയെ സഹായിക്കാനുള്ള ഗൗരവകരമായ ദൗത്യമാണ് തലതൊടുന്നവരുടേത്. തലതൊടുന്നവരെ തിരഞ്ഞെടുക്കുമ്പോൾ മാതാപിതാക്കൾ ശ്രദ്ധയുള്ളവരായിരിക്കണം. മാമോദിസ സ്വീകരിച്ച വ്യക്തിയുടെ വിശ്വാസജീവിതത്തിൽ തലതൊടുന്നവരുടെ പങ്കു മനസ്സിലാക്കുമ്പോൾ അനുയോജ്യരായ വ്യക്തികളെ കണ്ടെത്താൻ സാധിക്കും. സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും അംഗീകാരവും ചടങ്ങിൽ പങ്കാളിത്തവും കൊടുക്കുന്നതിനുവേണ്ടി തലതൊടുന്നവരുടെ സ്ഥാനത്തെ കുറച്ചുകാണാതിരിക്കാൻ സവിശേഷമായ ശ്രദ്ധയുണ്ടാകണം.

ഉപകാരസ്മരണ



റോബിൻ, പാറോപ്പടി

ഉപകാരസ്മരണ



ഒരു വിശ്വാസി, കല്ലാനോട്

ഉപകാരസ്മരണ



ഗ്രേസി കിഴക്കേക്കര, വിലങ്ങാട്

ഉപകാരസ്മരണ



ഒരു വിശ്വാസി, പടത്തുകടവ്

# കുഞ്ഞുമാലാഖ കഥ പറയുമ്പോൾ

സിസ്റ്റർ ടെൽന SABS

ഈശോയുടെ കുഞ്ഞുമക്കളെ, നിങ്ങൾ സ്കൂളിൽ ആരുടെ കൂടെയാ പോകുന്നത്? കൂട്ടുകാരുടെ കൂടെയാണല്ലേ. ഉണ്ണീശോയെ കൂട്ടുകാരനാക്കിയ ഒരു കൊച്ചുമിടുക്കന്റെ കഥയാണ് ഇന്ന് കുഞ്ഞുമാലാഖ പറയുന്നത്.



വിശുദ്ധ ഡൊമിനിക്ക് സാവിയോ കൊച്ചുകുട്ടിയായിരുന്നപ്പോൾ അവന് ആരോഗ്യം തീരെ കുറവായിരുന്നു. ഒരു പാട് ദൂരം നടക്കണം അവന് സ്കൂളിൽ പോകാൻ. ഒരു ദിവസം ഉച്ചക്ക് രണ്ടു മണിസമയം നല്ല ചൂടുള്ള ദിവസം. അവൻ തനിച്ച് നടക്കുമ്പോൾ ഒരു മനുഷ്യൻ അവനെ സമീപിച്ച് ചോദിച്ചു. "കുഞ്ഞേ, ഇങ്ങനെ തനിയെ നടക്കുന്നതിന് നിനക്ക് ഭയമില്ലേ?" ഉടനെ അവൻ പുഞ്ചിരിയോടെ മറുപടി നൽകി. ഞാൻ തനിച്ചല്ല സാർ, എന്റെ കാവൽ ദൂതനും കൂടെയുണ്ട്. ഉടൻ അദ്ദേഹം പറഞ്ഞു. കൊള്ളാം എങ്കിലും എല്ലാ ദിവസവും പല പ്രാവശ്യം ഇങ്ങനെ നടക്കുന്നത് വളരെ പ്രയാസമുള്ള കാര്യമല്ലേ? അവൻ പറഞ്ഞു; "ഓ അല്ല, നല്ല പ്രതിഫലം തരുന്ന ഒരു യജമാനനുവേണ്ടി വേല ചെയ്യുമ്പോൾ ഒന്നും പ്രയാസമുള്ളതല്ല." അപ്പോൾ അദ്ദേഹം ചോദിച്ചു, "ആരാണു കുഞ്ഞേ ആ യജമാനൻ?" "അതറിയില്ലേ, നമ്മുടെ നല്ല ദൈവം തന്നെ" വളരെ സന്തോഷത്തോടെ അവൻ മറുപടി നൽകി. സ്കൂളിലേക്ക് പോകും വഴി ഉണ്ണീശോയെയും കാവൽമാലാഖയേയും പരിശുദ്ധ അമ്മയെയും കൂട്ടിനു വിളിച്ചുകൊണ്ട് അവരുടെ കൂടെ കൊച്ചു കൊച്ചു സംഭാഷണങ്ങളിൽ ഏർപ്പെട്ടുകൊണ്ടു പോകുമായിരുന്ന നമ്മുടെ കൊച്ചു ഡൊമിനിക്ക്. കൂട്ടുകാരെ നമുക്കും ഇവരെ കൂട്ടുപിടിച്ചാലോ? ഉണ്ണീശോയോടും കാവൽമാലാഖയോടും സംസാരിക്കാറുണ്ടോ? ഇല്ലെങ്കിൽ ഇന്നു മുതൽ ആരംഭിക്കണം കേട്ടോ, എല്ലാ കാര്യങ്ങളും അവരോടൊന്ന് പറഞ്ഞു തുടങ്ങാം, ഒരു കൂട്ടുകാരനോട് പറയുന്നത് പോലെ. അങ്ങനെ ഈശോയുടെ കൂടെ നടക്കുമ്പോഴാണ് ഒരു പുരോഹിതൻ രോഗികൾക്കായി ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊണ്ടു പോകുന്നത് നമ്മുടെ കൊച്ചു ഡൊമിനിക്ക് കണ്ടത്. ഉടനെ അവൻ എന്തു ചെയ്തെന്നോ? റോഡിന്റെ സൈഡിൽ മുട്ടുകുത്തി. അവന്റെ വസ്ത്രത്തിൽ ഇത്തിരി ചെളി പുരണ്ടു. ഇതുകണ്ട് അവന്റെ സുഹൃത്ത് അവനോട് പറഞ്ഞു. നീ ഇങ്ങനെ മുട്ടുകുത്തി വസ്ത്രത്തിൽ ചെളിപുരളാൻ ഇടയാക്കേണ്ടതില്ല. ദൈവം അത് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നില്ല; ഉടൻ ഡൊമിനിക്ക് പറഞ്ഞു; കാൽമുട്ടും വസ്ത്രവും നൽകിയത് ദൈവമല്ലേ. അവിടുത്തെ മഹത്വത്തിനും ശുശ്രൂഷയ്ക്കുമായി അവയെ ഉപയോഗിക്കേണ്ടതല്ലയോ? ഈശോ കടന്നുപോകുമ്പോൾ അവിടുത്തേക്ക് മഹത്വം നൽകാനായി എന്നെ ചെളിക്കുണ്ടിലേക്ക് എറിഞ്ഞാലെന്ത്? എന്നെ ഒരു തീച്ചൂളയിലേക്ക് എറിഞ്ഞാൽ, ഈ ദിവ്യകൂദാശയിൽ അവിടുന്ന് പ്രകടിപ്പിക്കുന്ന സ്നേഹത്തിന്റെ ഒരു തരി എനിക്കു കിട്ടുമെങ്കിൽ ഞാൻ അങ്ങനെ തന്നെ ചെയ്യും.

നോക്കൂ കൂട്ടുകാരേ, ഈശോയോടുള്ള സ്നേഹത്തെപ്രതി എന്തും ചെയ്യാൻ തയ്യാറാകുന്ന വി.ഡൊമിനിക് സാവിയോ. നമുക്കും ഇതുപോലെ ഈശോയെ സ്നേഹിക്കാം അല്ലേ? അതിന് എന്തുചെയ്യണം? ഈശോയുടെ കൂടെ നടക്കണം.



വിശുദ്ധ ഡൊമിനിക്ക് സാവിയോ

**ഒന്നു ചിന്തിക്കാം?**

1. ഇന്ന് കുഞ്ഞുമാലാഖ ആരുടെ കഥയാണ് പറഞ്ഞത്?

2. വിശുദ്ധന്റെ ജീവിതം നമുക്കു പറഞ്ഞു തന്ന രണ്ടു കാര്യങ്ങൾ എന്തൊക്കെയാണ്?

# ക്വിസ് കോർണർ 2023

## 2023 മാർച്ച് – ഏപ്രിൽ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. NEET –ന്റെ പൂർണ്ണ രൂപം എന്ത്?
2. മൗനം വാചാലം എന്ന കവിതാ സമാഹാരത്തിന്റെ രചയിതാവ് ആര്?
3. സിറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ ചാൻസലറായി നിയമിതനായ താമരശ്ശേരി രൂപതാ വൈദികൻ ആര്?
4. താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന തിരുശേഷിപ്പ് പ്രയാണത്തിന്റെ പേര് എന്ത്?
5. 'മെൻസാ ക്രിസ്റ്റി' എന്ന വാക്കിന്റെ അർത്ഥം എന്ത്?
6. തിബേരിയാസ് പട്ടണം പണി കഴിപ്പിച്ചതാര്?
7. തപസുകാല അനുതാപത്തിന്റെയും സിനഡാത്മക സഞ്ചാരത്തിന്റെയും ഏക ലക്ഷ്യം എന്താണ്?
8. നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത് എന്നു പറഞ്ഞ പ്രവാചകൻ ആര്?
9. ഫാ. മെൽവിൻ പള്ളിത്താഴത്ത് മരണമടഞ്ഞത് ഏതു ദുരന്തര സ്ഥലം സന്ദർശിച്ച് മടങ്ങുമ്പോഴാണ്?
10. 'പത്രോസിന്റെ മീൻ' എന്ന് അറിയപ്പെടുന്ന മത്സ്യം ഏത്?

**ഉത്തരങ്ങൾ 2023 ഏപ്രിൽ 30 ന് മുമ്പ് ലഭിക്കണം**

*ജനുവരി – ഫെബ്രുവരി ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**ക്രിസ്റ്റി ജോയി**
പുതിയിടത്തുചാലിൽ, മരഞ്ചാട്ടി

● രണ്ടാം സമ്മാനം, 500 രൂപ
**ധന്യ ജോസഫ്**
ചേന്നാട്ട്, വാളൂക്ക്

● മൂന്നാം സമ്മാനം, 250 രൂപ
**വിനീത ബെന്നി**
കാവിപൂവുത്തിങ്കൽ, കക്കയം

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## ജനുവരി – ഫെബ്രുവരി ലക്കം ഉത്തരങ്ങൾ

1. ഒന്നിച്ചുള്ള മുന്നേറ്റം 2. സോക്രട്ടീസ് 3. സത്യമെന്ന മൂർച്ചയുള്ള ആയുധം 4. ബി വാഷ് 5. ബെനഡിക്ട് പാപ്പ വേഗം വിശുദ്ധനാകട്ടെ 6. സഭയുടെ ഓർമ്മകൾ 7. ഡോ. അംബേദ്ക്കർ 8. 35.5 9. സെപ്റ്റംബർ 24 10. ജവഹർ നവോദയ

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..............................

വീട്ടുപേര്: ..............................

ഇടവക: ..............................

ഫോൺ: ..............................

# ക്രിസ്ത്യാനികൾക്കെതിരെ അതിക്രമങ്ങൾ വർധിക്കുന്നുവോ?

**രാജ്യത്തിന്റെ മതേതര സ്വഭാവം സംരക്ഷിക്കുക, ഓരോ പൗരനെയും സംരക്ഷിക്കുക, മതം നോക്കാതെ അവന്റെ അല്ലെങ്കിൽ അവളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുക എന്നിവ ഭരണകൂടത്തിന്റെ കടമയാണ്. എന്നാൽ മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിൽ നമ്മുടെ രാജ്യം പരാജയപ്പെടുന്നുണ്ടോ എന്ന ആശങ്ക ശക്തമാണ്**



## ചിന്തയും ചർച്ചയും

ഡോ. ബിനു മാത്യു കുളത്തിങ്കൽ
(ഡയറക്ടർ, കുടുംബകൂട്ടായ്മ)

ക്രിസ്ത്യാനികൾ വിവിധ തരത്തിലുള്ള പീഡനങ്ങളും വെല്ലുവിളികളും നേരിടുന്ന വാർത്തകൾ അനുദിനം ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ നാം കാണുകയും വായിച്ചറിയുകയും ചെയ്യുന്നു. ക്രൈസ്തവർക്കെതിരെ വർധിച്ചുവരുന്ന ഇത്തരം സംഭവങ്ങളെക്കുറിച്ചും, അവർക്ക് ഭരണാധികാരികളിൽ നിന്നും, നിയമത്തിൽ നിന്നും ലഭിക്കേണ്ട തുല്യവും പക്ഷപാതരഹിതവുമായ പരിഗണനയെ കുറിച്ചുമാണ് ആണ് ഈ മാസത്തെ കുടുംബ കൂട്ടായ്മകളിൽ നാം ചർച്ച ചെയ്യുന്നത്.

വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, തീവ്ര മതസംഘടനകളും, പൊതുജനങ്ങൾക്കിടയിലെ ചില കൊള്ളരുതാത്തവരും, രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളെ പ്രസംഗത്തിലൂടെയും ക്രിമിനൽ നടപടികളിലൂടെയും തുടർച്ചയായി ഉപദ്രവിക്കുന്നതിൽ ന്യൂനപക്ഷ വിഭാഗങ്ങൾ വളരെ അസ്വസ്ഥരാണ്. എല്ലാ ന്യൂനപക്ഷങ്ങൾക്കുമെതിരായ വിദ്വേഷ കുറ്റകൃത്യങ്ങളെയും പ്രസംഗങ്ങളെയും കുറിച്ച് ആശങ്കാകുലരായിരിക്കുമ്പോഴും, ഒരു ചെറിയ മത ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കെതിരെ ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന മോശമായ വാക്കുകളെയും പ്രവർത്തനങ്ങളെയും കുറിച്ച് പ്രത്യകം പരാമർശിക്കാതിരിക്കാൻ കഴിയില്ല. മതം നോക്കാതെ എല്ലാ പൗരന്മാരും തുല്യാവകാശങ്ങളുമുള്ളവരാണെന്ന് നമ്മുടെ ഭരണഘടന വ്യക്തമായി പ്രതിപാദിക്കുന്നു. എന്നാൽ അടുത്ത കാലത്തായി ക്രിസ്ത്യാനികൾക്കെതിരായി വർധിച്ചുവരുന്ന വിവേചന സംഭവങ്ങൾ ഭരണഘടനാപരമായ അവരുടെ അവകാശങ്ങളെ ഹനിക്കുന്നു.

ഇന്ത്യയിലെ ജനസംഖ്യയുടെ 2.3 ശതമാനമാണ് ക്രിസ്ത്യാനികൾ. 1951 ലെ സെൻസസ് മുതൽ ഈ ശതമാനം വലിയ വ്യത്യാസമില്ലാതെ തുടരുന്നു. എന്നിട്ടും ചിലരുടെ മനസ്സിൽ ഈ ചെറിയ സംഖ്യ ഭീഷണി ഉയർത്തുന്നു! ക്രിസ്ത്യാനികൾക്കെതിരായ പ്രധാന ആരോപണം നിർബന്ധിത മതപരിവർത്തനമാണ്. ഈ ആരോപണം കാരണം, ക്രിസ്ത്യാനികൾ അവരുടെ വ്യക്തികൾക്കും അവരുടെ സ്ഥാപനങ്ങൾക്കും എതിരായ വാക്കാലുള്ളതും ശാരീരികവും മാനസികവുമായ ആക്രമണങ്ങൾക്ക് വിധേയരായികൊണ്ടിരിക്കുന്നു. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നത് തങ്ങളെത്തന്നെ വളർത്തുമെന്ന് വിചാരിക്കുന്ന വ്യക്തികളും, പ്രസ്ഥാനങ്ങളും നമുക്കിടയിൽ ഉണ്ടെന്നത് നിർഭാഗ്യകരമായ വസ്തുതയാണ്.

നമ്മുടെ രാജ്യം കെട്ടിപ്പടുക്കുന്നതിൽ ക്രിസ്ത്യാനികളുടെ പങ്ക് വളരെ വലുതാണ് എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. സിവിൽ സർവീസുകളിലും സായുധ സേനകളിലും ക്രിസ്ത്യാനികളുടെ പങ്കാളിത്തവും നേതൃത്വവും സമൂഹത്തിന്റെ ദേശീയ പ്രതിബദ്ധതയുടെ സാക്ഷ്യമാണ്. ഇതുകൂടാതെ, ഇന്ത്യയിലെ ക്രിസ്ത്യാനികൾ പ്രത്യേകിച്ചും മൂന്ന് കാര്യങ്ങളിൽ സജീവമാണ്: വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക പരിഷ്കരണം. ഇവ വിദൂരവും അപ്രാപ്യവുമായ പ്രദേശങ്ങളിലേക്കും ഏറ്റവും പിന്നാക്ക വിഭാഗങ്ങളിലേക്കും ദലിതുകളിലേക്കും ആദിവാസികളിലേക്കും ഇവർ എത്തിക്കുന്നു. ഇതിന്റെ ഗുണഭോക്താക്കൾ എല്ലാ മതങ്ങളിൽ നിന്നുമുള്ളവരാണ്. അച്ചടക്കം, ത്യാഗം, സേവനം തുടങ്ങിയ മൂല്യങ്ങൾ ക്രിസ്ത്യൻ സ്ഥാപനങ്ങളുടെ മുഖമുദ്രയാണ്. സമീപകാല പകർച്ച വ്യാധിയുടെ സമയത്ത് ആയിരത്തിലധികം ക്രിസ്ത്യൻ ആശുപത്രികൾ രോഗികളുടെ ചികിത്സയ്ക്കായി എളുപ്പത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടു. ഒരു ക്രിസ്ത്യൻ സ്ഥാപനവും – വിദ്യാഭ്യാസമോ ആരോഗ്യവുമായി ബന്ധപ്പെട്ടതോ ആകട്ടെ– അതിന്റെ ആനുകൂല്യങ്ങൾ ക്രിസ്ത്യാനികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നില്ല. കൂടാതെ ഇന്ത്യയിലെ നഴ്സുമാരിൽ 30 ശതമാനവും ക്രിസ്ത്യാനികളാണ്.

ക്രിസ്ത്യാനികൾ എല്ലാ മേഖലകളിലും അവരുടെ സംഭാവനകൾ ഭാരതത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇന്ന് ഈ സ്ഥാപനങ്ങളും സേവനങ്ങളും മതപരിവർത്തനത്തിനുള്ള ഉപകരണങ്ങളായി അവർ ഉപയോഗിക്കുന്നതായി ആരോപിക്കപ്പെടുന്നു. ഇവിടെ ഒരു ചോദ്യം ഉയരുന്നു – ഇത്രയും വലിയ തോതിലുള്ള മതപരിവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ, എന്തുകൊണ്ടാണ് ക്രിസ്ത്യാനികളുടെ ശതമാനം ഇത്രയധികം ദശാബ്ദങ്ങളായി നിശ്ചലമായി തുടരുന്നത്?




ഇതൊക്കെയാണെങ്കിലും, സമീപ വർഷങ്ങളിൽ ക്രിസ്ത്യൻ സമൂഹം നിരവധിയായ ശാരീരിക അതിക്രമങ്ങൾക്ക് ഇരയായി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യാനികൾക്കെതിരെയുള്ള അക്രമങ്ങൾ അടുത്ത കാലത്തായി വർദ്ധിച്ചു വരുന്നതും ആശങ്കാജനകമാണ്. ജെസ്യൂട്ട് പുരോഹിതനായ ഫാദർ സ്റ്റാൻ സ്വാമി ജാർഖണ്ഡിലെ ആദിവാസികൾ, ദലിതുകൾ, മറ്റ് അധഃസ്ഥിത ജനവിഭാഗങ്ങൾ എന്നിവരുമായി അടുത്ത് പ്രവർത്തിച്ചു എന്നതൊഴിച്ചാൽ ഒരു തെറ്റും ചെയ്യാത്ത അദ്ദേഹത്തെ മരണത്തിലേക്ക് നയിച്ചത് ഈ നാടിന്റെ കൊടും ക്രൂരതയാണ്. ആദിവാസി-ദലിത് ക്രിസ്ത്യാനികളുടെ പള്ളികളും വീടുകളും നശിപ്പിക്കപ്പെട്ടു, ശ്മശാനങ്ങൾ നശിപ്പിക്കപ്പെട്ടു, വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ ആക്രമിക്കപ്പെട്ടു, പ്രാർത്ഥനാ സമ്മേളനങ്ങളെ ഭയപ്പെടുത്തി. ഛത്തീസ്ഗഡ്, അസം, യുപി, മധ്യപ്രദേശ്, ഒഡീഷ, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിലാണ് ഈ ആക്രമണങ്ങൾ പ്രധാനമായും നടന്നത്. യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ കണക്കനുസരിച്ച്, ക്രിസ്ത്യാനികൾക്കെതിരായ ആക്രമണങ്ങൾ 2020-ൽ 279 ആയിരുന്നത് 2021-ൽ 505 ആയും 2022-ൽ (ഒക്ടോബർ വരെ) 511 ആയും വർദ്ധിച്ചു.

ഈ സമീപകാല ആക്രമണങ്ങളിൽ ചിലത് പ്രത്യേകിച്ച് വേദനാജനകമാണ്. 2022 ഓഗസ്റ്റിൽ, ചില മത തീവ്രവാദ ഗ്രൂപ്പുകളുടെ സ്വാധീനത്തിൽ, ആയിരത്തിലധികം ഗോത്രവർഗ ക്രിസ്ത്യാനികൾ ഛത്തീസ്ഗഡിലെ നാരായൺപൂരിലെയും കൊണ്ടഗാവിലെയും ഗ്രാമങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടു. കാരണം അവർ ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കാൻ വിസമ്മതിച്ചു എന്നുള്ളതാണ്. വീണ്ടും, 2023 ജനുവരി 2 ന്, ഛത്തീസ്ഗഡിലെ നാരായൺപൂർ ജില്ലയിലെ ഒരു പള്ളിയിലേക്ക് അമ്പത് പേരടങ്ങുന്ന ജനക്കൂട്ടം അതിക്രമിച്ച് കയറി അത് നശിപ്പിച്ചു. പ്രശ്നം നിയന്ത്രിക്കാൻ ശ്രമിച്ച എസ്പിയെയും മറ്റ് പോലീസ് ഉദ്യോഗസ്ഥരെയും പോലും ആക്രമിച്ചു. 2023 ജനുവരിയിൽ, വീണ്ടും, ഒരു തീവ്രവാദ സംഘടനയോട് കൂറ് ഉറപ്പിച്ച നാൽപ്പത് ഗുണ്ടകൾ, ഗുജറാത്തിൽ നിന്ന് ബെലഗാവിയിലേക്ക് യാത്ര ചെയ്ത ഒരു കത്തോലിക്കാ സ്കൂളിലെ അധ്യാപകരെ മതപരിവർത്തന കുറ്റം ആരോപിച്ചു പീഡിപ്പിച്ചു. ഈ കാലയളവിൽ തന്നെ ന്യൂഡൽഹിയിലെ ജന്തർ മന്തറിൽ നടന്ന ഒരു സമ്മേളനത്തിൽ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും കശാപ്പ് ചെയ്യാൻ ഒരു നേതാവ് പരിഹാസത്തോടെ സദസ്സിനെ ഉദ്ബോധിപ്പിച്ചു. ഇതെല്ലാം അവഗണിച്ചുകൊണ്ട്, ക്രിസ്ത്യാനികൾക്കെതിരെ വിദ്വേഷം വിതറുന്ന വ്യക്തികളെ ഉയർന്ന പദവികളിൽ, ജുഡീഷ്യറിയിൽ പോലും നിയമിച്ചിരിക്കുന്നു!

ഇന്ന് ക്രിസ്ത്യാനികൾ കൂടുതലായി നിലനിൽക്കുന്ന പല രാജ്യങ്ങളിലും അത് അവതരിപ്പിക്കപ്പെടുന്നതിന് വളരെ മുമ്പുതന്നെ, ബി. സി. ഒന്നാം നൂറ്റാണ്ട് മുതൽ നമ്മുടെ രാജ്യം ക്രിസ്തുമതത്തിന്റെ ഭവനമാണ്. എന്നിരുന്നാലും, ഇന്ന് ക്രിസ്ത്യാനികളും വാസ്തവത്തിൽ എല്ലാ ന്യൂനപക്ഷങ്ങളും സ്വന്തം രാജ്യത്ത് അപരിചിതരും സ്വന്തം വിശ്വാസങ്ങളെ പിന്തുടരുന്നതിൽ കുറ്റബോധവും അനുഭവിക്കുന്നു.

നമ്മുടെ രാജ്യത്തിന്റെ മതേതര സ്വഭാവം സംരക്ഷിക്കുക, ഓരോ പൗരനെയും സംരക്ഷിക്കുക, മതം നോക്കാതെ അവന്റെ അല്ലെങ്കിൽ അവളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുക എന്നിവ ഭരണകൂടത്തിന്റെ കടമയാണ്. എന്നാൽ മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിൽ നമ്മുടെ രാജ്യം പരാജയപ്പെടുന്നുണ്ടോ എന്ന ആശങ്ക മുകളിൽ പറഞ്ഞ സംഭവങ്ങൾ ജനിപ്പിക്കുന്നു. ഇത്തരം ന്യൂനപക്ഷ അക്രമ സംഭവങ്ങൾ നമ്മുടെ രാജ്യത്ത് ആവർത്തിക്കുന്നത് തടയണം. ക്രിസ്ത്യാനികളും, മറ്റെല്ലാ ന്യൂനപക്ഷങ്ങളും ഇന്ത്യയിലെ പൗരന്മാരാണെന്ന തുല്യത ബോധം ന്യൂനപക്ഷ സമൂഹ അംഗങ്ങൾക്ക് ഉറപ്പു വരുത്തണം.

ക്രിസ്ത്യൻ വിരുദ്ധതയിലേക്ക് ന്യൂനപക്ഷ വിദ്വേഷം ഇപ്പോൾ പ്രകടമായി നീങ്ങുന്നു. ഒരു ഘോരമായ കലാപത്തിലല്ല, മറിച്ച് പള്ളി നശീകരണം, പ്രതിമകൾ മലിനമാക്കൽ, ആരാധകരെ മർദ്ദിക്കൽ, മതപരിവർത്തനത്തിന്റെ പേരിലുള്ള അക്രമങ്ങൾ, വംശഹത്യയ്ക്കുള്ള പരസ്യ ആഹ്വാനങ്ങൾ, ക്രൈസ്തവരുടെ വിശുദ്ധമായ അടയാളങ്ങളെയും ഗ്രന്ഥങ്ങളെയും അപമാനിക്കൽ, ക്രൈസ്തവ സന്യാസത്തെയും പൗരോഹിത്യ ജീവിതത്തെയും പരസ്യമായ ആക്ഷേപിക്കുന്ന സിനിമകൾ – നാടകങ്ങൾ തുടങ്ങിയ വിവിധ കലാരൂപങ്ങൾ സൃഷ്ടിക്കൽ, സമൂഹമാധ്യമങ്ങളിലൂടെ ക്രൈസ്തവ വിരുദ്ധത വളർത്തൽ എന്നിങ്ങനെയുള്ള പ്രകോപനങ്ങളുടെ പരമ്പരകളും, വിവിധ മതപരിവർത്തന വിരുദ്ധ നിയമങ്ങളും ചേർന്ന് ക്രിസ്ത്യാനികളെ ഭയപ്പെടുത്തുകയും ഭീതിയുടെ അന്തരീക്ഷം സൃഷ്ടിക്കുകയും അവരെ പാർശ്വവത്കരിക്കുകയും ചെയ്യുന്നു.

എല്ലാ ഇന്ത്യക്കാരെയും പോലെ ക്രിസ്ത്യാനികൾക്കും ഭരണകൂട-നിയമ സംരക്ഷണവും തുല്യതയും പക്ഷപാത രഹിതവുമായ പെരുമാറ്റവും ഉറപ്പാക്കേണ്ടതുണ്ട്. അതിനായി ക്രിസ്ത്യാനികളോട് ചേർന്ന് സമൂഹത്തിലെ നാനാ ജാതി മതസ്ഥരായ പ്രബുദ്ധരായ ആളുകൾ ഭാരതത്തിന്റെ മുഖമുദ്രയായ മതേതരത്വവും, നാനാത്വത്തിലെ ഏകത്വവും സൂക്ഷിക്കുവാൻ പരിശ്രമിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ക്രൈസ്തവരായ നമുക്ക് ഈ പ്രതിസന്ധി കാലഘട്ടത്തിൽ നമ്മുടെ വിശ്വാസ ജീവിത സംരക്ഷണത്തിനായി ഒരുമിച്ച് പ്രവർത്തിക്കുകയും, ജാഗ്രതയോടെ വർത്തിക്കുകയും ചെയ്യാം.

*(ഈ കഴിഞ്ഞ മാർച്ച് 04, 2023 ന് വിവിധ മതങ്ങളിലുള്ള 93 പേർ അടങ്ങുന്ന ഒരു കൂട്ടം സിവിൽ സർവീസുകാർ ഒരുമിച്ചു തയ്യാറാക്കിയ ഒരു എഴുത്തിനെ ആധാരമാക്കിയാണ് ഈ ലേഖനം തയ്യാറക്കിയത്).*

### ചർച്ചയ്ക്കായുള്ള വിഷയങ്ങൾ

1. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ക്രിസ്ത്യാനികൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചു നമുക്ക് ശരിയായ അറിവ് ഉണ്ടോ? എപ്രകാരമാണ് നാം അതിനോട് പ്രതികരിക്കാറുള്ളത്?

2. ക്രൈസ്തവ വിശ്വാസത്തിനു വേണ്ടി ജീവിക്കാനും മരിക്കാനും നമുക്ക് ശരിയായ ബോധ്യവും ആഴമേറിയ പ്രതിബദ്ധതയുമുണ്ടോ? ഈ വിശ്വാസ സംരക്ഷണത്തിനു വേണ്ടി മാറിയ ഈ കാലഘട്ടത്തിൽ നാം സ്വീകരിക്കേണ്ട നിലപാടുകൾ എന്തെല്ലാം എന്ന് ചർച്ച ചെയ്യുക.

# നാളികേരത്തിൽ നിന്ന് നാറ്റ ഡി കോക്കോ



വീട്ടുകൃഷി
ജോസ് കെ. വയലിൽ

മൂല്യവർധിത ഉൽപന്നങ്ങളുടെ കാലമാണിത്. നാടൻ കാർഷിക വിളകളെ അൽപമൊരു പരിശ്രമത്തിലൂടെ പുതിയ ഉൽപന്നങ്ങഴാക്കി മാറ്റിയും ഏറെക്കാലം സൂക്ഷിക്കാനും അതുവഴി ക്ഷാമകാലത്ത് ഉപയോഗിക്കാൻ സാധിക്കുംവിധം കാത്തു വയ്ക്കാനും പറ്റുന്നത് നല്ല വില കിട്ടാനും വിളകളെ നശിച്ചു പോകാതെ ഉപയുക്തമാക്കാനും സഹായിക്കും. ഏറെ സുലഭമായ കേരളത്തിന്റെ സ്വന്തം നാളികേരത്തെ ഇത്തരത്തിൽ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്ന സംവിധാനങ്ങളും ഫോർമുലകളും ഇന്ന് ലഭ്യമാണ്.

നാളികേര കർഷകർക്കു പരീക്ഷിക്കാവുന്ന ഒരു മൂല്യവർധിത ഉൽപന്നമാണ് നാറ്റ ഡി കോക്കോ. തേങ്ങാവെള്ളത്തിൽ നിന്നോ കൊഴുപ്പു നീക്കം ചെയ്ത തേങ്ങാപ്പാലിൽ നിന്നോ നിർമിക്കാവുന്ന ജെല്ലി പോലുള്ള ഭക്ഷ്യോൽപന്നമാണിത്. നാളികേര സംസ്കരണ മേഖലയിൽ പ്രധാന പങ്കുവഹിക്കുന്ന ഉൽപന്നങ്ങളിലൊന്ന്. ഫിലിപ്പീൻസ്, ഇന്തൊനീഷ്യ, തായ്‌ലാൻഡ് എന്നീ രാജ്യങ്ങളാണ് നാറ്റ ഉൽപാദനത്തിലും വൈവിധ്യവൽക്കരണത്തിലും മുന്നിട്ടു നിൽക്കുന്നത്. മൂല്യവർധന രംഗത്തു പ്രവർത്തിക്കുന്നവർ കൂടുതലും വിദേശത്തു നിന്നു നാറ്റ ഇറക്കുമതി ചെയ്യുകയാണ്.

സെല്ലുലോയ്ഡ് കണികകൾ ചങ്ങല പോലെ ബന്ധിപ്പിച്ചിരിക്കുന്ന തരത്തിൽ ഘടനയുള്ളതിനാൽ വെള്ളം ആഗിരണം ചെയ്യുന്നതിനുള്ള ശേഷിയും ദൃഢതയും നാറ്റയ്ക്ക് കൂടുതലാണ്. കാലറി കുറവായതിനാലും വൈറ്റമിനുകൾ ധാരാളമടങ്ങിയിട്ടുള്ളതിനാലും രോഗ പ്രതിരോധ ശേഷി വർധിപ്പിക്കുന്നു. കൂടാതെ നാരുകളാൽ സമ്പുഷ്ടമായതിനാൽ സുഗമമായ ദഹന പ്രക്രിയയ്ക്കും നാറ്റ ഉത്തമമാണ്.

● **ഉപയോഗം:** പഞ്ചസാര ലായനിയിൽ സംസ്കരിച്ച നാറ്റ ക്യാൻഡിയായോ ഡെസേർട്ടായോ ഉപയോഗിക്കാം. പാനീയങ്ങൾ, ഐസ്ക്രീം, പുഡിങ്, ഫ്രൂട്ട് മിക്സ് തുടങ്ങിയ ഭക്ഷണ പദാർഥങ്ങൾക്കൊപ്പവും ഉപയോഗിക്കാം.

ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന ത്രെഡ്, അകൂസ്റ്റിക് ബോർഡ് എന്നിവയിലും ലായക വാതക ശുചീകരണങ്ങളിൽ ഫിൽറ്റർ മെറ്റീരിയലായും, ജനറ്റിക് ടിഷ്യൂ കൾചർ മേഖലയിൽ കൾചർ മീഡിയം ആയും നാറ്റ ഉപയോഗപ്പെടുത്തുന്നുണ്ട്. ലെതർ ബാഗ്, ഷൂസ്, ബെൽറ്റ് തുടങ്ങിയവയിൽ ദൃഢത കൂട്ടുന്നതിനായും നാറ്റ ഉപയോഗിക്കാം. ജലാംശം നിലനിർത്താൻ കഴിവുള്ളതിനാൽ സൗന്ദര്യ വർധക മേഖലയിൽ ഫേസ് മാസ്ക് ആയി നാറ്റ ഉപയോഗിക്കുന്നുണ്ട്.

● **പരിശീലനം:** നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്തുള്ള സിടിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന സ്ഥാപനത്തിൽ തേങ്ങാവെള്ളത്തിൽ നിന്നും വിനാഗിരിയും നാറ്റ ഡി കൊക്കോയും നിർമിക്കുന്നതിനുള്ള പരിശീലനം ലഭ്യമാണ്.

ഫോൺ: 0484 2679680

## ചോക്കു നിറയെ വളം

● അടുത്ത കാലത്ത് കർഷകർക്കിടയിൽ ഏറെ ചർച്ചയാകുന്നത് കൃഷി രീതികളെ എങ്ങനെയൊക്കെ ലളിതമാക്കാം എന്നുള്ള കാര്യങ്ങളാണ്. യൂറിയയെ കുപ്പിയിലാക്കിക്കൊണ്ടു നടത്തിയ പരീക്ഷണം അത്തരത്തിലൊന്നായിരുന്നു. ഇപ്പോഴിതാ വളത്തെ കയ്യിലേറ്റി നടക്കാൻ പാകത്തിലുള്ള ചോക്കുകളാക്കി കൃഷിഗവേഷകർ രൂപപ്പെടുത്തിയിരിക്കുന്നു. ഒരു ചാക്കുവളം എന്നല്ല ഒരു ചോക്കു വളം എന്നാക്കി മാറ്റേണ്ടിയിരിക്കുന്നു എന്നർഥം. കാസർകോട് പടന്നക്കാട് കാർഷിക കോളജിലെ മണ്ണുഗവേഷണവിഭാഗം അധ്യാപകർ വിദ്യാർഥികളുടെയും ജീവനക്കാരുടെയും സഹായത്തോടെയാണ് വളച്ചോക്ക് വികസിപ്പിച്ചെടുത്തത്. ഒറ്റനോട്ടത്തിൽ സാധാരണ കളർച്ചോക്കാണെന്നേ തോന്നൂ. പരമാവധി ആറ് സെന്റീമീറ്ററാണു നീളം. ചെടിക്കാവശ്യമായ നൈട്രജൻ ഫോസ്ഫറസ്, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ഇരുമ്പ്, മാംഗനീസ്, ചെമ്പ്, ബോറോൺ എന്നിങ്ങനെ 11 മൂലകങ്ങളാണ് ചോക്കിലുള്ളത്. ഉപയോഗിക്കുവാനും സൂക്ഷിക്കാനും ഏളുപ്പമെന്നുമാത്രമല്ല, വിലയും കുറവാണു വളംകൊണ്ടുള്ള ഈ ചോക്കുകൾക്ക്. കവറിലും ചാക്കിലും വളം വാങ്ങി സൂക്ഷിക്കാൻ ബുദ്ധിമുട്ടുന്നവർക്കും പുതിയ രൂപം സഹായകമാണ്.

ചെറിയതോതിൽ വീട്ടുമുറ്റത്തും ഫ്ളാറ്റുകളിലുമൊക്കെ കൃഷി ചെയ്യുന്നവരെയാണ് ഇത് ലക്ഷ്യമിടുന്നത്. ചെടികൾക്കാവശ്യമായ പോഷണം അതതുസമയം ഉറപ്പാക്കുന്ന വളച്ചോക്കിന്റെ (ന്യൂട്രിഷ്യൻ സ്റ്റിക്) ഉപയോഗത്തിലൂടെ വിളവിലും വർധനയുണ്ടായതായാണ് ആദ്യഘട്ട വിലയിരുത്തൽ.

ചെടി നട്ട് വിളവെടുക്കുന്ന കാലയളവിലേക്ക് രണ്ട് ചോക്ക് വേണ്ടിവരുമെന്നാണ് കണക്ക്. ഗ്രോബാഗിൽ ചെടിനട്ടതിന്റെ തൊട്ടടുത്തദിവസം വേരിൽനിന്ന് അധികം അകലെയല്ലാതെ ഒന്നാമത്തെ ചോക്ക് കുഴിച്ചിടണം. അതിൽനിന്നു ആവശ്യത്തിനുള്ള മൂലകങ്ങൾ ചെടി വലിച്ചെടുക്കും. 30–35 ദിവസത്തിനുള്ളിൽ അടുത്ത ചോക്കും മണ്ണിൽ താഴ്ത്തി വയ്ക്കണം. സാധാരണ നനവു മതി. ഓരോ ഇനം പച്ചക്കറിക്കും ഒരോ ഇനം ചോക്കുണ്ട്. ഇപ്പോൾ ചീര, മുളക്, തക്കാളി, വെണ്ട, കോളിഫ്ളവർ, കാബേജ്, പാവൽ, പടവലം, വഴുതന തുടങ്ങി പത്തിലേറെ കൃഷിക്കുള്ള ചോക്ക് വികസിപ്പിച്ചിട്ടുണ്ട്. ഒന്നിന് മൂന്നു രൂപയാണു വില. വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലെത്തിയിട്ടില്ല. പുഷ്പകൃഷിക്കും ഫലവർഗകൃഷിക്കുമുള്ളവ പ്രത്യേകമായി തയാറായി വരുന്നതേയുള്ളൂ. ഫലവർഗത്തിനുള്ള ചോക്കിന് 7 സെന്റീമീറ്റർ നീളമുണ്ട്. വളച്ചോക്ക് ആവശ്യമുള്ളവർ ഫാം സ്റ്റോറിൽ മുൻകൂട്ടി റജിസ്റ്റർ ചെയ്യണം.

വിവരങ്ങൾക്ക്: **9995380561**

## മലബാർ വിഷൻ മാട്രിമോണിയൽ

### വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവാവ്, 30 വയസ്, 169 cm ഉയരം, പ്ലസ് ടു, ഐ. ടി. ഐ മെക്കാനിക്കൽ, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9747164005

### വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവാവ്, 28 വയസ്, 175 cm ഉയരം, MSW. UK യിൽ ജോലി. UK യിൽ ജോലിയുള്ള യുവതികൾക്ക് മുൻഗണന. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9995573012

### വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവാവ്, 31 വയസ്, 165 cm ഉയരം, പ്ലസ് ടു, ഐ. ടി. ഐ, ബെഹറൈനിൽ സ്റ്റോർ സൂപ്പർവൈസർ അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 8592024690

### വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവാവ്, 29 വയസ്, 170 cm ഉയരം, Plus Two, Diploma (Computer Printing) മസ്ക്കറ്റിൽ ജോലി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ:8281938864, 9656307906

### വധുവിനെ അന്വേഷിക്കുന്നു

തലശ്ശേരി അതിരൂപത RC യുവാവ് , അപ്പർ മിഡിൽ ക്ലാസ്സ് ഫാമിലി, 27 വയസ്, ഉയരം 185 cm, BE from BITS Pilani, (സീനിയർ മാനേജർ, ബിസിനസ് ഇന്റലിജൻസ്, ആക്സിസ് ബാങ്ക്, ബാംഗളൂർ.) അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9495457334

### വരനെ അന്വേഷിക്കുന്നു

താമരശ്ശേരി രൂപത RC യുവതി, 25 വയസ്, 157 cm ഉയരം. Bsc Nurse. UK യിൽ ഗവ. സർവീസിൽ ജോലി. UK യിൽ ജോലിയുള്ളവർക്ക് മുൻഗണന. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 0496 2966027, 9400486027

### വരനെ അന്വേഷിക്കുന്നു

RC യുവതി, 27 വയസ്, വെളുത്ത നിറം, 165 cm ഉയരം. MBA. യുഎഇയിൽ പ്രൈവറ്റ് കമ്പനി സൂപ്പർവൈസർ. യുഎഇയിലോ ഇന്ത്യയ്ക്കു പുറത്തോ ജോലിയുള്ള, 33 വയസ് കവിയാത്ത യുവാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. വാട്സാപ്പ്: 00971559134457

### വധുവിനെ അന്വേഷിക്കുന്നു

മാണ്ഡ്യ രൂപത RC യുവാവ്. 30 വയസ്, 177 cm ഉയരം. വെളുത്ത നിറം. ഓട്ടോ മൊബൈൽ എൻജിനീയറിങ് ഡിപ്ലോമ. ഓട്ടോ മൊബൈൽ മേഖലയിൽ ജോലി. ബാംഗ്ലൂരിൽ സ്ഥിരതാമസം. ജോലിയുള്ള യുവതികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 968616961‍1, 9341056186

### വിവാഹ പരസ്യങ്ങൾ നൽകാം...

മാട്രിമോണിയൽ കോളത്തിൽ പരസ്യം നൽകുന്നതിന് ഒരു ലക്കത്തിലേക്ക് 750 രൂപയും 2 ലക്കങ്ങളിലേക്ക് 1200 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങൾ 97 44 99 555 3 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയയ്ക്കുക




STUDY, WORK & SETTLE IN IRELAND
ഉപരിപഠനം ഇനി അയർലന്റിൽ

എന്തുകൊണ്ട് അയർലന്റ് ?
● ഔദ്യോഗിക ഭാഷ ഇംഗ്ലീഷ് ആയിട്ടുള്ള യുറോപ്പിലെ ഏക രാജ്യം
● മിതമാർന്ന ട്യൂഷൻ ഫീസിൽ ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസം
● മികച്ച ജീവിതരീതിയോടൊപ്പം ഉയർന്ന ജോലിസാധ്യതയും
● PR ലഭിക്കാൻ അനുയോജ്യമായ രാജ്യം
● മാസ്റ്റർ പഠനശേഷം 2 വർഷം സ്റ്റേ ബാക്ക്

എന്തുകൊണ്ട് Ed-Hoc ?
● അയർലന്റ് എഡ്യുക്കേഷൻ അവാർഡ് ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ കൺസൾട്ടൻസി
● അയർലന്റ് യൂണിവേഴ്സ്റ്റികളുടെയും കോളേജുകളുടെയും ഔദ്യോഗിക പ്രതിനിധി
● വിദ്യാർത്ഥികൾക്ക് തീർത്തും സൗജന്യ സർവീസ്
● പ്രവൃത്തി പരിചയമുള്ള കൗൺസിലർമാരുടെ സേവനം
● ഉയർന്ന വിസ സക്സസ്സ് റേറ്റ്

Ed-Hoc OVERSEAS EDUCATION
+91 9037027989
info@ed-hoc.com
Second Floor, 19/332H, OK Building, Koduvally, Kozhikode, Kerala, India, 673572

BRANCHES : IRELAND | KOZHIKODE | MALAPPURAM | THRISSUR | PALAKKAD | ERANAKULAM | CHENNAI | THIRUVANANTHAPURAM | TIRUR | WAYANAD




Garten Biblia - library | Garten Café
Garten Turf | Garten Park

In 2023, Success Garten starts all its language programmes in a grand style!

## Garten IELTS

### Garten IELTS Ruby
8 band club : Total 124 members
Garten IELTS Ruby club : Overall 8 band club with an envious individual split up of minimum 7 band!



Deepika Nambiar
Calicut, Overall-8
L-8.5, R-9, W-7, S-7

Abdul Rahiman Rameez
Mangalore, Overall-8
L-8, R-9, W-7, S-8

### Garten IELTS Sapphire
7.5 band club!
Garten IELTS Emerald club : Overall 7.5 band with an envious individual split up of minimum 7 band!



Aswin A. R.
Koyilandy, Overall-7.5
L-9, R-7.5, W-7, S-7

Sumayya
Palakkad, Overall-7.5
L-8.5, R-7.5, W-7, S-7

### Garten IELTS Emerald
7 band club!
Garten IELTS Emerald club : Overall 7 band with an envious individual split up of minimum 7 band!



Kenneth B. Thomas
Ahammadabad, Overall-7
L-7, R-7, W-7, S-7

### Garten IELTS Nurses
UK club :
Garten IELTS Emerald club : Overall 7 band with an envious individual split up of minimum 7 band!



Ann Mary Siby
Iritty, Overall-8
L-9, R-8.5, W-6.5, S-7

Sona Biju
Nilagiris, Overall-7
L-7, R-7, W-6.5, S-7

Akshay P.
Manjery, Overall-7.5
L-7.5, R-8, W-6.5, S-7

## Garten OET

### Perfect B Club



ASWATHI P.
Edavanna
L-B, R-B, W-B, S-B

Aswathy C.
Edavannapara
L-B, R-A, W-B, S-B

### UK Club



Aleena Maria Jose
Kodenchery
L-B, R-B, W-C+, S-B

Anjali Mariya Jose
Meenangady
L-B, R-B, W-C+, S-B

Amalda Biju
Koodathai
L-B, R-B, W-C+, S-B

### Ireland Club



Stephy Joseph
Thiruvambady
L-C+, R-B, W-B, S-B

Success Garten — Freedom Through Language

## An organisation par excellence!



Founder, Director cum Author
**Chintu M. Raju**
MFSc(CIFT), MBA(UGC-NET), MA English, PGDTM(XLRI), PGDTRM(IGNOU)

Completes 20 years of experience in designing training programmes and workshops in communicative English, IELTS, PTE and OET.



Author of the book
**My grammar: My passion,**
Level 1: Words

### Manifesto
Birth place : Thiruvambady
Birth year : 2010
Foundation day : April 23

### Success Garten motto of teaching
'When the teacher enjoys teaching, the students start learning'

### Vision statement
Success Garten believes that the true potential in a human being can be brought out by focussing on the communicative aspects in a language especially the one which is accepted globally, and by creating such an environment, all Success Gartens can experience an unparalleled linguistic journey which will be transformative regardless of gender, caste, culture, heritage and the place of origin.

**Language Brands**: Garten IELTS | Garten OET | Anglo Garten | Garten PTE | Garten Kids

## Upcoming training programmes

- From Garten IELTS :
  fresh IELTS batch on every Monday : Daily 10-4
- From Garten OET :
  fresh OET batch on every Tuesday : Daily 10 -4
- From Garten PTE :
  fresh PTE batch on every Monday : Daily 10-4
  Students can engage in language activities from 8.30 to 6.
- From Anglo Garten :
  fresh Communicative English batch on every 2 months & Pro English batch
- From Garten Kids :
  Vacation batch for children
  April 11 to 28; 9.30 to 12.30
  Batch 1 : children from 3rd std to 7th std
  Batch 2 : children from 8th std to +2

**Success Garten®**
13 Years of Linguistic Journey

Mathichiparambil Edifice,
Thiruvambady,
Calicut, Kerala.
Mob : 9447 814 774

idp | IELTS — PROUD CO-OWNER OF IELTS
CAMBRIDGE UNIVERSITY PRESS


Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil